# ഒരു ബുദ്ധിജീവിയും കുറെ അനുയായികളും



എസ്. കാച്ചപ്പിള്ളി

# ഒരു ബുദ്ധിജീവിയും കുറെ അനുയായികളും

കഥകൾ

എസ്. കാച്ചപ്പിള്ളി

വിതരണം
സംസ്കാര, നായരമ്പലം
കൊച്ചി - 682 509

വില : 30 രൂപ

മറ്റു കൃതികൾ

ഒറ്റമുറിവീട് - കഥകൾ

കേരള മോഡൽ പ്രതിസന്ധി - ലേഖനങ്ങൾ

Story – Malayalam

ഒരു ബുദ്ധിജീവിയും
കുറെ അനുയായികളും

Oru Budhijeevium Kure Anuyayikalum

Author : S. Kachappilly

Copyright by the Author

Publishers : Samskara, Nayarambalam
Kochi – 682 509

Published on : July, 2009

Distribution : Samskara, Nayarambalam
Kochi – 682 509

Printed at : Viani Printings, Kochi – 682 018

Price : Rs. 30.00

# ഉള്ളടക്കം

| | | |
|---|---|---|
| 1. | ഒരു ബുദ്ധിജീവിയും കുറെ അനുയായികളും | 5 |
| 2. | ബ്രോക്കർ കുമാരൻ | 9 |
| 3. | പ്ലാസ്റ്റിക് കൂടകൾക്കിടയിലെ പാവ | 15 |
| 4. | യൂദാസ്, യൂദാസ് മാത്രം | 19 |
| 5. | നാൽക്കാലികൾക്കിടയിലൊരു സ്വകാര്യവീട് | 24 |
| 6. | മകളെ നീയെന്നെ തോൽപ്പിച്ചു | 30 |
| 7. | വിനിമയനിരക്കുകളുടെ ലോകം | 33 |
| 8. | നീണാൾവാഴാനായിട്ടൊരു പ്രസിഡൻറ് | 37 |
| 9. | ഒരു വാലൻെറൻസ് പ്രണയത്തിൻെറ കഥ | 42 |
| 10. | തീർച്ചയായും വരണം, അടുത്തയാൾക്ക് വിണ്ടും കുളമാക്കാൻ | 46 |
| 11. | ഒരു സംഘടനാ നേതാവിൻെറ വലിപ്പം | 51 |
| 12. | പുതിയ താമസ സ്ഥലം | 57 |
| 13. | ദിശ മാറി വീശുന്ന കാറ്റ് | 62 |

# 1

# ഒരു ബുദ്ധിജീവിയും കുറെ അനുയായികളും

കൃഷ്ണസേനൻ ആലോചിക്കുകയായിരുന്നു. ഈയിടെയായി പ്രോഗ്രാമുകൾ കുറവാണ്. എവിടെയെങ്കിലും ഒരു പ്രസംഗമൊ ആശംസയൊ പറഞ്ഞാലെ തനിക്കു സംതൃപ്തിയും സന്തോഷവും ലഭിക്കുകയുള്ളൂ. ആഴ്ചയിൽ ഒന്നു തരപ്പെടാറുള്ളതാണ്. ഈയിടെയായി സ്ഥിരമായി വിളിക്കുന്നവർപോലും തന്നെ ഒഴിവാക്കുന്നതായി കൃഷ്ണസേനൻ കണക്കുകൂട്ടി. കൃഷ്ണസേനൻ ഡയറി പരിശോധിച്ചു ഉറപ്പുവരുത്തി. ഇന്നു പ്രോഗ്രാമുകൾ ഒന്നുമില്ലെന്ന് ഉറപ്പുവരുത്തി. കണ്ണട കയ്യിലെടുത്ത് വാച്ചിലേക്ക് ശ്രദ്ധിച്ചു നോക്കി. സമയം നാലു മണിയാകുന്നതെയുള്ളൂ. നാല് മുപ്പതിന് മണിക്കുട്ടൻ വരും. മണിക്കുട്ടൻ കൃഷ്ണസേനൻെറ സാരഥിയെന്നൊ പ്രൈവറ്റ് സെക്രട്ടറിയെന്നൊ പറയാം. മണിക്കുട്ടനുമൊത്തുള്ള നടപ്പ് പതിവുള്ളതാണ്. സദസ്സുകളൊന്നുമില്ലെങ്കിൽ കൃഷ്ണസേനന് മണിക്കുട്ടനുമൊത്തുള്ള നടപ്പ് പതിവുള്ളതാണ്.

മണിക്കുട്ടനോടു നാലുമണിക്കു വരാൻ പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. മണിക്കുട്ടൻ വരാമെന്നു പറയും. അത്രതന്നെ. നാലുമണിക്കു വന്നാൽ വരാന്തയിൽ കയറിയിരിക്കും. കൃഷ്ണസേനൻസാറിനെ കൃത്യമായി അറിയാവുന്നത് സാരഥിയും പ്രൈവറ്റ് സെക്രട്ടറിയുമായ മണിക്കുട്ടനുതന്നെയാണ്. നാല് മുപ്പതിനു നടത്തം എന്നു പറഞ്ഞ് കൃത്യം നാല് മുപ്പതിന് മണിക്കുട്ടൻ എത്താറുള്ളതാണെങ്കിലും ഒരിക്കലും നടത്തം സമയത്ത് തുടങ്ങിയിട്ടില്ല. അഞ്ചു മണിയായാൽ വാതിൽ തുറക്കുന്ന ശബ്ദവും ക്ലോക്കിലെ മണിയടി

ക്കുന്ന ശബ്ദവും ഒന്നിച്ചായിരിക്കും. അത്രയ്ക്കും കൃത്യനിഷ്ഠയുള്ള കൃഷ്ണസേനൻ എന്തിനാണ് ഈയിടെയായി നാലുമണിക്കു വരാൻ പറയുന്നതെന്നു മണിക്കുട്ടൻ ആലോചിച്ചു.

എത്രയെത്ര യോഗങ്ങളായിരുന്നു. കൃഷ്ണസേനൻ പങ്കെടുക്കുന്നുണ്ട് എന്നു കേട്ടാൽതന്നെ ആളുകൾക്ക് എന്തൊരു ഉത്സാഹമായിരുന്നു. നഗരത്തിൽ എവിടെയൊക്കെ ശിൽപശാലകൾ ഉണ്ടായിരുന്നൊ അവിടെയൊക്കെ കൃഷ്ണസേനൻെറ സാന്നിധ്യം നിറഞ്ഞുനിന്നിരുന്നു.

പൊതുയോഗങ്ങളിൽ പങ്കെടുക്കുന്നതിനായി കാറിൽ മാത്രമെ കൃഷ്ണസേനൻ പോകാറുള്ളൂ. സെക്രട്ടറിയേറ്റിൽ നിന്നു പിരിഞ്ഞപ്പോൾ ഏറ്റവും പുതിയ എ.സി. കാർ വാങ്ങിയതാണ്. കാറിൽനിന്നിറങ്ങി സ്റ്റേജിലേക്ക് ഒരു നടത്തമാണ്. ആളുകൾ എത്രയൊ ബഹുമാനത്തോടെ എഴുന്നേറ്റു നിൽക്കും. അപ്പോഴേക്കും സംഘാടകർ എത്തിയിരിക്കും. ഏതു സംഘടനകൾ വന്നു പ്രോഗ്രാം പറഞ്ഞാലും പിന്നീടറിയിക്കാമെന്നു മണിക്കുട്ടൻ പറയും. കൂട്ടത്തിൽ ചില നിബന്ധനകൾ പറയും. കൃഷ്ണസേനൻ സ്റ്റേജിലെത്തിയാൽ ഹാരാർപ്പണം നടത്താൻ മണിക്കുട്ടൻ നിർബന്ധിക്കാറുള്ളത് അത്തരം നിബന്ധനകളിലൊന്നായിരുന്നു. കൃഷ്ണസേനൻ ആവശ്യപ്പെട്ടിട്ടൊന്നുമല്ലായിരുന്നു മണിക്കുട്ടൻ അത്തരം നിബന്ധനകൾ വച്ചിരുന്നതും.

കൃഷ്ണസേനൻ സാറിനോടുള്ള ബഹുമാനസൂചകമായി ഹാരാർപ്പണം നടത്തുമ്പോൾ ഹാളിൽ എന്തൊ ഉൾപ്പുളകമുള്ളതായി മണിക്കുട്ടൻ മനസ്സിലാക്കി. പിന്നെ എല്ലാ യോഗങ്ങളിലും അക്കാര്യം നിർബന്ധം പിടിക്കാൻ തുടങ്ങി. സംഘാടകർക്ക് അക്കാര്യത്തിൽ എതിർപ്പൊന്നുമുണ്ടായിരുന്നില്ല. കൃഷ്ണസേനൻ എത്തുമെന്നു സമ്മതിക്കുന്നതുതന്നെ അവരുടെ ഭാഗ്യമായി കരുതി. ഹാരാർപ്പണം നടത്തുന്നതിൽ കൃഷ്ണസേനന് സന്തോഷമെ ഉണ്ടായിരുന്നുള്ളുതാനും. എന്നിരുന്നാലും മണിക്കുട്ടനെ പരിധിവിട്ട് അടുപ്പിക്കാതിരിക്കാൻ കൃഷ്ണസേനൻ ശ്രദ്ധിച്ചിരുന്നു.

കൃഷ്ണസേനൻ സെക്രട്ടറിയേറ്റിൽ നിയമവിഭാഗം വളരെ വിദഗ്ദമായി കൈകാര്യം ചെയ്തിരുന്നയാളാണ്. അ്യത് എല്ലാവർക്കും അറിയാവുന്നതിനാലാകണം കോടതി സംബന്ധമായ കാര്യങ്ങളിൽ കൃഷ്ണസേനൻ പറയുന്ന അഭിപ്രായത്തോട് എതിരഭിപ്രായമൊന്നുമുണ്ടായിരുന്നില്ല. സെക്രട്ടറിയേറ്റിൽ നിന്നും നിയമവിഭാഗം സെക്രട്ടറിയായി റിട്ടയർ ചെയ്യുമ്പോഴും പൊതുജനങ്ങളുമായി ഇത്തരമൊരു അഭിപ്രായ ഐക്യമുണ്ടാകുമെന്നു കൃഷ്ണസേനൻ കരുതിയിരുന്നതല്ല.

ആയിടയ്ക്കാണ് കൃഷ്ണസേനനെ ഏറെ പ്രശസ്തനാക്കിയ സംഭവം ഉണ്ടാ

യത്. വിവിധ സംഘടനകൾ കോടതിവിധിക്കെതിരെ ജനാഭിപ്രായം രൂപപ്പെടുത്തുന്ന യോഗങ്ങൾ സംഘടിപ്പിക്കുന്ന തിരക്കിലായിരുന്നു. ജനങ്ങളുടെ ഭാഗത്തുനിന്നും വർദ്ധിച്ച പിന്തുണ ലഭിച്ചതിനാലാകണം പത്രങ്ങളും മറ്റു മാധ്യമങ്ങളും കോടതി വിധിക്കെതിരെ തിരിഞ്ഞു. എങ്ങും നാലാളുകൾ കൂടുന്നിടത്തൊക്കെ കോടതിവിധി ചർച്ചാവിഷയമായി. വർദ്ധിച്ച ആരവങ്ങൾക്കിടയിൽ കൃഷ്ണസേനൻ കൂടുതൽ ദുർബലനായി. എന്താണു പറയുന്നതെന്നു കൃഷ്ണസേനനു നിശ്ചയമുണ്ടായിരുന്നില്ല. ആരവങ്ങളുടെ അംഗബലത്തിൽ കൂടുതൽ ദുർബലനായ കൃഷ്ണസേനൻ, കരഘോഷങ്ങൾക്കിടയിൽ പറഞ്ഞതൊന്നും അയാളുടെ വാക്കുകളായിരുന്നില്ല. അവ കേൾവിക്കാർക്കുവേണ്ടി, അവരുടെ ആഗ്രഹത്തിനൊത്ത്, ആവേശങ്ങൾക്കൊത്ത്, അവർ കേൾക്കാനാഗ്രഹിക്കുന്ന വാക്കുകളായിരുന്നു. സദസ്സാകെ കൃഷ്ണസേനനു വേണ്ടി കൈയ്യടി മുഴക്കി.

കൃഷ്ണസേനൻെറ പ്രസംഗം പ്രമുഖപത്രങ്ങളെല്ലാം വാർത്തയാക്കി. കൃഷ്ണസേനൻ കൂടുതൽ ശ്രദ്ധേയനായി. ജനങ്ങൾ കൂടുതൽ യോഗങ്ങളിലേക്ക് കൃഷ്ണസേനൻെറ വരവു പ്രതീക്ഷിച്ചു. കോടതിവിധിക്കെതിരായി കൃഷ്ണസേനൻെറ വാക്കുകൾ കേൾക്കാൻ ജനങ്ങൾ തടിച്ചുകൂടി. കൃഷ്ണസേനൻ കേൾവിക്കാരുടെ ആഗ്രഹത്തിനൊത്ത് കൂടുതൽ രൂക്ഷമായി സംസാരിച്ച് കൂടുതൽ ശ്രദ്ധേയനായിക്കൊണ്ടിരുന്നു.

തിരക്കിട്ട് യോഗങ്ങളിൽ മാറിമാറി പങ്കെടുക്കുമ്പോഴും ദേഹാസ്വാസ്ഥ്യം മറന്ന് വേദികളിൽ ഓടിയെത്താൻ കൃഷ്ണസേനൻ ശ്രദ്ധിച്ചു. ഡോക്ടർമാർ വിശ്രമം നിർദ്ദേശിക്കുമ്പോഴും മണിക്കുട്ടൻ ഓർമ്മപ്പെടുത്തുമ്പോഴും കൃഷ്ണസേനനെ ആരവങ്ങളും കയ്യടികളും യോഗവേദികളിലേക്ക് മാടിവിളിച്ചു. യോഗവേദികളിലേക്ക് മാറിമാറിയുള്ള ഓട്ടം കൃഷ്ണസേനനെ ശാരീരികമായി ദുർബലനാക്കി. ദേഹാസ്വാസ്ഥ്യംമൂലം യോഗങ്ങളിൽനിന്നും വിട്ടുനിൽക്കേണ്ടി വന്നു. പ്രായാധിക്യം മൂലമുള്ള രോഗങ്ങളും കൂടുതൽ ശക്തമായി.

കിടപ്പിലായ ആദ്യനാളുകളിൽ സന്ദർശകരുടെ പ്രവാഹമായിരുന്നു. മണിക്കുട്ടനു സന്ദർശകരെ നിയന്ത്രിക്കാൻ നന്നെ പ്രയാസപ്പെടേണ്ടി വന്നു. കൃഷ്ണസേനൻെറ ദേഹാസ്വാസ്ഥം പത്രതാളുകളിൽ വാർത്തയായി. ജനങ്ങൾ കൃഷ്ണസേനൻെറ ആരോഗ്യസ്ഥിതിയെപ്പറ്റി അറിയാൻ താൽപ്പര്യം കാണിച്ചു. മണിക്കുട്ടന് കൃഷ്ണസേനനോടു കൂടുതൽ ആദരവ് തോന്നി. കൃഷ്ണസേനൻെറ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധകൊടുക്കുവാൻ തുടങ്ങി. പത്രം വായിച്ചു കേൾപ്പിക്കുക, ആനുകാലിക സംഭവങ്ങളെപ്പറ്റി കൃഷ്ണസേനൻെറ അഭിപ്രായങ്ങൾ പത്രം ഓഫീസുകളിൽ എത്തിക്കുക, സമയാസമയങ്ങളിൽ മരുന്നു നൽകുക

---

തുടങ്ങി കൃഷ്ണസേനൻെറ വസ്ത്രങ്ങൾ തിരഞ്ഞെടുക്കുന്നതിൽ വരെ മണിക്കുട്ടൻ പ്രത്യേകം ശ്രദ്ധിച്ചു. പിന്നെ പിന്നെ സന്ദർശകരുടെ വരവു കുറഞ്ഞു. മണിക്കുട്ടൻ കൂടുതൽ സമയം കൃഷ്ണസേനനോടൊത്തു ചിലവഴിക്കാൻ തീരുമാനിച്ചു.

അയാൾ മണിക്കുട്ടൻെറ കരംപിടിച്ച് തേങ്ങി. ഒന്നും ശരിയായിരുന്നില്ല. ഞാൻ പറഞ്ഞത് ഒന്നും ശരിയായിരുന്നില്ല. വെറുതെ ജനത്തിനെ വെറുപ്പിക്കാതിരിക്കാൻ... ആരവങ്ങൾ എന്നെ ദുർബലനാക്കി... കോടതി... കോടതിയല്ലല്ലൊ നിയമങ്ങൾ സൃഷ്ടിക്കുന്നത്. കോടതിവിധികൾ തന്നെയായിരുന്നു ശരിക്കും ശരി.

അയാൾക്ക് ഒന്നു കരയണമെന്നുണ്ടായിരുന്നു. പോലീസിൻെറ വെടിയൊച്ചയും വിദ്യാർത്ഥികളുടെ മരണപ്പിടച്ചിലും അയാൾക്ക് നേരിട്ടു കാണാമായിരുന്നു.

---

എസ്. കാച്ചപ്പിള്ളി

# 2

# ബ്രോക്കർ കുമാരൻ

വളരെ ആലോചിച്ചിട്ടാണ് ബ്രോക്കർ കുമാരൻ എന്ന ബോർഡ് വയ്ക്കാൻ ഞാൻ തീരുമാനിച്ചത്. മുടക്കുമുതൽ ആവശ്യമില്ല. അത്ര ക്ലേശവും ആവശ്യമില്ല. വസ്ത്രത്തിലും ശരീരത്തിലും അഴുക്കാകാതെ ചെയ്യാൻ പറ്റിയ ജോലിയുമാണ് എന്നതായിരുന്നു പ്രധാന ആകർഷണവും.

ഭൂമി ദല്ലാളനാവുക എന്നത് എൻെറ സ്വപ്നത്തിലില്ലായിരുന്നു. ആയിടക്കാണ് അവിചാരിതമായി എൻെറ വീടിനടുത്തുതന്നെയുള്ള ഭൂമി വിൽക്കുന്ന കാര്യം ഉടമ എന്നോടു പറഞ്ഞത്. വേണമെങ്കിൽ എനിക്ക് തരപ്പെടുത്തിത്തരാം എന്നതായിരുന്നു അദ്ദേഹം പറഞ്ഞതിൻെറ അർത്ഥം. ഞാൻ പക്ഷെ എന്ത് വില യാകും എന്നുപോലും തിരക്കിയില്ല. ഭൂമിപോയിട്ട് ബീഡിപോലും വാങ്ങാൻ കാശില്ലാത്ത എനിക്ക് അത്തരം കാര്യങ്ങളൊന്നും ആലോചിക്കാൻകൂടി വയ്യായിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം സംസാരിക്കാൻ വിഷയമില്ലാത്തപ്പോഴെല്ലാം ഞാൻ ഭൂമി വിൽപ്പനയുടെ കാര്യം എടുത്തിടും. അങ്ങനെയാണ് ഞാൻ ആദ്യത്തെ ഭൂമി ദല്ലാളനാവുന്നതും.

കാര്യങ്ങൾ ഞാൻ വിചാരിക്കുന്നതുപോലെയായിരുന്നില്ല. എൻെറ ബന്ധു ഭൂമി വന്നു കണ്ടു. ഒറ്റ നോട്ടത്തിൽ തന്നെ അയാൾക്ക് ഭൂമി ബോധിച്ചു. എന്നെ സംബന്ധിച്ചാണെങ്കിൽ ബന്ധുകൂടിയായ ഒരയൽവാസി വരുന്നതിൽ അതിയായ സന്തോഷം തന്നെയുണ്ടായിരുന്നു. എന്തായാലും ഭൂമി ബന്ധുവിനു തരപ്പെടുത്തിക്കൊടുക്കണമെന്നു വിചാരിച്ചു. അന്വേഷിച്ചപ്പോഴാണ്

കാര്യങ്ങളുടെ നൂലാമാലകൾ കൂടുതൽ വ്യക്തമായത്. എന്നോടു വിൽപ്പനയെപ്പറ്റി പറഞ്ഞ വ്യക്തി യഥാർത്ഥത്തിൽ ഭൂമിയുടെ പൂർണ്ണമായ അവകാശിയല്ല. സ്ഥിരമായി ഒരാൾതന്നെ ഭൂമി നോക്കി നടത്തുവാൻ വരുന്നതിനാൽ അയാൾ തന്നെയായിരിക്കും ഭൂമിയുടെ യഥാർത്ഥ അവകാശി എന്ന് ഞാൻ സംശയിക്കുകയായിരുന്നു. സത്യത്തിൽ അയാൾക്ക് ഏഴുപേരിൽ ഒരാളുടെ അവകാശം മാത്രമെ ഉണ്ടായിരുന്നുള്ളൂ. കുടുംബസ്വത്തായി അവശേഷിക്കുന്ന ഭൂമി വിൽക്കണമെങ്കിൽ എല്ലാവരും പങ്കുചേരുകയും വേണം.

അയാൾ പറഞ്ഞു: എന്റെ മകളുടെ വിവാഹം നിശ്ചയിച്ചിരിക്കുകയാണ്. വിവാഹത്തിനാണെങ്കിൽ പണം ആവശ്യമാണ്. ഭൂമി വിറ്റുകിട്ടിയാൽ അത് വളരെ ഉപകാരമായിരുന്നു. ഞാൻ അയാളുടെ മുഖത്തേക്ക് നോക്കി. ഒന്നും പിടികിട്ടാത്തവനെപ്പോലെ പകച്ചുനിന്നു. അയാൾ ഏഴുപേരേയും ഒന്നിച്ചുകൂട്ടുന്നതിന് എന്നെ ചട്ടംകെട്ടി.

"ഇത്തരം കാര്യങ്ങളിലൊന്നും ഇടപെട്ട് എനിക്ക് ശീലമില്ല" ഞാൻ ശബ്ദം താഴ്ത്തിയാണ് പറഞ്ഞത്. അയാൾ കരച്ചിലിന്റെ വക്കത്തെന്നവണ്ണം പറഞ്ഞു: ഉപേക്ഷ പറയരുത്. എനിക്ക് മറ്റു മാർഗ്ഗങ്ങളൊന്നുമില്ല. മകളുടെ വിവാഹത്തിന് പണം കണ്ടെത്താൻ ഇതു മാത്രമെ പരിഹാരമായിട്ടുള്ളൂ.

എനിക്ക് മറുത്തൊന്നും പറയാൻ കഴിയുമായിരുന്നില്ല. ബന്ധു വിളിച്ചപ്പോൾ കച്ചവടം നമുക്കുതന്നെ ഉറപ്പിക്കാം എന്നു മാത്രമെ ഞാൻ മറുപടി പറഞ്ഞുള്ളൂ. ഭൂമി ഒരാളുടെ പേരിലല്ലാ എന്നൊ, ഞാൻ അവരെയൊക്കെ കാണാൻ പോവുകയാണെന്നൊ ഒന്നുംതന്നെ ഞാൻ ബന്ധുവിനോട് പറയുകയുണ്ടായില്ല. എന്റെ കൈയ്യിൽ കാശൊന്നുമില്ലായിരുന്നു. എങ്കിലും ഇല്ലാത്ത കാശ് കടംവാങ്ങി പോകാൻ തന്നെ തീരുമാനിച്ചു. ഒരു പെൺകുട്ടിയുടെ വിവാഹകാര്യമല്ലെ എന്നു മാത്രമെ ഞാൻ വിചാരിച്ചിരുന്നുള്ളൂ.

വൈതരണികളും പ്രയാസങ്ങളും ഉണ്ടാകുമ്പോൾ എനിക്ക് കൂടുതൽ ഊർജ്ജം ലഭിക്കുക പതിവാണ്. ഞാൻ കൂടുതൽ കൂടുതൽ വാദഗതികൾ അവരുടെ മുൻപിൽ നിരത്തി. വെറുതെ കിടന്നു കൈവിട്ടുപോകുന്നതിലും നല്ലത് ഉള്ളത് വിറ്റ് പങ്കിടുന്നതായിരിക്കുമെന്ന് അവരും വിചാരിച്ചിരിക്കണം. ഒടുവിൽ ഭൂമി എന്റെ തന്നെ ബന്ധുവിന് വിൽപ്പന നടത്തുവാൻ തീരുമാനിക്കുകയായിരുന്നു. ആധാരം രജിസ്റ്റർ ചെയ്ത് കാശ് കൈപ്പറ്റുമ്പോൾ ഭൂമിയുടെ നോട്ടക്കാരനായിരുന്ന അവകാശി എന്റെ നേരെ തിരിഞ്ഞു. എന്നിട്ട് കാശിന്റെ കെട്ടുകളിൽനിന്നും നല്ലൊരു തുക എന്റെ കൈവെള്ളയിൽ വച്ചുതന്നു. അയാൾ പറഞ്ഞു: " ഇത് ബ്രോക്കർക്കുള്ളതാണ്."

എനിക്ക് സത്യത്തിൽ ആ സംബോധന അത്ര രസിച്ചില്ല. "ബ്രോക്കർ"

---

എസ്. കാച്ചപ്പിള്ളി

എന്ന സംബോധന ഞാൻ തീരെ പ്രതീക്ഷിച്ചതായിരുന്നില്ല. ഭൂമി വിൽപ്പന നടത്തുവാൻ ഞാൻ ചെയ്ത സഹനത്തിൻെറ കഥകളെല്ലാം അയാൾ അക്കമിട്ട് നിരത്തുന്നുണ്ടായിരുന്നു. അപ്പോഴാണ് ഞാൻ എത്രമാത്രം ബുദ്ധിമുട്ടി എന്ന് എനിക്കുതന്നെ ബോധ്യമായത്.

ഞാൻ പറഞ്ഞു: "കാശിനു വേണ്ടിയായിരുന്നില്ല. ഒരു പെൺകുട്ടിയുടെ വിവാഹം മുടങ്ങരുതെന്നു മാത്രമെ ഞാൻ വിചാരിച്ചിരുന്നുള്ളൂ." പണം വാങ്ങി പോക്കറ്റിലേക്കിടുമ്പോൾ അൽപ്പം ജാള്യത എനിക്ക് തോന്നാതിരുന്നില്ല.

വീട്ടിലെത്തിയിട്ടു മാത്രമെ ഞാൻ പണമെത്രയെന്നു എണ്ണി നോക്കിയിരുന്നുള്ളൂ. ഒരു ഭൂമി കച്ചവടം നടത്തിയാൽ ഇത്രയും തുക ലഭിക്കുമെന്നു ഞാൻ കരുതിയിരുന്നതല്ല. ഞാൻ ഭൂമി കച്ചവടം നടത്തി എന്നത് ഒരു സംഭവമായി തന്നെയാണ് ഞാൻ മറ്റുള്ളവരോട് അവതരിപ്പിച്ചത്. കേട്ടവർ കേട്ടവർ എൻെറ ആഹ്ളാദത്തിൽ പങ്കുകൊണ്ടു.

ഭൂമി കച്ചവടം കഴിഞ്ഞ് അധികം നാളുകളായിട്ടുണ്ടാവില്ല. ഞാൻ നടന്നു പോവുകയായിരുന്നു. പിന്നിൽനിന്നും കുമാരേട്ടാ എന്ന വിളികേട്ടാണ് ഞാൻ തിരിഞ്ഞുനോക്കിയത്. അത് ഒരു സ്ത്രീ ശബ്ദമായിരുന്നു. അവരാകട്ടെ എൻെറ അമ്മയുടെ പ്രായത്തോളം വരുന്ന സ്ത്രീയായിരുന്നു. അവർ എന്നോടു പറഞ്ഞു: "കുമാരേട്ടൻ ഒന്നു വീടുവരെ വരാമൊ."

ഇടവഴി കടന്ന് അധികമൊന്നും പോകാനുണ്ടായിരുന്നില്ല. അവിടവിടെ വളർന്നു തിങ്ങി നിൽക്കുന്ന കുറ്റിക്കാടുകൾക്കിടയിൽനിന്നും ഏതൊ ജീവികൾ കലപില കൂട്ടുന്നുണ്ടായിരുന്നു.

ഞാൻ വീട്ടിലേക്ക് പ്രവേശിച്ചതും നാലൊ അഞ്ചൊ സ്ത്രീകളും പ്രായമായ സ്ത്രീയോടൊപ്പം ചേർന്ന് എൻെറ ചുറ്റുംകൂടി. എന്താണ് അവർ പറയാൻ പോകുന്നതെന്ന ജിജ്ഞാസ എനിക്കുണ്ടായിരുന്നു. പ്രായമായ സ്ത്രീ തന്നെയായിരുന്നു തുടങ്ങിയത്. അവർ പറഞ്ഞു: "എനിക്ക് അഞ്ചു പെൺമക്കളാണ്." അപ്പോഴേക്കും അവരുടെ കണ്ണുകൾ നിറഞ്ഞിരുന്നു. കൂട്ടത്തിൽ ഒരാൾ ചായയുമായി എത്തി. എൻെറ നേരെ തിരിഞ്ഞ് നാണിച്ച് ചായ എൻെറ നേർക്ക് നീട്ടി. ചായ തന്ന സ്ത്രീയെ ചൂണ്ടിയിട്ട് അവർ തുടർന്നു: "ഇവൾ വീട്ടിലിരിക്കാൻ തുടങ്ങിയിട്ട് വർഷം മൂന്നായിരിക്കുന്നു. ചൊവ്വ ദോഷമുള്ളതിനാൽ ചൊവ്വ ദോഷക്കാരനെ അന്വേഷിച്ചു കണ്ടെത്തിയായിരുന്നു കല്യാണം. ചോദിച്ചത് മുഴുവൻ കൊടുത്തു. എന്നിട്ടും അവൻ എൻെറ മകളെ കഷ്ടപ്പെടുത്തി." അവർ വിങ്ങുകയും കണ്ണുനീർ ഒപ്പുകയും ചെയ്തു.

ഇതൊക്കെ എന്നോട് പറയുന്നതെന്തിനാണ് എന്ന് എനിക്ക് നിശ്ചയമില്ലാ

യിരുന്നു. എന്നിട്ടും ഞാൻ മറുപടി പറഞ്ഞു: "കരയണ്ട, നമുക്ക് സംസാരിച്ച് തീർക്കാവുന്നതല്ലേയുള്ളൂ." അവർ പറഞ്ഞു: "സംസാരിച്ചു തീർക്കാനൊന്നുമില്ല. അവർ നിയമപരമായി തന്നെ പിരിഞ്ഞു." അത്രയ്ക്കും എടുത്തുചാട്ടം വേണ്ടായിരുന്നു എന്ന് എനിക്കു പറയണമെന്നുണ്ടായിരുന്നു. സാഹചര്യം അങ്ങനെ പറയുന്നതിൽനിന്നും എന്നെ വിലക്കി.

താഴെയുള്ളവരുടെ കല്ല്യാണം കഴിഞ്ഞിട്ടുണ്ടാവുമെന്നു ഞാൻ കരുതി. അവർ പറഞ്ഞു: "അനിയത്തിമാരുടെ ആലോചനകൾ ഒന്നും നടക്കുന്നില്ല. ചേച്ചിയുടെ കാര്യം കഴിഞ്ഞിട്ട് മതി എന്നു തന്നെയാണ് ഞങ്ങളുടെ തീരുമാനവും." ഞാൻ അൽപ്പം അമ്പരക്കാതിരുന്നില്ല. ഏതാണ്ടെല്ലാവരുംതന്നെ വിവാഹപ്രായം കഴിഞ്ഞവരായി തോന്നിച്ചു.

ഞാൻ പറഞ്ഞു: "എനിക്ക് പോയിട്ട് തിരക്കുണ്ടായിരുന്നു." എങ്ങനെയെങ്കിലും ഒന്നു രക്ഷപെട്ടാൽ മതിയായിരുന്നു.

അവർ പറഞ്ഞു: "ആദ്യമായി വരുകയല്ലേ, ഊണു കഴിച്ചിട്ടു പോയാൽ മതി." ഞാൻ അമ്പരന്നു: "ഊണു കഴിക്കുകയൊ. എന്നെ വിളിച്ചകാര്യം പറഞ്ഞാൽ എനിക്കു പോകാമായിരുന്നു."

അവർ എന്റെ അടുക്കലേക്ക് ചേർന്നിരുന്നു: "തെക്കുംപുറത്തെ ചന്ദ്രന് കല്ല്യാണമാലോചിക്കുന്നുണ്ട്. ചോവ്വാദോഷമുള്ളവനാ. പ്രായംകൊണ്ട് ഇവൾക്ക് ചേരും."

തെക്കുംപുറത്തെ ചന്ദ്രൻ കല്ല്യാണം വേണ്ടാ എന്നു തീരുമാനിച്ചു നടക്കുകയായിരുന്നു. ഉയർന്ന വിദ്യാഭ്യാസവും ഉയർന്ന ജോലിയുമുള്ള ചന്ദ്രനെ അയകാലത്തൊക്കെ വിവാഹം കഴിപ്പിക്കാൻ ഞാൻ കൂടി ശ്രമിച്ചിട്ടുള്ളതാണ്. ഞങ്ങൾക്കെല്ലാം ബഹുമാനം ഏറെയുള്ള ചന്ദ്രനുമായി ഒരു രണ്ടാം കെട്ടുകാരിയെ ആലോചിക്കുന്നതു പോലും ഒരപരാധമായി എനിക്കു തോന്നി.

പ്രായംകൊണ്ടു ചേരുമായിരിക്കും. പക്ഷെ ഇതു ശരിയാവുകയില്ല. എന്റെ മനസ്സ് മന്ത്രിച്ചുകൊണ്ടേയിരുന്നു.

പ്രായമായ സ്ത്രീ പറഞ്ഞു: "കുമാരൻ ഒന്ന് അവിടംവരെ പോയി ഭാനുമതിയുടെ കാര്യം പറയണം. കഴിയുമെങ്കിൽ ഈ വിവാഹവും നടത്തി തരണം." അവർ വീണ്ടും കരച്ചിലിന്റെ വക്കത്തായിരുന്നു. പിള്ളേരുടെ അച്ഛൻ മരിച്ചിട്ട്... ഈ പെൺകുട്ടികളുമായി... എനിക്കു മടുത്തു... അവർ കരച്ചിലിനിടയിൽ പറഞ്ഞുകൊണ്ടേയിരുന്നു. പെൺകുട്ടികൾ വന്നു അമ്മയെ അശ്വസിപ്പിക്കുന്നുണ്ടായിരുന്നു.

തെക്കുംപുറത്തെ ചന്ദ്രൻ അറിയപ്പെടുന്ന വ്യക്തിത്വത്തിനുടമയാണ്. അയാൾക്ക് ചൊവ്വാ ദോഷമുണ്ട് എന്നതിൽ എനിക്ക് തെല്ലു ദുഃഖം തോന്നി.

കാഴ്ചയിൽ മാത്രമല്ല നിസ്സാരങ്ങളായ പ്രവൃത്തിയിൽ പോലും മാന്യത പുലർത്തുന്നയാളാണ് ചന്ദ്രൻ. ഭാനുമതിയാകട്ടെ എന്തൊ നിസ്സാരകാര്യത്തിനു വേണ്ടി തല്ലിപ്പിരിഞ്ഞു വീട്ടിൽ വന്നു നിൽക്കുന്നവർ. അറിഞ്ഞിടത്തോളം ഇവരെ തമ്മിൽ ചേർക്കുന്നതു ഒരപരാധമായിരിക്കുമെന്നു ഞാൻ മനസ്സിൽ വിചാരിച്ചു. പക്ഷെ വാക്കുകൾ പുറത്തേക്കുവന്നത് ഇപ്രകാരമായിരുന്നു: "കരയാതിരിക്കൂ. എല്ലാത്തിനും വഴിയുണ്ടാക്കാം." ഇതു പറഞ്ഞു ഞാൻ പടിയിറങ്ങുമ്പോൾ ഇനിയൊരിക്കലും ഈ വഴി നടത്തരുതെ എന്ന് മനസ്സ് മന്ത്രിക്കുന്നുണ്ടായിരുന്നു.

കാര്യങ്ങളൊന്നും എന്റെ നിയന്ത്രണത്തിലായിരുന്നില്ല. അടുത്ത ദിവസം നേരം വെളുക്കുന്നതേയുണ്ടായിരുന്നുള്ളൂ. കുമാരേട്ടാ എന്ന് ഉച്ചത്തിലുള്ള വിളികേട്ടാണ് ഞാൻ ഉണർന്നത്. ഉണർന്ന് എണീറ്റപ്പോൾ കണ്ടത് ഭാനുമതിയുടെ അമ്മയെയായിരുന്നു. ഇവർക്ക് ഭാനുമതിയുടെ കാര്യം ചന്ദ്രനുമായി സംസാരിച്ചിരുന്നൊ എന്നറിയണം. ഞാൻ നിശബ്ദനായി നിന്നതെയുള്ളൂ.

എന്റെ മൗനം അവർ വാചാലമാക്കിയെടുത്തു. അവർ കരച്ചിലിന്റെ വക്കത്തായിരുന്നു. അവർ പറഞ്ഞു: "കുമാരേട്ടൻ സഹായിക്കണം. ഇതുകൂടി നടന്നില്ലെങ്കിൽ... പിന്നെ... ഞാനും പിള്ളേരുംകൂടി... ഇങ്ങനെ... എനിക്ക് ഉറങ്ങാൻകൂടി കഴിയുന്നില്ല."

അവരുടെ വാക്കുകൾ എന്നെ സങ്കടപ്പെടുത്തി. ചന്ദ്രനുമായി സംസാരിക്കുന്ന കാര്യം ഞാൻ തീരുമാനിച്ചിട്ടുണ്ടായിരുന്നില്ല. എങ്കിലും വാക്കുകൾ പുറത്തേക്കു വന്നതിങ്ങനെയായിരുന്നു: "നിങ്ങൾ സമാധാനമായി പോകൂ. പരിഹാരമില്ലാത്ത പ്രശ്നങ്ങളൊന്നുമില്ല."

അവർ പോയിക്കഴിഞ്ഞപ്പോൾ മനസ്സ് മന്ത്രിക്കാൻ തുടങ്ങി: ചന്ദ്രനു യോജിച്ചവളല്ല ഭാനുമതി. ഇക്കാര്യം ചന്ദ്രനുമായി ആലോചിക്കുന്നതുതന്നെ ഒരപരാധമായിരിക്കും. അടുത്ത പ്രാവശ്യം കാണുമ്പോൾ ഇക്കാര്യം അവരോടു കട്ടായം പറയണമെന്നു തീരുമാനിച്ചു.

ഞാൻ പുറത്തേക്കിറങ്ങാൻ തയ്യാറെടുത്ത് നിൽക്കുമ്പോഴായിരുന്നു ഫോൺബെൽ ശബ്ദിച്ചത്. അങ്ങേതലക്കൽ ഭാനുമതിയുടെ അമ്മയായിരുന്നു. അവർ പറഞ്ഞു: "കുമാരേട്ടൻ ഭാനുമതിയുടെ കാര്യം ചന്ദ്രനുമായി സംസാരിക്കണം. കുമാരേട്ടൻ പറഞ്ഞാൽ ചന്ദ്രൻ കേൾക്കാതിരിക്കില്ല." മറുപടി എന്തെങ്കിലും പറയാൻ കഴിഞ്ഞില്ല. അവർ ചിലമ്പിച്ച ശബ്ദത്തിൽ സംസാരിക്കുകയും കരയുകയുമൊക്കെ ചെയ്യുകൊണ്ടിരുന്നു. "വൈകീട്ട് വിളിക്കാം" എന്നു പറഞ്ഞ് അവർ ഫോൺ കട്ട് ചെയ്തു.

ഒരപരാധിയെപ്പോലെയാണ് ഞാൻ ചന്ദ്രനുമായി സംസാരിച്ചത്. മുഖവു

---

രയെന്നോണം ഞാൻ പറഞ്ഞു: "മാപ്പാക്കണം. ഒരു സ്ത്രീ തുടർച്ചയായി എന്നെ ശല്ല്യം ചെയ്യുന്നു. ചന്ദ്രനു വിവാഹമാലോചിക്കുന്ന കാര്യം അവർ അറിഞ്ഞിരിക്കുന്നു. അവരുടെ മകളെ ചന്ദ്രൻ വിവാഹം കഴിക്കണമെന്നു പറഞ്ഞു. പറ്റില്ല എന്നു പറയാൻ എനിക്ക് കഴിയുന്നില്ല. കരഞ്ഞും കാലുപിടിച്ചും അവർ വല്ലാതെ നിർബന്ധിക്കുന്നു. അവർ വല്ല സാഹസവും കാണിക്കുംമുമ്പേ ചന്ദ്രനുമായി ഇക്കാര്യം സംസാരിക്കാമെന്നു കരുതി.

ഞാൻ കഥകൾ ഓരോന്നായി വിവരിച്ചു. ചൊവ്വാദോഷത്തിൻേറയും വിവാഹം വഴിപിരിഞ്ഞതിൻേറയും താഴെയുള്ളവരുടേയും കാര്യങ്ങൾ വിവരിച്ചു. ചിരിച്ചുകൊണ്ടാണ് ചന്ദ്രൻ മറുപടി പറഞ്ഞത്: "ഒരു കുടുംബം പ്രതീക്ഷയോടെ കാത്തിരിക്കുകയല്ലെ. നമുക്കൊന്നു ആലോചിക്കാം. കുമാരേട്ടാ."

അരുതെന്നു വിലക്കണമെന്നുണ്ടായിരുന്നു. ആരെങ്കിലും പ്രതീക്ഷയോടെ കാത്തിരിക്കട്ടെ. വിവാഹം കുട്ടിക്കളിയൊന്നുമല്ലായെന്നു പറയണമെന്നുണ്ടായിരുന്നു. ചന്ദ്രൻ ഒരു രണ്ടാംകെട്ടുകാരിയെ. അതും ഏതൊ നിസ്സാരകാര്യത്തിന് വിവാഹം വേർപെടുത്തിയവൾ. ഭാനുമതിക്കു താഴെ അത്രതന്നെ പ്രായമായവർ വേറെയും. ചന്ദ്രനോട് ഇക്കാര്യം പറഞ്ഞത് തെറ്റായിപ്പോയി എന്ന് മനസ്സ് മന്ത്രിച്ചു. ചന്ദ്രൻ എൻെറ കയ്യിൽ നിന്നും ഫോൺ നമ്പർ വാങ്ങി, ഭാനുമതിയുടെ വീട്ടിലേക്ക് വിളിച്ചു.

ചന്ദ്രൻ നിശ്ചയിച്ചുറപ്പിച്ചതു പോലെയായിരുന്നു. ഭാനുമതിയുമായുള്ള വിവാഹം അത്ര ആർഭാടപൂർവ്വമായിരുന്നില്ല. ഒരു നിഴൽ മാത്രമായി ചന്ദ്രനോടൊപ്പം ഞാൻ നിലകൊണ്ടു.

പുറകിൽ നിന്നുള്ള വിളികേട്ടാണ് ഞാൻ തിരിഞ്ഞു നോക്കിയത്. "ബ്രോക്കർ, ബ്രോക്കർ കുമാരൻ" എനിക്ക് ശബ്ദത്തിൻെറ ഉടമയെ തിരിച്ചറിയാൻ പ്രയാസമുണ്ടായിരുന്നില്ല. ഒട്ടേറെ കരച്ചിലുകളും സങ്കടങ്ങളും ആവലാതികളും പറഞ്ഞ ഭാനുമതിയുടെ അമ്മയുടെ ശബ്ദമായിരുന്നു. അവർ എന്നെ വിളിച്ചു അകത്തേക്കു കൂട്ടികൊണ്ടു പോയി. കാശിൻെറ കെട്ടിൽനിന്നും നല്ലൊരു തുക എൻെറ കൈയ്യിൽ വച്ചു തന്നിട്ടു പറഞ്ഞു: "ഇതു ബ്രോക്കർക്കുള്ളതാണ്." ഞാൻ അവരുടെ മുഖത്തേക്കു നോക്കി. പണം എത്രയെന്നു എണ്ണി നോക്കുകയൊ, എന്തെങ്കിലും പറയുകയൊ ഉണ്ടായില്ല. പണം വാങ്ങി എൻെറ പോക്കറ്റിലിട്ടു. മനസ്സിലെവിടെയൊ ഒരു നീറ്റൽ അനുഭവപ്പെട്ടു. മനസ്സ് ചന്ദ്രനോടെന്നപോലെ മന്ത്രിച്ചു ഈ രക്തത്തിൽ എനിക്കു പങ്കില്ല.

വീട്ടിലെത്തിയിട്ടാണ് പണം ഞാൻ എണ്ണി നോക്കിയത്. ബ്രോക്കർ പണി ശീലമാക്കാൻ തന്നെ തീരുമാനിച്ചു. ഒരു ബോർഡ് വക്കുവാനും തീരുമാനമായി. "ബ്രോക്കർ കുമാരൻ."

---

എസ്. കാച്ചപ്പിള്ളി

# 3

# പ്ലാസ്റ്റിക് കൂടകൾക്കിടയിലെ വാവ

പോലീസുകാരൻ യൂണിഫോമിലായിരുന്നില്ല. അയാൾ റോഡ് മുറിച്ചു കടന്ന് കുപ്പിവളകൾ വിൽക്കുന്ന കടയുടെ പടിയിൽ കാലെടുത്തുവച്ച് പിൻ തിരിഞ്ഞു നോക്കി. എന്തോ ഓർത്തിട്ടെന്നവണ്ണം ചവിട്ടുപടിയിൽവച്ച കാൽ തിരിച്ചെടുത്ത് പിന്നോട്ടുനടന്നു. റോഡിനും കടകൾക്കുമിടയിലുള്ള നടപ്പാതയിൽ നിലയുറപ്പിച്ച് കവലയിൽനിന്നും വരുന്ന വാഹനങ്ങളെ നിയന്ത്രിച്ചിരുന്ന ട്രാഫിക് പോലീസുകാരൻെറ അടുത്തെത്തി. ട്രാഫിക് പോലീസുകാരൻ തന്നെ ശ്രദ്ധിക്കുന്നില്ല എന്നു മനസ്സിലാക്കി, പോലീസുകാരൻ തൻെറ മീശയിൽ പയ്യെ തലോടി, പരിചയത്തിനായി എന്തൊ പറഞ്ഞു. ട്രാഫിക് പോലീസുകാരൻ അക്ഷമ കാണിക്കുന്നതു വകവക്കാതെ അയാളേയുംകൂട്ടി കുപ്പിവളകൾ വിൽക്കുന്ന കടയിലേക്ക് കയറി.

ട്രാഫിക് പോലീസുകാരൻ കടയിലേക്ക് വരുന്നതു ഞാൻ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. കരുതിവച്ചിരുന്ന കുടിക്കുവാനുള്ള വെള്ളത്തിൻെറ കുപ്പി ട്രാഫിക് പോലീസുകാരൻെറ അടുത്തേക്കു നീക്കിവച്ചു. ട്രാഫിക് പോലീസുകാരൻ കുപ്പിയിലേക്കു നോക്കുകയൊ എന്നെ ഗൗനിക്കുകയൊ ചെയ്തില്ല, പിൻതിരിഞ്ഞ് റോഡിലേക്ക് വാഹന കുരുക്കു വല്ലതുമുണ്ടൊ എന്നു നോക്കി നിന്നു. ഞാൻ കേൾക്കാനെന്നോണം ട്രാഫിക് പോലീസുകാരനോടായി അയാൾ പറഞ്ഞു: "ഇവൻെറ കേസ്സൊരെണ്ണം സ്റ്റേഷനിലുണ്ട്. ഇടക്ക് ഇവനെ അങ്ങോട്ടു വിളിപ്പിക്കാൻ പറഞ്ഞിട്ടുണ്ട്. നമ്മളായിട്ട് ഇവൻെറയൊക്കെ

---

എസ്. കാച്ചപ്പിള്ളി

കച്ചവടം തുലക്കണ്ട എന്നു കരുതിയാ."

ഞാൻ ഒന്നു പരുങ്ങി. ഒന്നും പിടുത്തം കിട്ടാത്തവനെപ്പോലെ ട്രാഫിക് പോലീ സുകാരനെ നോക്കി. സംശയനിവാരണത്തിനെന്ന വണ്ണം ട്രാഫിക് പോലീസുകാരൻ പറഞ്ഞു: "തന്നെ, നിന്റെ കേസ്സ് ചാർജ് ചെയ്തതിനാൽ പിൻവലിക്കാൻ പറ്റില്ലെന്നാ സാറു പറയുന്നെ."

തന്റെ മീശ ഒരിക്കൽകൂടി തലോടിക്കൊണ്ട് പോലീസുകാരൻ തന്റെ ഡയറി തുറന്നു. എന്നിട്ട് പറഞ്ഞു: "ഞങ്ങൾ പോലീസുകാരുടെ ലോക്കൽ സമ്മേളനം കഴിഞ്ഞയാഴ്ച കഴിഞ്ഞു. ധാരാളം ചിലവുണ്ടായിട്ടും നിങ്ങളെയൊന്നും ബുദ്ധിമുട്ടിച്ചില്ല. ഇനിയിപ്പൊ വാർഷിക സമ്മേളനം ജില്ലയിൽ നടക്കുകയാണ്. അതിനു വളരെക്കുറച്ചുപേരെ മാത്രമെ സമീപിക്കുന്നുള്ളൂ. നമ്മുടെ സ്റ്റേഷൻ പിരിധിയിൽ നിങ്ങളെപ്പോലെ പത്തൊ നൂറൊ പേരു കാണും."

പോലീസുകാരൻ എന്റെ കടമയെ ഓർമ്മപ്പെടുത്തി. എന്നിട്ട് പോകുവാനായി തിരക്കുകൂട്ടി.

മറുപടിയെന്നോണം ഞാൻ പറഞ്ഞു: "ആ കേസ്സ് പിൻവലിക്കാൻ പറഞ്ഞിട്ടുണ്ടായിരുന്നു." ഒന്നു നിർത്തിയിട്ട് ഞാൻ തേങ്ങി: "നാളെ മാർക്കറ്റിൽ പോകണം. ഇന്നിപ്പൊ കാര്യമായിട്ടൊന്നും പിരിഞ്ഞു കിട്ടിയിട്ടില്ല." ഞാൻ എന്റെ നിസ്സഹായവസ്ഥ വ്യക്തമാക്കി. പോലീസ്സ് സ്റ്റേഷനും കോടതിയും കയറിയിറങ്ങുന്ന കാര്യം എന്നിൽ അസ്വസ്ഥതയുളവാക്കി.

പോലീസ്സുകാരന് എന്റെ വർത്തമാനം അത്രക്കു രസിക്കാത്തവണ്ണം ഇടപെട്ടുകൊണ്ടു പറഞ്ഞു: "നിനക്കൊക്കെ തോന്നുമ്പം കൊടുക്കാനും പിൻവലിക്കാനുമുള്ളതാണൊ ഞങ്ങളുടെ കുപ്പായം. നിന്നെയൊക്കെ സ്റ്റേഷനിലേക്ക് വിളിക്കുമ്പം പറഞ്ഞാൽ മതി." അയാൾ ഒരിക്കൽകൂടി മിശ തടവി. "ഞങ്ങളുടെ ജില്ലാ സമ്മേളനം ഒന്നു കഴിഞ്ഞോട്ടെ, നിന്റെ കാര്യം ഞാനിടപെട്ട് തീർത്തുതരാൻ നോക്കാം." അയാൾ ഔദാര്യം എന്റെ നേർക്കു നീട്ടി.

അപ്പോഴേക്കും ഒരു പോലീസ്സ ജീപ്പ് കടയുടെ മുന്നിൽ വന്നു നിന്നതും പോലീസുകാരൻ കടക്കകത്തേക്ക് വലിഞ്ഞു. ട്രാഫിക് പോലീസുകാരൻ നീട്ടിയൊരു സലാം വച്ചുകൊടുത്തു. ജീപ്പിലിരുന്നയാൾ ട്രാഫിക് പോലീസുകാരനോട് എന്തൊ സംസാരിച്ചു. ജീപ്പ് ചീറിപ്പാഞ്ഞു കടുന്നുപോയി. ട്രാഫിക് പോലീസുകാരൻ പയ്യെ കടയിൽ നിന്നിറങ്ങി റോഡിനും കടകൾക്കുമിടയിലായി കവലയിൽനിന്നും വരുന്ന വാഹനങ്ങളെ നോക്കി പഴയ സ്ഥാനത്ത് നിലയുറപ്പിച്ചു.

ജീപ്പ് പോയതും പോലീസുകാരൻ എന്നോടായി പറഞ്ഞു: "സാറ് നിന്നെ

---

എസ്.കാച്ചപ്പിള്ളി

തിരക്കി വന്നതാണെന്നാ ഞാൻ കരുതിയത്. ഞാൻ വന്ന കാര്യം സാറ് അറിയണ്ടാ... നിൻെറയൊക്കെ സംഭാവന കിട്ടിയിട്ടു വേണമെന്നായിട്ടല്ല ഒരു കേസ്സാകുമ്പം അങ്ങോട്ടും ഇങ്ങോട്ടും ഒരു സഹായം വേണമല്ലോ."

കേസ്സ് കൊടുക്കാനിടയായ എൻെറ നിസഹായവസ്ഥയെ ഞാൻ പഴിച്ചു. കടയിലേക്ക് കയറിവന്ന അഗതനുവേണ്ടി വിലപിടിച്ച സാധനങ്ങൾ ഭദ്രമായി പാക്ക് ചെയ്ത് കാശിനായി കാത്ത് നിൽക്കുമ്പോഴെപ്പോഴൊ അഗതൻെറ ഭാവം മാറിയിരുന്നു. ഭദ്രമായി അടുക്കും ചിട്ടയോടുംകൂടി സൂക്ഷിച്ച സാധനങ്ങൾ ഓരോന്നായി വലിച്ചു വാരിയിടുമ്പോഴും ഞാൻ കാശിനായി ക്ഷമയോടെ കാത്തുനിന്നു. അവസാനമെപ്പോഴൊ ഞാൻ അഗതനെ വിലക്കി. കാശ് ചോദിക്കുമ്പോൾ രൗദ്രഭാവത്തിൽ എന്നെ നോക്കി. അഗതൻ വിലപിടിപ്പുള്ള സാധനങ്ങൾ ഓരോന്നായി എറിഞ്ഞുടച്ചു. ഞാൻ ദുഃഖത്തോടെ എതിർത്തുനോക്കിയെങ്കിലും താങ്ങാവുന്നതിലും അധികം നഷ്ടം അഗതൻ വരുത്തിവച്ചിരുന്നു.

സർവ്വശക്തിയുമെടുത്തു ഞാൻ ബഹളം വച്ചു. എവിടെനിന്നൊ ആളുകൾ ഓടിക്കൂടിയെങ്കിലും ആരും ഉപദ്രവകാരിയെ തടുക്കാൻ തയ്യാറായില്ല. ഏകനായി പ്രതിരോധിച്ചുനിന്ന എന്നെ അയാൾ ഒരു പുഷ്പംപോലെ എടുത്ത് പ്ലാസ്റ്റിക് കൂടകളുടെ കൂട്ടത്തിലേക്കെറിഞ്ഞു. എൻെറ കണ്ണുകൾ ഒരുപക്ഷെ അയാളുടെ ദയയ്ക്കായി കേണിരിക്കാം. അതുവകവയ്ക്കാതെ ഒരു ജേതാവിനെപ്പോലെ മറ്റുള്ളവർ കാൺകെ അയാൾ കടയിൽ നിന്നിറങ്ങിപ്പോയി.

കേസ്സ് കൊടുക്കുന്നതിനെപ്പറ്റി ഞാൻ ആലോചിച്ചിരുന്നില്ല. അടുത്ത കടക്കാർ ഓരോരുത്തരായി വന്ന് കേസ്സ് കൊടുക്കുന്നതിൻെറ ആവശ്യകത എന്നെ ബോധ്യപ്പെടുത്തി. ആരൊ എഴുതിവച്ച പരാതി, വായിച്ചു നോക്കാൻ പോലുമുള്ള മാനസ്സികനിലയിലായിരുന്നില്ല. പരാതിയിൽ ഒപ്പിട്ട് സ്റ്റേഷനിൽ എത്തുമ്പോഴും എൻെറ മനസ്സിൻെറ മുറിവ് ഉണങ്ങിയിട്ടുണ്ടായിരുന്നില്ല.

എൻെറ കടയിലെ നഷ്ടങ്ങൾ ഓരോന്നായി വിവരിക്കുമ്പോഴും കണ്ണുകൾ ഈറനണിയുന്നുണ്ടായിരുന്നു. അന്വേഷിക്കുമെന്നൊ നഷ്ടപരിഹാരം വാങ്ങിത്തരുമെന്നൊ എന്നൊന്നും എനിക്ക് നിശ്ചയമുണ്ടായിരുന്നില്ല. പരാതി നൽകി കൂടെയുള്ളവരോടൊത്ത് പടിയിറങ്ങുമ്പോൾ എൻെറ മനസ്സിൻെറ ക്ഷോഭം ഒന്നു തണുത്തിരുന്നു.

തിരക്കില്ലാത്ത ഒരുച്ചസമയത്ത് അടുത്ത കടക്കാരൻ വന്ന് കുശലം പറയുമ്പോഴും മറ്റൊരു പ്രത്യേകതയും എനിക്കു തോന്നിയിരുന്നില്ല. എൻെറ കടയിൽ അതിക്രമം കാണിച്ചയാൾ എന്തിനുവേണ്ടിയാണ് എന്നോടിത്ര ക്രൂരത കാണിച്ചതെന്ന എൻെറ ചോദ്യം മനസ്സിലുണ്ടായിരുന്നു. എൻെറ കടയിൽ

അതിക്രമം കാണിച്ചയാൾ മാനസ്സികരോഗിയാണെന്നും കേസ്സ് പിൻവലിക്കുന്നതാണ് നല്ലതെന്നും എന്നെ ഓർമ്മപ്പെടുത്തിയപ്പോൾ ഞാനാകെ അസ്വസ്ഥനായി. നഷ്ടങ്ങളുടെ കണക്കെടുപ്പ് അനാഥമാക്കി കേസ്സ് പിൻ വലിക്കുന്നതിനെപ്പറ്റിയായി എൻെറ ചിന്ത.

അങ്ങനെയാണ് അറിയപ്പെടുന്ന തെമ്മാടികൂടിയായ രാഷ്ട്രീയ നേതാവിനെ അടുത്ത കടക്കാരൻ പരിചയപ്പെടുത്തിയതും അയാളേയുംകൂട്ടി ഞാൻ സ്റ്റേഷനിൽ എത്തിയതും. അയാൾക്ക് സ്റ്റേഷനിലുള്ള അംഗീകാരം എന്നെ അയാളിൽ അസ്സൂയാലുവാക്കി. കേസ്സ് പിൻവലിക്കാൻ എഴുതിക്കൊടുത്ത് അയാളോടു നന്ദി പറഞ്ഞ് പിരിഞ്ഞ വകയിലും എനിക്ക് സാമ്പത്തിക ബാധ്യതയുണ്ടായി. ആ കേസ്സിൻെറ കാര്യമാണ് പോലീസ്സുകാരൻ പറയുന്നതെന്നോർത്തപ്പോൾ ഞാൻ പിടിച്ച പുലിവാലിൽനിന്നും ഒന്നൂർന്നു രക്ഷപെടാൻ എന്താണു വഴിയെന്നായിരുന്നു എൻെറ ചിന്ത. ഞാൻ പോലീസുകാരനോടായി ഭവ്യതയോടെ പറഞ്ഞു: "എങ്ങനെയെങ്കിലും കേസ്സ് പിൻവലിക്കാൻ സാറു തന്നെ സഹായിക്കണം."

കടക്കാരൻ പോലീസ്സുകാരൻെറ വരുതിയിൽ എത്തിയെന്നു മനസ്സിലായിട്ടാകണം പോലീസ്സുകാരൻ ഒന്നുകൂടി മീശ തടവി നിവർന്നുനിന്നു "ഒക്കെ ശരിയാക്കാം. നമ്മുടെ ജില്ലാ സമ്മേളനം ഒന്നു കഴിഞ്ഞോട്ടെ. സാറിനോടു ഞാൻ പറയുന്നുണ്ട്."

പോലീസ്സുകാരൻ ചോദിച്ചതത്രയും കൊടുക്കുവാൻ എനിക്കായില്ലെങ്കിലും എൻെറ കഴിവിനൊത്തു കൊടുക്കുന്നതിൽ ഞാൻ പിശുക്കു കാണിച്ചിരുന്നില്ല. പോലീസ്സുകാരൻ കാശുവാങ്ങുമ്പോഴും ഞാൻ അയാളുടെ മുഖഭാവം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഞാൻ ആകാംക്ഷയോടെ നിൽക്കുന്നതു കണ്ട് പോലീസ്സുകാരൻ പറഞ്ഞു: "നിനക്കിപ്പം രസീതിൻെറ ആവശ്യമൊന്നുമില്ല. എനിക്കു നൂറുകൂട്ടം പണിയുള്ളതാ, നിൻെറയൊക്കെ ക്ഷേമം അന്വേഷിച്ച് നേരം പോയി."

ഡയറി കക്ഷത്തിൽ വച്ച് പോലീസ്സുകാരൻ നടന്നു നീങ്ങുമ്പോൾ കേസ്സ് കൊടുക്കാൻ തോന്നിച്ച എൻെറ നിമിഷങ്ങളെ ഓർത്ത് ഞാൻ പഴിച്ചു.

---

എസ്. കാച്ചപ്പിള്ളി

# 4

# യൂദാസ്, യൂദാസ് മാത്രം

തോമാസ്സുകുട്ടിയെ ഞാൻ കാണുന്നത് ഇരുണ്ട ഇടനാഴിയിലൂടെ നടന്നുപോകുമ്പോഴാണ്. മുഖം എനിക്ക് വ്യക്തമായിരുന്നില്ല. ഇരുവശവും ഉയർത്തിക്കെട്ടിയ മതിലുകൾ വഴിയിൽ ഇരുൾപടർത്തി. നന്നെ വിഷമിച്ചു നടക്കുകയായിരുന്നു ഞാൻ. ആരെയൊ വൃഥാ വഴി പറയാനുള്ള ശ്രമമായിരുന്നു എൻേറത്. വർഗ്ഗീസ് പുണ്ണ്യവാളനെ മനസ്സിൽ ധ്യാനിച്ചു. വർഗ്ഗിസ് പുണ്യവാളാ വഴിയിൽ പാമ്പുകളൊന്നുമുണ്ടാകരുതെ. തോമാസ്സുകുട്ടി പറഞ്ഞു: "വഴി പറഞ്ഞിട്ടെന്തൊ കാര്യം. നേരം ഇരുട്ടിയിരിക്കുന്നു." ആ ശബ്ദം ഞാൻ തിരിച്ചറിഞ്ഞു. തോമാസ്സുകുട്ടി കാണിച്ചുതന്ന ടോർച്ചിൻെറ വെളിച്ചത്തിലൂടെ ഞാൻ മുന്നോട്ടു നീങ്ങി. ഞങ്ങളിരുവരുടേയും വഴി രണ്ടാകുന്നിടത്ത് തോമാസ്സുകട്ടി നിന്നു. അതുവരെയും ഞാൻ തോമാസ്സുകുട്ടിയോട് ഒന്നും ഉരിയാടിയില്ല. പിന്നെ അയാളുടെ ചോദ്യത്തിനു മറുപടിയായി പറഞ്ഞു: "എനിക്ക് വരിചിതമായ വഴി ഞാൻ തനിയെ പൊയ്ക്കൊള്ളാം." മറുപടിയിലെ വാക്കുകൾക്ക് മനപ്പൂർവ്വം കടുപ്പം വരുത്തുവാൻ ശ്രമിച്ചു. ഞാൻ വർഗ്ഗീസ്സു പുണ്യവാളനെ മനസ്സിൽ ധ്യാനിച്ചു നടക്കുമ്പോഴും തോമാസ്സുകുട്ടി ടോർച്ചടിച്ചു വെളിച്ചം കാണിക്കുന്നുണ്ടായിരുന്നു.

എപ്പോഴാണ് തോമാസ്സുകുട്ടി എന്നെ ചേട്ടനെന്നു വിളിക്കാൻ തുടങ്ങിയത് എന്നറിയില്ല. കണക്കെടുക്കുന്ന കന്യാസ്ത്രിയുടെ വഴി കേൾക്കേണ്ടി വരുന്നതിലുള്ള വിഷമമായിരുന്നു മനസ്സിൽ. ഏറെ പരിശ്രമിച്ചു നോക്കിയിട്ടും

ഹോംവർക്കായിതന്ന കണക്കുകൾ തെറ്റുപറ്റാതെ പൂർത്തിയാക്കാൻ എനിക്ക് കഴിഞ്ഞില്ല. സ്കൂളിലേക്ക് കയറുംമുൻപ് വർഗ്ഗീസ്സുപുണ്യവാളൻെറ ചിത്രത്തിലേക്ക് നോക്കി. ഹോംവർക്ക് ചെയ്യാൻ കഴിയാത്തതിലുള്ള പരിഭവം പറഞ്ഞു തിരിഞ്ഞുനോക്കിയതു തോമാസ്സുകുട്ടിയുടെ മുഖത്തേക്കായിരുന്നു. മനസ്സിലെ ആവലാതി കെട്ടുപൊട്ടിച്ചു പുറത്തേക്കു വന്നു. കന്യാസ്ത്രീയുടെ കൈയ്യിലിരിക്കുന്ന ചൂരൽവടിയുടെ ചൂട് മനസ്സിലോർത്ത് അറിയാതെ ഞാൻ കൈവെള്ളയിലേക്കു നോക്കി. ഹോംവർക്ക് പുസ്തകമെടുത്ത് മേശയിൽ വച്ചിട്ട് തോമാസ്സു കുട്ടിയെ ദയനീയമായി നോക്കി. തോമാസ്സുകുട്ടിയോടു ചോദിച്ച് വേണ്ട തിരുത്തലുകൾ വരുത്തി. മനസ്സിൽ വർഗ്ഗീസ്സ് പുണ്യവാളനോട് നന്ദി പറഞ്ഞ് സീറ്റിൽ ഇരുന്നു. കണക്കു ടീച്ചർ വന്നു ഹോംവർക്ക് പരിശോധിക്കുമ്പോൾ എനിക്ക് നിറഞ്ഞ സംതൃപ്തിയായിരുന്നു. ഹോംവർക്ക് ചെയ്യാതെ വന്നവർക്ക് ചൂരൽവടികൊണ്ട് കൈവെള്ളയിൽ അടി കൊടുക്കുന്നതും നോക്കിയിരുന്നു. കൂട്ടത്തിൽ തോമാസ്സുകുട്ടി ശിക്ഷ വാങ്ങുന്നതു കണ്ടപ്പോൾ മനസ്സിൽ അലിവു തോന്നി. കണക്കു ടീച്ചർ ക്ലാസ്സ് കഴിഞ്ഞു പുറത്തുപോയപ്പോൾ ഞാൻ തോമാസ്സുകുട്ടിയുടെ അടുത്തു ചെന്നു. കൈവെള്ള തടവികൊണ്ട് ചോദിച്ചതിനു തോമാസ്സുകുട്ടി മറുപടിയൊന്നും പറഞ്ഞില്ല.

"വർഗ്ഗീസ് പുണ്യവാളനോടു പ്രാർത്ഥിച്ചാൽ മതി, ടീച്ചർ നോക്കുമ്പോൾ അറിയാതെ മാർക്കിട്ട് പോകും." പുതിയ ഒരറിവ് പകർന്നു കൊടുക്കുംപോലെയാണ് ഞാനത് പറഞ്ഞത്. പുഞ്ചിരിച്ചുകൊണ്ട് തോമാസ്സുകുട്ടി പറഞ്ഞു: "സംശയം തോന്നിയാൽ ചോദിക്കാൻ മടിക്കണ്ട."

പിന്നെ എപ്പഴൊ തോമാസ്സുകുട്ടി എന്നെ ചേട്ടാ എന്നു വിളിക്കാൻ തുടങ്ങി. ഒരിക്കൽ പള്ളിയിലേക്ക് പ്രാർത്ഥനയ്ക്കായി വിളിച്ചപ്പോൾ തോമാസ്സുകുട്ടി പറഞ്ഞു: "ചേട്ടൻ പറഞ്ഞാൽ മതി. വർഗ്ഗീസ്സു പുണ്യവാളനോടു എൻെറ കാര്യംകൂടി ചേട്ടൻ പറഞ്ഞാൽ മതി." തോമാസ്സുകട്ടി നടന്നു പോകുന്നതു നോക്കി മനസ്സിൽ പറഞ്ഞു: "വർഗ്ഗീസ്സു പുണ്യവാളാ തോമാസ്സുകുട്ടിയോടു ക്ഷമിക്കണെ."

പട്ടണത്തിലെ പഠനത്തിൻെറ തിരക്കൊഴിഞ്ഞ ദിവസങ്ങളിൽ വീട്ടിലേക്ക് വന്ന നാളുകളായിരുന്നു. തീർത്തും അവിചാരിതമായിട്ടായിരുന്നു തോമാസ്സുകുട്ടിയെ കാണുന്നത്. പള്ളിയിൽ തിരുകർമ്മങ്ങളിൽ പങ്കെടുക്കുക എന്ന ലക്ഷ്യമെ എനിക്കുണ്ടായിരുന്നുള്ളൂ. ഏറെ കാര്യങ്ങൾ തോമാസ്സുകുട്ടിയോടു സംസാരിക്കാനുണ്ടായിരുന്നു. ഒത്തിരി വിശേഷങ്ങൾ. എന്നിട്ടും ഞാൻ പള്ളിയിൽ എത്താനുള്ള തിടുക്കം കാട്ടി. നാളേറെയായിരിക്കുന്നു വർഗ്ഗീസ്സു പുണ്യവാളനോടു പ്രാർത്ഥിച്ചിട്ട്. പുണ്യവാളനോടുള്ള പ്രാർത്ഥന പട്ടണത്തിലായാ

ലും മുടക്കാറുള്ളതല്ല. തോമാസ്സുകുട്ടിയെ പള്ളിയിൽ പ്രാർത്ഥനയ്ക്കായി കണ്ടിട്ടുള്ളതായി ഞാൻ ഓർക്കുന്നില്ല. എൻെറ തിരക്കു കണ്ടിട്ടാകണം അ യാൾ ഒരു നിസംഗതയോടെ എന്നോടു യാത്ര പറഞ്ഞു. തോമാസ്സുകുട്ടിക്ക് തിടുക്കമൊന്നുമില്ലെന്നു കണ്ട് ഞാൻ ചോദിച്ചു: "തോമാസ്സുകുട്ടിക്ക് ഈശ്വര നിൽ വിശ്വാസമില്ലേ."

"നിങ്ങളെ കണ്ടപ്പോൾ ഈശ്വരനെ കണ്ടതുപോലെയായി. നിങ്ങളോടു സംസാരിച്ചപ്പോൾ ഈശ്വരനോടു സംസാരിച്ചതുപോലെയായി. ഇതിൽ കൂടു തൽ ഈശ്വരവിശ്വാസമില്ല." എനിക്ക് തോമാസ്സുകുട്ടി പറഞ്ഞതു മനസ്സിലാ യില്ല. ഞാൻ ഒരു കാലടി പിന്നോട്ടു വച്ചിട്ട് മനസ്സിൽ വർഗ്ഗീസ്സു പുണ്യവാള നോട് പ്രാർത്ഥിച്ചു: "വർഗ്ഗീസ്സു പുണ്യവാളാ തോമാസ്സുകുട്ടിയോടു ക്ഷമി ക്കണേ."

പള്ളിയിലെ പ്രാർത്ഥന കഴിഞ്ഞ് തിരിച്ചെത്തിയ വീട്ടുകാർ എന്നോടു ദേഷ്യപ്പെട്ടു. വീട്ടുകാർ തോമാസ്സുകുട്ടിയെ ദുർമാർഗ്ഗിയും തെമ്മാടിയും നിരീശ്വരവാദിയുമായി ചിത്രീകരിച്ചു പറഞ്ഞതിൽ എനിക്കൽപ്പം ജാള്യത തോന്നാ തിരുന്നില്ല. അന്നത്തെ സംഭവത്തിനു ശേഷം ഒരുകാര്യം ഉറപ്പായി. തോമാസ്സു കുട്ടിയോട് ഞാൻ സംസാരിക്കുന്നതു പോലും വീട്ടുകാർക്ക് ഇഷ്ടമല്ല. വീട്ടു കാർ തോമാസ്സുകുട്ടിയുടെ ഛായയിൽ യൂദാസ്സിൻെറ സാന്നിധ്യമാണ് കാണു ന്നത്. പള്ളിയേയും ഈശ്വരനേയും തള്ളിപ്പറയുന്ന യൂദാസ്സിൻെറ സാന്നിധ്യം.

തോമാസ്സുകുട്ടിയുടെ ഛായയ്ക്ക് യൂദാസ്സിൻെറ സാദൃശ്യം കൊടുക്കു വാൻ എനിക്ക് കഴിയുമായിരുന്നില്ല. തോമാസ്സുകുട്ടിയുടെ ഛായയ്ക്ക് യൂദാ സ്സിൻെറ സാദൃശ്യം കൊടുക്കുവാൻ ശ്രമിക്കുന്നതിൽ ഞാൻ പരാജയപ്പെടുന്നു ണ്ടായിരുന്നു. തോമാസ്സുകുട്ടി പറഞ്ഞ വാക്കുകൾ ഓർമ്മയിൽ ഓടിയെത്തി: "നമ്മൾ തന്നെയാണ് ഈശ്വരൻ. നമ്മുടെ പ്രവൃത്തികളിലാണ് ഈശ്വരൻ."

നാടിനെപ്പറ്റിയുള്ള ഓർമ്മകളിൽ തോമാസ്സുകുട്ടി പച്ചയായി നിലനിന്നി രുന്നു. മറ്റുള്ളവരുടെ പ്രവർത്തികളെ വിലയിരുത്തി അവരിൽ ഈശ്വരദർശനം കാണാൻ തുടങ്ങിയത് എന്നു മുതലാണ്. തോമാസ്സുകുട്ടിയുടെ വാക്കുകൾ എന്നെ സ്വാധീനിച്ചിരിക്കണമെന്നു എനിക്ക് തോന്നി.

വീട്ടുകാർക്ക് ഞാൻ തോമാസ്സുകുട്ടിയോട് സംസാരിക്കുന്നതിൽപോലും എതിർപ്പുണ്ടായിരുന്നു. എനിക്ക് ജോലിയായതും എൻെറ വിവാഹവും ഞാൻ തോമാസ്സുകുട്ടിയെ അറിയിക്കാതിരുന്നത് മനഃപൂർവ്വമായിരുന്നു.

കുട്ടികളോടൊത്ത് അവധിക്കു നാട്ടിലേക്കു വന്ന നാളുകളായിരുന്നു. എനിക്ക് വല്ലാത്ത ഉത്സാഹം തോന്നി. വർഗ്ഗീസ്സു പുണ്യവാളൻെറ രൂപത്തിനു മുൻപിൽ എത്തിയപ്പോൾ ഞാൻ കുട്ടികളോടായി പറഞ്ഞു. "വർഗ്ഗീസ്സു പുണ്യ

വാളനോടു പ്രാർത്ഥിച്ചോളൂ." കുട്ടികൾ കൈകൾ കൂപ്പുന്നതും രൂപം തൊട്ടു മുത്തുന്നതും കണ്ട് ഞാൻ പരിസരങ്ങളിലെ മാറ്റങ്ങൾ ശ്രദ്ധിക്കുകയായിരുന്നു. കുട്ടികൾ ചോദിച്ചു: "ഡാഡി, ഡാഡിയെന്താ പുണ്യവാളനോടു പ്രാർത്ഥിക്കാതിരുന്നത്."

അപ്പോഴാണ് ഞാനക്കാര്യം മറന്നിരിക്കുന്നു എന്നു മനസ്സിലാക്കിയത്. കൂടെ കൂടെ മറവി സംഭവിക്കുന്നു എന്നു സമ്മതിച്ചു നടത്തം തുടർന്നു. ഞാനീയിടെയായി പള്ളിയിൽ പോകുന്നതും കുറച്ചിരിക്കുന്നു. ഞാൻ പള്ളിയേയും പ്രാർത്ഥനയേയും ഉപേക്ഷിച്ചുവൊ എന്ന് പരിചിതരായവർ പലരും ചോദിച്ചു തുടങ്ങിയിരിക്കുന്നു.

പെട്ടെന്നാണ് തോമാസ്സുകുട്ടിയെ ഓർമ്മവന്നത്. അതു പതിവുള്ളതാണ്. നാട്ടിലെത്തിയാൽ തോമാസ്സുകുട്ടി ഓർമ്മകളിൽ ഓടിയെത്തും. ഓരോ മനുഷ്യരുടേയും മുഖത്ത് ഈശ്വരനെ കാണാൻ ശ്രമിക്കുന്ന തോമാസ്സുകുട്ടി. ഓരോ മനുഷ്യരും ഈശ്വരൻ തന്നെയായിരിക്കുമൊ. എനിക്ക് ഒന്നിലും ഉറപ്പില്ലായിരുന്നു. ഞാൻ യൂദാസ്സിൻെറ മുഖമായിരുന്നുവല്ലൊ മനുഷ്യരിൽ കണ്ടിരുന്നത്. മുപ്പത് വെള്ളിക്കാശിനായി ഈശ്വരനെ ഒറ്റുകൊടുത്ത യൂദാസ്സിൻെറ മുഖം. പക്ഷെ തോമാസ്സുകുട്ടി, ഈയിടെയായി ഞാനും നിന്നെപ്പോലെ മനുഷ്യരിൽ ഈശ്വരദർശനം കാണാൻ ശ്രമിക്കുന്നു. എൻെറ ചിന്തയും നിന്നെപ്പോലെ മനഷ്യൻെറ പ്രവൃത്തികളിൽ ഈശ്വരനെ കാണാൻ ശ്രമിക്കുന്നു. തോമാസ്സുകട്ടി, നീയെൻെറ മാർഗ്ഗദർശിയായിരിക്കുന്നു.

എൻെറ തെറ്റുകൾ തോമസ്സുകുട്ടിയോടു ഏറ്റു പറയണം. എൻെറ ജോലി, എൻെറ വിവാഹം എല്ലാം എനിക്ക് തോമാസ്സുകുട്ടിയോടു പറയണം. എന്നിട്ട് തോമാസ്സുകുട്ടിയുടെ വിവരങ്ങൾ ചോദിച്ചറിയണം. ഞാനായിരുന്നു യഥാർത്ഥത്തിൽ യൂദാസ്സായിരുന്നതെന്നു ഏറ്റു പറയണം. ഞാനായിരുന്നു യഥാർത്ഥ തെറ്റുകാരൻ എന്നു പറയണം. തോമാസ്സുകുട്ടിയെപ്പോലൊരു മനുഷ്യനെ തിരിച്ചറിയാതെ പോയ തെറ്റുകാരൻ.

തല താഴ്ത്തിയാണ് ഞാൻ തോമാസ്സുകുട്ടിയുടെ മുറിയിലേക്ക് കയറിയത്. എല്ലുന്തി വില്ലുപോലെ ഒരു രൂപം കട്ടിലിൽ കിടപ്പുണ്ടായിരുന്നു. ഞാൻ ആകെ സ്തംഭിച്ചു നിന്നുപോയി. എന്നും ഉശിരോടെ കൈകൾ വീശി തലയുയർത്തി ആരേയും കൂസ്സാതെ നടന്നിരുന്ന തോമാസ്സുകുട്ടി. എന്നെ കണ്ടിട്ട് തോമാസ്സുകട്ടി തിരിച്ചറിഞ്ഞതായി ഭാവിച്ചില്ല. തോമാസ്സുകുട്ടിയുടെ മുഖത്ത് ഭയം കാണുന്നുണ്ടായിരുന്നു.

"തോമാസ്സുകുട്ടി ഇതു ഞാനാണ്. എല്ലാവരിലും ഈശ്വരനെയായിരുന്നുവല്ലൊ ദർശിക്കാൻ ശ്രമിച്ചിരുന്നത്. ഞാനും ഇപ്പോൾ നിന്നെപ്പോലെ

---

എസ്. കാച്ചപ്പിള്ളി

എല്ലാ മനുഷ്യരിലും ഈശ്വരനെ ദർശിക്കാൻ ശ്രമിക്കുന്നു."

തോമാസ്സുകുട്ടി മറുപടിയൊന്നും പറഞ്ഞില്ല. കൈകൾ ഉയർത്തി തലയിണക്കടിയിലായി പരതി. തലയിണക്കടിയിലെ കൊന്ത തിരയുകയാണെന്നു മനസ്സിലാക്കിയ ഞാൻ കൊന്ത കൈയ്യിലെടുത്തു. ഒരവിശ്വാസിയെപ്പോലെ ഞാൻ പറഞ്ഞു: "തോമാസ്സു കുട്ടി, ഇത്... കൊന്ത..."

കൊന്ത വാങ്ങി തോമാസ്സുകുട്ടി കുരിശ് കൈയ്യിലെടുത്തു. മുഖം മറക്കാനായി വശം തിരിഞ്ഞു കിടന്നു. എന്നിട്ട് പറഞ്ഞു: "വയ്യ... എന്നെ ഒന്നും ഓർമ്മിപ്പിക്കരുത്. എനിക്കും യൂദാസ്സിനെ മാത്രമെ കാണാൻ സാധിക്കുന്നുള്ളൂ. യൂദാസ്സ്... യൂദാസ്സ് മാത്രം."

---

എസ്. കാച്ചപ്പിള്ളി

# 5

# നാൽക്കാലികൾക്കിടയിലൊരു സ്വകാര്യവീട്

ഭൂമിയുടെ വില വല്ലാതെ വർദ്ധിച്ചിരിക്കുന്നു. തീരെ പ്രതീക്ഷിച്ചിരുന്നതായിരുന്നില്ല. ഇന്നു ബ്രോക്കർ വരാമെന്നു പറഞ്ഞിട്ടുള്ള ദിവസമാണ്. ഇപ്രാവശ്യമെങ്കിലും വിലയുമായി ഒത്തുപോകാതിരിക്കില്ല. സുനിൽ സകല ദൈവങ്ങളേയും വിളിച്ചു. ഇന്നു കാണാമെന്നു പറഞ്ഞുവച്ചിരിക്കുന്ന ഭൂമിക്ക് അഡ്വാൻസ് കൊടുക്കണം. പുഴയരുകിലെ ഭൂമിയിൽ ഒരു കൊച്ചു വീട്. സുനിലിന് എന്നും പുഴകളും കായലുകളും ഒരു ആവേശം തന്നെയായിരുന്നു. ഇപ്രാവശ്യം കാണാമെന്നു വച്ചിരിക്കുന്ന ഭൂമിയും പുഴയോരത്താണ്. പുഴയരുകിലായതിനാൽ ഭൂമിക്ക് അൽപം വിലകുറയാതിരിക്കില്ല. പുഴയരുകിലായതുകൊണ്ടു മാത്രമല്ല, ഭൂമിക്ക് അൽപം വിലകുറച്ചുകിട്ടുമെന്ന് സുനിൽ കരുതിയത്. റോഡിൽ നിന്നും വളരെ അകത്തേക്കു മാറി അൽപം ഡ്രൈവ് ചെയ്യുകയൊ, ഓട്ടോയിൽ പോവുകയൊ മറ്റൊ ചെയ്താലെ സ്ഥലത്തെത്താൻ കഴിയുകയുള്ളൂ എന്നാണ് ബ്രോക്കർ പറഞ്ഞത്. ഭാഗ്യം അൽപം നടന്നാലും ഒരു വാടക വീട്ടിലേക്ക് മാറുന്നതിലും നല്ലത് ഇതു തന്നെയാണ്. പുഴയരുകുവരെ വഴിയുമുണ്ട് എന്നത് സുനിൽ ഒരു ഭാഗ്യമായി കരുതി.

സുനിൽ അങ്ങുമിങ്ങും നടന്നു. ഭൂമിക്ക് അഡ്വാൻസ് കൊടുക്കുന്നതിനെപ്പറ്റിയായിരുന്നു ചിന്ത. അശ്വതിയെ വിളിച്ചാലൊ എന്ന് സുനിൽ സംശയിച്ചു. ഇന്ന് ഭൂമിക്ക് അഡ്വാൻസ് കൊടുക്കുന്ന ദിവസമാണെന്നു ഇന്നലെ രാത്രി കിടക്കുന്ന നേരത്തുകൂടി പറഞ്ഞിരുന്നതാണ്. എന്നിട്ടുമെന്തെ അശ്വതിക്ക്...

---

എസ്. കാച്ചപ്പിള്ളി

ഇങ്ങനെ കൂർക്കം വലിച്ചുറങ്ങാൻ കഴിയുന്നു. അതൊ താൻ പറഞ്ഞത് അശ്വതി കാര്യമാക്കിയെടുത്തിട്ടില്ലായിരിക്കുമൊ. എന്നത്തേയുംപോലെ ഇപ്രാവശ്യവും വിലയുമായി ചേരാതെ തിരിച്ചു പോരേണ്ടി വരാതിരുന്നാൽ മതിയായിരുന്നു. ഓരോ പ്രാവശ്യവും ഭൂമി കണ്ടുമടങ്ങുമ്പോൾ അശ്വതി പറയും നല്ല ഭൂമി യാണ്. എത്ര വിലകൊടുത്താലും നഷ്ടമല്ല എന്നൊക്കെ. പക്ഷെ ഭൂമിവില യുമായി ഒത്തു പോകാനാകാതെ തിരിച്ച് തലകുമ്പിട്ട് അശ്വതിയുടെ മുൻപിൽ നിൽക്കേണ്ടി വരുന്നതിൽ എന്നും തനിക്ക് ഒരപകർഷതാബോധം തോന്നിയിട്ടു ണ്ട് എന്നത് സുനിൽ മനസ്സിലോർത്തു. എന്തും വരട്ടെ എന്നു കരുതി സുനിൽ അശ്വതിയെ വിളിക്കാൻ തീരുമാനിച്ചു. എന്തായാലും അശ്വതിക്കും കുട്ടികൾ ക്കും വേണ്ടി കൂടിയാണല്ലൊ താൻ ഭൂമി വാങ്ങുന്നതും വീടുവക്കാൻ പോകു ന്നതും. സുനിൽ അശ്വതിയെ വിളിച്ചു. സമയം ആറായിരിക്കുന്നു. ബ്രോക്കർ രാവിലെ വരാമെന്നാണ് പറഞ്ഞിരിക്കുന്നത്.

അശ്വതി ഉറക്കച്ചടവിലായിരുന്നു. "ബ്രോക്കറുടെയൊന്നും ആവശ്യമില്ല. ലതച്ചേച്ചിയുമായി ഞാൻ നേരിട്ട് സംസാരിച്ചിരുന്നു." സുനിൽ അശ്വതിയെ നോക്കി. ഒന്നും മനസ്സിലാകാത്തവനെപ്പോലെ സുനിൽ ചോദിച്ചു. "ഉടമയെ നീയറിയുമൊ ?"

അശ്വതി പറഞ്ഞു: "ഉവ്വ് നമ്മടെ പ്രാരാബ്ധങ്ങളൊക്കെ അറിയാവുന്നയാ ളാണ്. കാശ് ഒന്നിച്ചുകൊടുത്തില്ലെങ്കിലും സാരമില്ല എന്നു പറഞ്ഞു." സുനിൽ വല്ലാതായി. ബ്രോക്കർ അങ്ങനെയൊന്നും പറഞ്ഞില്ലല്ലൊ. ആദ്യം അഡ്വാൻ സായി കാശു കൊടുക്കുക. ആറുമാസത്തിനുശേഷം കാശ് മുഴുവനായി കൊടുത്ത് ഭൂമി സ്വന്തമാക്കുക. സുനിൽ പറഞ്ഞു: "ബ്രോക്കർ വരാമെന്നു പറഞ്ഞിട്ടുണ്ട്. ആദ്യം അയാളോടൊന്ന് നേരിൽ സംസാരിക്കട്ടെ. എന്നിട്ട് തീരുമാനിക്കാം."

"നേരം വെളുക്കുന്നതെയുള്ളൂ. ലതച്ചേച്ചി ഇപ്പോൾ അമ്പലത്തിലേക്ക് പോയിക്കാണും. അല്ലായെങ്കിൽ ഒന്നു വിളിച്ചു നോക്കാമായിരുന്നു." അശ്വതി ആത്മഗതമെന്നോണമാണ് ഇതു പറഞ്ഞത്.

സുനിലിന് വല്ലാത്ത അത്ഭുതം തോന്നി. അശ്വതിക്ക് ഫോൺ നമ്പർ വരെ ലഭിച്ചിരിക്കുന്നു. എന്നിട്ടും അശ്വതി ഇക്കാര്യം ഇന്നലെവരെ പറഞ്ഞില്ലല്ലൊ. സുനിലിന് വല്ലാത്ത കുണ്ഠിതം തോന്നി. താൻ എന്തൊക്കെയാണ് അശ്വതിയെ പ്പറ്റി വിചാരിച്ചത്. അശ്വതിക്ക് ഭൂമി വാങ്ങുന്നതിനെപ്പറ്റി അൽപംപോലും ചിന്തയില്ലായെന്നാണ് കരുതിയിരുന്നത്. താൻ മാത്രം ഭൂമി വാങ്ങുന്നതിനെപ്പറ്റി ചിന്തിച്ച് ഉറക്കമില്ലാതെ, ഒരു പരിഹാരം കാണാനാവാതെ, വിമ്മിട്ടപ്പെട്ട്... ജാള്യത മറച്ചു വക്കാനെന്നോണം സുനിൽ പറഞ്ഞു: "നീയും വരുന്നൊ, ഭൂമി

കാണുവാൻ."

അശ്വതി പറഞ്ഞു: "ഞാൻ ഭൂമിയുടെ കാര്യമല്ല പറഞ്ഞത്. ലതച്ചേച്ചി കഴിഞ്ഞ ദിവസം ഫോൺ വിളിച്ചിരുന്നു. അവരുടെ പശുവിനെ വിൽക്കുന്ന കാര്യം പറഞ്ഞിരുന്നു." ശരിയാണ്. അശ്വതി പശുവിനെ വാങ്ങുന്ന കാര്യം പറഞ്ഞിരുന്നു. പശുത്തൊഴുത്ത് ഒഴിഞ്ഞുകിടക്കുകയാണ്, ഒരു പശുവിനെ വാങ്ങിയാൽ ഇടവരുമാനമാവുമല്ലൊ എന്നു പറഞ്ഞിരുന്നു. താൻ തന്നെയാണ് അതിനെ നിരുത്സാഹപ്പെടുത്തിയതും. അശ്വതിക്ക് ഇപ്പോൾതന്നെ നിന്നുതിരിയാൻ നേരമില്ലാതായിരിക്കുന്നു.

സുനിലിന് എന്തു പറയണമെന്നറിയില്ലായിരുന്നു. എങ്കിലും അശ്വതി ഇത് അൽപം കൂടുതൽ തന്നെയാണ്. സ്വന്തമായി ഒരു വീട് വയ്ക്കുവാൻ അൽപം ഭൂമി വാങ്ങുന്ന കാര്യം പറയാൻ തുടങ്ങിയിട്ട് നാളുകളായിരിക്കുന്നു. ഇന്നലെകൂടി പറഞ്ഞിരുന്നതാണ്. എന്നിട്ടും, അശ്വതി അതിനെപ്പറ്റി മറന്നിരിക്കുന്നു. സുനിലിന് വല്ലാത്ത ദേഷ്യവും സങ്കടവും തോന്നി.

ഭൂമി വാങ്ങണമെന്ന മോഹം സുനിലിനില്ലായിരുന്നു. വീട് വയ്ക്കാൻ അൽപം ഭൂമി അത്രയെ വേണ്ടൂ. അതിപ്പോൾ അത്ര വലിയ കാര്യമായി കരുതിയിരുന്നില്ല. മുതിർന്നവർ ഭൂമി വാങ്ങുന്നതിനെപ്പറ്റി പറയുമ്പോഴൊക്കെ സുനിൽ പറയും: "താഴെയുള്ളവർ വലുതാകട്ടെ, ഭൂമിയുടെ വിലയൊന്നും കൂടാൻ പോകുന്നില്ല."

ഇനിയിപ്പോൾ താമസം മാറ്റുന്ന കാര്യം നീട്ടികൊണ്ടു പോകാൻ പറ്റാതായിരിക്കുന്നു. കഴിഞ്ഞ ദിവസം അമ്മയും അമ്മാവനുംകൂടി പറഞ്ഞകാര്യം സുനിൽ മനസ്സിലോർത്തു. "ഇളയവൻെറ കല്യാണത്തിനുമുൻപ് ചേട്ടൻ താമസം മാറ്റണം. അതാണ് നാട്ടുനടപ്പ്." സുനിൽ മനസ്സിലോർത്തു: "തനിക്കു മാത്രമായി നാട്ടുനടപ്പു മാറ്റാൻ പറ്റില്ലല്ലൊ. എത്രയും വേഗം ഭൂമി വാങ്ങണം താമസ്സം മാറ്റണം.

ഇപ്പോൾതന്നെ വീടിനകത്ത് ഞെരുക്കമുള്ളതായി സുനിലിന് തോന്നി. ഒരുവിധം അഡ്ജസ്റ്റ് ചെയ്തു പോകുന്നു എന്നു മാത്രം. അശ്വതി ഇക്കാര്യം ഇടക്കൊക്കെ ഓർമിപ്പിച്ചിട്ടുള്ളതാണുതാനും. ഇങ്ങനെ എത്രനാൾ കഴിയും. എപ്പോഴായാലും താമസം മാറ്റണം. എന്നാൽപ്പിന്നെ മുൻകൂട്ടി മാറരുതൊ എന്നു മുതിർന്നവർ ചോദിച്ചിട്ടുള്ളതാണ്. അതിനൊക്കെ സമയമാകട്ടെ എന്നെ സുനിൽ മനസ്സിൽ കരുതിയിരുന്നുള്ളൂ. വീടും പരിസരവും മാറി മറ്റൊരിടത്തേക്കു പോകുവാനുള്ള മടിയായിരിക്കാം കാരണം. ഇനിയിപ്പോൾ സമയമായിരിക്കുന്നു. ഇനിയും നീട്ടികൊണ്ടു പോകാൻ വയ്യാതായിരിക്കുന്നു.

ഭൂമി വില ഇത്രമാത്രം വർദ്ധിക്കുമെന്നു സുനിൽ കരുതിയിരുന്നില്ല. ഭൂമി

---

എസ്. കാച്ചപ്പിള്ളി

വാങ്ങാൻ നടക്കുന്നവരോട് സുനിൽ പറയുമായിരുന്നു. ''ഭൂമിയുടെ വില യൊന്നും കൂടുവാൻ പോകുന്നില്ല. കുറയുവാനാണ് സാധ്യത. നമ്മുടെ ജന സംഖ്യ മൈനസ്സിലേക്ക് താഴ്ന്നു കൊണ്ടിരിക്കുകയാണ്. ഭൂമി വില കൂടുവാൻ പോകുന്നില്ല.'' എന്നൊക്കെ മറ്റുള്ളവരോടു പറയുകയും സ്വയം ആശ്വസി ക്കുകയുമൊക്കെ ചെയ്തിരുന്നതാണ്.

സുനിൽ സത്യമായും ഭൂമി വില വർദ്ധിക്കില്ല എന്നു തന്നെയാണ് വിശ്വ സിച്ചിരുന്നത്. കൃഷിയോടുള്ള താൽപര്യം ആർക്കുമില്ലാതായിരിക്കുന്നു. ഭൂമി കൃഷിയാവശ്യത്തിനായി ഉപയോഗിക്കുന്നുമില്ല. ജനസംഖ്യയാണെങ്കിൽ താഴോട്ടാണുതാനും. പിന്നെ എങ്ങനെയാണ് വില വർദ്ധനവ് എന്നതായിരു ന്നു സുനിലിൻെറ ചോദ്യം. പക്ഷെ ഇപ്പോൾ കാര്യങ്ങൾ ആകെ തകിടം മറിഞ്ഞിരിക്കുന്നു.

ഭൂമിക്കിപ്പോൾ കേട്ടാൽ പൊള്ളുന്ന വിലയായിരിക്കുന്നു. ഒന്നും രണ്ടു മല്ല, നൂറും ഇരുനൂറും ഇരട്ടിവരെ വില വർദ്ധിച്ചിരിക്കുന്നു. ഭൂമിവാങ്ങി വീടു വയ്ക്കുന്നതിലും നല്ലത് ആ പണം ബാങ്കിലിട്ട് വാടകവീട്ടിൽ താമസ്സിക്കു ന്നതാണ് നല്ലത്. എന്നൊക്കെ സുനിൽ വീമ്പിളക്കിയിരുന്ന ഒരു കാലമുണ്ടാ യിരുന്നു. തൻെറ സ്റ്റാറ്റിസ്റ്റിക്ക്സിലുള്ള അറിവിൽ സുനിൽ അഭിമാനിക്കു കയും ചെയ്തിരുന്നു.

രാഷ്ട്രീയപാർട്ടിയുടെ പ്രവർത്തകരായി നടന്നിരുന്നവരിൽ നല്ല പങ്കും ഭൂമി ദല്ലാളൻമാരൊ, ഭൂമി വാങ്ങി വിൽപ്പന നടത്തുന്നവരൊ ആയി മാറി യിരിക്കുന്നതായി സുനിൽ മനസ്സിലാക്കി. ഒന്നുവച്ചാൽ പത്ത് എന്ന തോതി ലായിരിക്കുന്നു ഭൂമിയുടെ വിലവർദ്ധനവ്. എന്തായാലും ഇനി നീട്ടികൊണ്ടു പോകാൻ വയ്യ. വീടുവയ്ക്കാൻ അൽപം ഭൂമി വാങ്ങണം. അമ്മയും അമ്മാ വനും പറഞ്ഞപോലെ താഴെയുള്ളവർ വിവാഹം കഴിക്കുന്നതിനു മുൻപു തന്നെ വീടു മാറേണ്ടതായിരുന്നു. ഇപ്പോൾതന്നെ തൻെറ കിടപ്പ് വരാന്തയി ലേക്ക് മാറ്റേണ്ടി വന്നിരിക്കുന്നു.

ബ്രോക്കറോടൊത്ത് പോകുമ്പോഴും ഈ സ്ഥലമെങ്കിലും ഇണങ്ങി കിട്ടണെ എന്നു സുനിൽ മനസ്സിൽ പ്രാർത്ഥിക്കുകയായിരുന്നു. കാര്യങ്ങൾ തകിടം മറിയുകയായിരുന്നു. വീട് വയ്ക്കാനാണ് എന്നു പറഞ്ഞപ്പോൾ തന്നെ ഉടമയ്ക്ക് എന്തൊ പന്തികേടു തോന്നിയിരിക്കണം. സ്ഥലമുടമ പറഞ്ഞു: ''റിസോർട്ടിനു പറ്റിയ ഏരിയയാണ്. കാശുള്ളവർക്ക് വീടും വയ്ക്കാം.''

അടുത്ത പ്രദേശങ്ങളിൽ ഭൂമി കച്ചവടം നടന്നതിനെപ്പറ്റി അയാൾ വാതോ രാതെ ആമുഖമെന്നവണ്ണം പറഞ്ഞുകൊണ്ടിരുന്നു. ടൂറിസ്റ്റുകൾക്കായി അ ഭാഗത്ത് റിസോർട്ടുകളുടെ പണി നടന്നുവരികയാണ്. തന്നെക്കൊണ്ട് താങ്ങാ

വുന്ന വിലയല്ല എന്ന് സുനിൽ മനസ്സിലാക്കി. സത്യത്തിൽ സുനിലിന് തന്നോടു തന്നെ അമർഷം തോന്നി. കാര്യങ്ങൾ അന്വേഷിച്ചറിയാതെ ഭൂമി കാണാൻ കൊണ്ടുവന്നതിലുള്ള അമർഷം രേഖപ്പെടുത്തികൊണ്ട് സുനിൽ ബ്രോക്കറോട് പറഞ്ഞു: "ഇത്രയും കഷ്ടപ്പെടുത്തേണ്ടിയിരുന്നില്ല."

കാര്യങ്ങളുടെ നിജസ്ഥിതി ഏതാണ്ട് സുനിലിന് ബോധ്യമായി. ഒരു വീട് വയ്ക്കുവാൻ ഭൂമി വാങ്ങുക തന്നെക്കൊണ്ട് എളുപ്പത്തിൽ കൂട്ടാവുന്നതല്ല. തിരിച്ചു വീട്ടിലെത്തുമ്പോൾ സുനിൽ ഒരു കാര്യം ഉറപ്പിച്ചിരുന്നു. ഏതെങ്കിലും ഓണംകേറാമൂലയിൽ ഭൂമി വാങ്ങുന്നില്ല. പകരം ഒരു വാടക വീട് അന്വേഷിക്കുകതന്നെ.

മടിച്ചു മടിച്ചാണ് സുനിൽ അശ്വതിയുടെ മുഖത്തേക്ക് നോക്കിയതും വാടക വീട് എന്ന തൻെറ തീരുമാനം അശ്വതിയോടു വെളുപ്പെടുത്തിയതും. ഭൂമിയുടെ വില വല്ലാതെ കൂടിയതും പുഴയോരമെല്ലാം ടൂറിസ്സത്തിൻെറ ഭാഗമായി റിസ്സോർട്ടുകൾ പണിയുന്നതുമെല്ലാം സുനിൽ വിവരിക്കുന്നുണ്ടായിരുന്നു. അശ്വതി മറിച്ചൊന്നും പറയുകയൊ, കേൾക്കുന്നതായി ഭാവിക്കുകയൊ ഉണ്ടായില്ല.

വാടക വീട് തിരക്കി നടന്നപ്പോഴാണ് അമ്മാവൻ പറഞ്ഞതിൻെറ പൊരുൾ സുനിലിന് ശരിക്കും വ്യക്തമായത്. ഭൂമി വാങ്ങാൻ തന്നെക്കൊണ്ടാവില്ലെന്ന് അൽപ്പം ജാള്യതയോടെയാണ് സുനിൽ അമ്മാവനോട് പറഞ്ഞത്. ഒരു വാടക വീടെടുത്ത് താമസ്സം മാറ്റാനുള്ള തീരുമാനവും അമ്മാവനെ അറിയിച്ചു. അമ്മാവൻ പറഞ്ഞു: "ഭൂമി വില വർദ്ധിച്ചതോടുകൂടി ആളുകൾ വാടക വീടിനായി നെട്ടോട്ടം ഓടുകയാണ്. വാടകയും പതിൻമടങ്ങു വർദ്ധിച്ചിരിക്കുന്നു."

ഒരുവിധം ഒരു വാടകവീട് കണ്ടെത്തി അഡ്വാൻസ് കൊടുത്ത് മടങ്ങുമ്പോൾ ഒരു യുദ്ധം ജയിച്ച പോരാളിയെപോലെ മനസ്സും ശാന്തമായതായി സുനിലിനു തോന്നി. സുനിൽ അശ്വതിയെ കൂട്ടി വാടക വീടു കാണുവാൻ തീരുമാനിച്ചു.

അശ്വതി വീടിൻെറ പരിസരം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. തീരെ വൃത്തിയില്ലാത്ത പരിസരങ്ങൾ. ഒരു വീട്ടിൽനിന്നും കാലെടുത്ത് വയ്ക്കുന്നത് മറ്റൊരു വീട്ടിലേക്കാണ്. അത്രയ്ക്ക് വീടുകൾ തമ്മിൽ അടുത്തിരിക്കുന്നു. ഓടയിൽ അഴുക്കുകൾ കെട്ടികിടക്കുന്നു. ഏതൊ ഒരു കുട്ടി അഴുക്കുകൾക്കിടയിൽ എന്തൊ പരതുന്നുണ്ടായിരുന്നു. അശ്വതി അൽപനേരം കാത്തുനിന്നു. കുട്ടിയെ അതിൻെറ അമ്മ വന്നു എടുത്തുകൊണ്ടു പോയിരുന്നുവെങ്കിൽ എന്നു അശ്വതി ആശിച്ചു. അശ്വതിക്ക് ഏറെ നേരം അവിടെ നിൽക്കാനാവുമായിരുന്നില്ല. വീടിൻെറ അന്തരീക്ഷം മനം പുരട്ടുന്നതുപോലെ അശ്വതിക്കു തോന്നി.

---

സുനിൽ അശ്വതിയുടെ മുഖഭാവം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഒരു കുറ്റവാളിയെപ്പോലെ സുനിൽ അശ്വതിക്കു മുൻപിൽ നിന്നു. സുനിൽ പറഞ്ഞു: "വേണമെന്നുണ്ടായിട്ടല്ല. ഇപ്പോൾതന്നെ വാടക കൊടുക്കുന്നതിന് നല്ലൊരു തുക കരുതണം." എന്നിട്ട് അശ്വതിയെ നോക്കി, ഒന്നു ന്യായീകരിക്കാനെന്നോണം പറഞ്ഞു: "ഇവിടെയാവുമ്പോൾ കുട്ടികളുടെ സ്ക്കൂളും വലിയ ദൂരെയല്ല."

തിരിച്ചുപോരുമ്പോഴും സുനിൽ വാടകവീട് ലഭിക്കുവാൻ താൻപെട്ട പാടിനെ പറ്റി വിവരിക്കുകയായിരുന്നു. വീടെത്തുംവരെ അശ്വതി മറിച്ചൊന്നും പറഞ്ഞിരുന്നില്ല. അശ്വതി എന്തെങ്കിലും പറയട്ടെ എന്നു കരുതി സുനിൽ മൗനം പാലിച്ചുനിന്നു. അശ്വതി പറഞ്ഞു: "ഒഴിഞ്ഞുകിടക്കുന്ന പശുത്തൊഴുത്തിനേക്കാൾ വലിപ്പമൊന്നുമില്ല വാടകവീടിന്. മനസ്സുവച്ചാൽ ഒരു വീടാക്കി മാറ്റാനും കഴിയും."

സുനിൽ ആലോചിക്കുകയായിരുന്നു. അശ്വതിയെയും കുട്ടികളെയും കൊണ്ട് പശുത്തൊഴുത്തിലേക്ക് താമസം മാറ്റുക വയ്യ. ആരെങ്കിലും കേട്ടാലും അതു കുറച്ചിൽ തന്നെ. തന്റെ നിസ്സഹായതയോർത്ത് സുനിലിന്റെ മനസ്സ് നൊമ്പരപ്പെട്ടു. അശ്വതിയുടെ അഭിപ്രായം അമ്മാവനോടൊത്ത് ആലോചിക്കുക തന്നെയെന്നു തീരുമാനിച്ചു. കേട്ടപാടെ അമ്മാവനും അമ്മയും എതിർത്തു. പശുത്തൊഴുത്തിനേക്കാൾ വലിപ്പമൊന്നുമില്ല വാടകവീടിന് എന്ന് കേട്ടപ്പോൾ അവരുടെ അഭിപ്രായം മാറുകയായിരുന്നു. സത്യത്തിൽ അമ്മയ്ക്കായിരുന്നു അശ്വതിയെക്കാൾ കൂടുതൽ സന്തോഷം. ഇനിയൊന്നുമാലോചിക്കാനില്ല എന്നു അമ്മാവൻ പറഞ്ഞപ്പോൾ സുനിലിനും മറ്റൊന്നും ആലോചിക്കാനുണ്ടായിരുന്നില്ല. പശുത്തൊഴുത്ത് വീടാക്കി മാറ്റുകതന്നെ. പിറ്റേ ദിവസം തന്നെ പശുത്തൊഴുത്തിന് ചില്ലറ കൂട്ടിച്ചേർക്കലുകൾ നടത്തി വീടാക്കി മാറ്റുവാനുള്ള ഏർപ്പാടുകൾ ചെയ്തു.

പുതിയ വീട്ടിലേക്ക് താമസം മാറ്റുമ്പോഴും സുനിലിന്റെ മനസ്സിന് നീറ്റലനുഭവപ്പെടുന്നുണ്ടായിരുന്നു. പശുതൊഴുത്ത് വീടാക്കി മാറ്റേണ്ടി വന്നതിലുള്ള കുണ്ഠിതം മനസ്സിനെ നൊമ്പരപ്പെടുത്തിക്കൊണ്ടിരുന്നു. ആളുകളൊക്കെ ഒഴിഞ്ഞപ്പോൾ അശ്വതി പറഞ്ഞു: "എനിക്കിപ്പോൾ ഒരു ലോകം കീഴടക്കിയതുപോലെ തോന്നുന്നു. നമുക്കു മാത്രമായി, നമ്മുടെ സ്വകാര്യലോകത്ത് സ്വന്തമായൊരു വീട്."

എസ്. കാച്ചപ്പിള്ളി

# 6

# മകളെ നീയെന്നെ തോൽപ്പിച്ചു

കുട്ടി കരഞ്ഞുകൊണ്ടു പറഞ്ഞതൊന്നും സുനിതയ്ക്കു മനസ്സിലായിരുന്നില്ല. മറ്റു തെറ്റുകളൊന്നും സംഭവിക്കില്ല എന്ന വിശ്വാസവുമുണ്ടായിരുന്നു. അവിചാരിതമായി ഭക്ഷണത്തിനു രുചിക്കുറവ് കാണിക്കുകയും ഒന്നും രണ്ടും പറഞ്ഞു ദേഷ്യപ്പെടുകയും ചെയ്യുന്നതു കണ്ടപ്പോൾ എന്തോ പന്തികേടു തോന്നി. മകളുടെ ശർദ്ദി അവരുടെ മനസ്സിൽ അശങ്കയും കോപവും ഭയവും ജനിപ്പിച്ചു.

സുനിതയുടെ സാമർത്ഥ്യത്തിനു മുമ്പിൽ മുട്ടുകുത്താത്തവരായി ആരെങ്കിലുമുണ്ടായിരുന്നതായി സുനിതയ്ക്കറിയില്ല. നാക്കുകൊണ്ട് പറയുന്നത് എന്തൊക്കെയാണെന്ന് സുനിതയ്ക്ക് വലിയ നിശ്ചയവുമില്ലായിരുന്നു. ഒരിക്കലും നാണിച്ചിട്ടില്ലാത്ത സുനിതയ്ക്ക് പറയുന്ന വാക്കുകളുടെ പൊരുളും അതിലെ അതികഠിനമായ പ്രയോഗങ്ങളും ഒരു ഹരം തന്നെയായിരുന്നു. ആരെയും പറഞ്ഞു ബോധ്യപ്പെടുത്താനുള്ള പ്രത്യേക കഴിവുത്തന്നെയുണ്ടായിരുന്നു സുനിതയ്ക്ക്.

നാലു മുളകൾ കുത്തിനാട്ടിയ വീടെന്നു പറയാൻതന്നെ ബുദ്ധിമുട്ടു തോന്നുന്ന ഒരു കൂടാരത്തിലായിരുന്നു സുനിതയുടെ ജനനം. കൂട്ടുകാരോടും നാട്ടുകാരോടും തല്ലുകൂടിയും വഴക്കടിച്ചും ഭക്ഷണം കണ്ടെത്തിയാണ് സുനിത വളർന്നത്. പ്രാഥമിക വിദ്യഭ്യാസം പൂർത്തിയാക്കിതുതന്നെ ഇനിയങ്ങോട്ട് സ്ക്കൂളിലേക്കില്ല എന്ന ചിന്തയിലായിരുന്നു. അക്ഷരങ്ങൾ കൂട്ടിവായിക്കാൻ

---

എസ്. കാച്ചപ്പിള്ളി

പ്രയാസപ്പെടുന്ന സുനിത, ആവശ്യത്തിനും അനാവശ്യത്തിനും തല്ലുകൂടുന്ന സുനിത സ്ക്കൂളിലേക്ക് വരുന്നില്ല എന്നറിഞ്ഞതിൽ ടീച്ചർമാർക്കും ഗൂഢമായ സന്തോഷമുണ്ടായിരുന്നു.

ആയിടയ്ക്കാണ് സ്ക്കൂൾ പഠനം ഇടയ്ക്കു വച്ചു നിർത്തുന്ന കുട്ടികളെ കണ്ടുപിടിച്ച് തിരികെ സ്ക്കൂളിലെത്തിക്കുന്ന സാമൂഹ്യസംഘടനയുടെ ശ്രദ്ധയിൽ സുനിതയുടെ കാര്യവും വന്നുപെട്ടത്. ചില്ലറ സാധനങ്ങൾ വാങ്ങാൻ കടയിലേക്ക് ചെന്ന സുനിത കൂട്ടത്തിൽ വിലപിടിപ്പുള്ള മേക്കപ്പ് സാധനങ്ങൾ സഞ്ചിയിലേക്ക് എടുത്തിടുന്ന് കടക്കാരന്റെ ശ്രദ്ധയിൽപെട്ടു. അയാൾ കൈയ്യോടെ സുനിതയെ പിടിച്ചു ചോദ്യം ചെയ്തു. കടയുടമ ബാഗു പരിശോധിക്കാൻ ശ്രമിക്കുന്നതിനു മുൻപ് തന്നെ സുനിത മേക്കപ്പ് സാധനങ്ങൾ എടുത്ത് കൊടുത്തു. കടയുടമ എന്തെങ്കിലും പറയുന്നതിനു മുമ്പു തന്നെ സുനിത അയാളോടു കയർത്തു സംസാരിച്ചു. കടയുടമയ്ക്കു വലിയ ആശ്ചര്യം തോന്നി. സാധനങ്ങൾ വാങ്ങാൻ വരുന്നവരോട് ഇങ്ങനെയാണൊ പെരുമാറുന്നത് എന്ന സുനിതയുടെ ചോദ്യം അയാളിൽ അമ്പരപ്പുളവാക്കി. അങ്ങനെയാണ് കടയുടമ സുനിതയെ പറ്റി തിരക്കിയതും സാമൂഹ്യസംഘടനയുടെ സഹായത്താൽ സുനിതയെ സ്ക്കൂളിലെത്തിച്ചതും.

സുനിതയുടെ എല്ലാ പഠനചിലവുകളും സാമൂഹ്യസംഘടന സ്ക്കൂളധികൃതരെ ഏൽപ്പിക്കും. കൂട്ടത്തിൽ പോക്കറ്റ് മണിയായി കുറച്ചു രൂപയും. അങ്ങനെയാണ് സുനിത പഠനം പൂർത്തിയാക്കിയത്. പോക്കറ്റ് മണി തന്നിഷ്ടത്തിനൊത്തു ചിലവാക്കുന്നതിൽ സുനിത മിടുക്കിയായിരുന്നു. സുനിതയ്ക്ക് മറ്റു കുട്ടികൾക്കുള്ള സാധനങ്ങളോട് ആഗ്രഹം തോന്നിയാൽ അതു സ്വന്തമാക്കാനും പ്രത്യേക കഴിവു തന്നെയുണ്ടായിരുന്നു. കൂട്ടുകാർ അറിയാതെ തന്നെ സുനിത അതു സ്വന്തമാക്കിയിരിക്കും. വളരെ കുറഞ്ഞ നിലവാരത്തിലാണെങ്കിലും സുനിത സ്ക്കൂൾ വിദ്യഭ്യാസം ഒരുവിധം പൂർത്തിയാക്കി.

സ്ക്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് എന്ത് എന്ന ചോദ്യമൊന്നും സുനിതയ്ക്കില്ലായിരുന്നു. സാമൂഹ്യസംഘടയുടെ പ്രവർത്തകർ ടെക്നിക്കൽ ട്രെയിനിങ് സെൻററിൽ സുനിതയ്ക്ക് പ്രവേശനം നൽകി. ട്രെയിനിങ് സെൻററിലെ ഉൽപ്പന്നങ്ങൾ കാണാതാവുന്നതിൽ സുനിതയ്ക്കുള്ള പങ്കിനെപ്പറ്റി അവർക്കും സംശയം തോന്നാതിരുന്നില്ല. സുനിതയുടെ സംസാരത്തിലും പ്രവർത്തിയിലുമുള്ള പൊരുത്തക്കേടുകൾമൂലം സുനിതയെ പറഞ്ഞുവിടണൊ എന്ന് പലവട്ടം ട്രെയിനിങ് സെൻററുകാർ ആലോചിച്ചിരുന്നതാണ്. അദ്ധ്യാപകരോട് കൂടുതൽ ഇടപെടുന്നവരേയും നല്ലവണ്ണം പഠിക്കുന്നവരേയും സുനിത പ്രത്യേകം ഉപദ്രവിച്ചിരുന്നു. ജോലിക്കായി അപേക്ഷകൾ നൽകു

ന്നവരുടെ കൂട്ടത്തിൽ സുനിതയും ചേർന്നത് മറ്റുള്ളവരുടെ നിർബന്ധത്തിനു വഴങ്ങിയാണ്. ഒടുവിൽ നിയമന റിപ്പോർട്ട് ലഭിച്ചപ്പോൾ ഏറെ ആഹ്ളാദിച്ചത് സാമൂഹ്യസംഘടനയുടെ പ്രവർത്തകർ തന്നെയായിരുന്നു.

ജോലിക്ക് ചേരാൻ സുനിതയ്ക്ക് ഏറെ ക്ലേശിക്കേണ്ടി വന്നില്ല. എല്ലാവരുടേയും നല്ല സഹകരണത്തിനു മുന്നിൽ സുനിത പുഞ്ചിരിച്ചു കാണിച്ചു. കൂടെ ജോലി ചെയ്യുന്നവരെ അവരർഹിക്കാത്തവിധം ഉപദ്രവങ്ങൾ ചെയ്യുക എന്നത് സുനിതയ്ക്ക് ഏറെ ഹരമായി തോന്നി. സുനിത വളരുകയായിരുന്നു, എല്ലാവർക്കും ഉപദ്രവകാരിയായി.

കൂടുതൽ അർപ്പണമനോഭാവത്തിൽ ജോലി ചെയ്യുന്നവർക്കെതിരെ പരാതികൾ അധികാരികളെ ബോധിപ്പിക്കും. മറ്റുള്ളവരുടെ സഹകരണത്തിൽ ശക്തിയാർജിച്ച് അവർക്കെതിരെ ഏതു തരത്തിലും പെരുമാറാൻ സുനിതയ്ക്ക് മടിയില്ലായിരുന്നു. സുനിതയുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നവർക്കെതിരെ സുനിത രോഷംകൊള്ളും. അവർക്കെതിരെ സ്വഭാവദൂഷ്യമാരോപിക്കും. അവരുടെ കുറവുകൾ ഓർത്തിരുന്ന് അസമയത്ത് പ്രയോഗിച്ച് അവരുടെ ആത്മബലം നശിപ്പിക്കും. ഒരിക്കൽ സുനിതയുടെ മോശമായ ആരോപണത്തെ സഹിക്കാൻ പറ്റാതെ കൂടെ ജോലി ചെയ്യുന്നയാൾക്ക് ജോലി ഉപേക്ഷിച്ചു പോകേണ്ടതായി വന്നു.

ആ സുനിതയുടെ മകളാണ് ഇപ്പോൾ തിരുത്താൻ പറ്റാത്തവിധം തെറ്റുകാരിയായി സുനിതയുടെ മുൻപിൽ നിൽക്കുന്നത്. സുനിതയ്ക്ക് മകളോട് എല്ലാം ചോദിച്ചറിയണമെന്നുണ്ടായിരുന്നു. ശാന്തമാകാത്ത സുനിതയുടെ മനസ്സ് അതിനു തയ്യാറായിരുന്നില്ല. കോപാഗ്നികൊണ്ട് സുനിത വിറക്കുന്നുണ്ടായിരുന്നു. എന്താണ് പറയുന്നതെന്നും എന്താണ് ചെയ്യുന്നതെന്നും സുനിതയ്ക്ക് നിശ്ചയമുണ്ടായിരുന്നില്ല. സുനിത ഒരു ഭ്രാന്തിയെപ്പോലെ എന്തൊ പുലമ്പുകയും കൈയ്യിൽ കിട്ടിയതെടുത്ത് മകളെ ഉപദ്രവിക്കുകയും ചെയ്തു. സുനിതയുടെ മകൾ ഒന്നും സംഭവിക്കാത്തതുപോലെ നിലകൊണ്ടു. അമ്മയുടെ നിലതെറ്റിയ പെരുമാറ്റം മകളിൽ പ്രത്യേക ചലനങ്ങളൊന്നുമുണ്ടാക്കിയില്ല. അവൾ അമ്മയോടു പറഞ്ഞു: "അമ്മയ്ക്ക് എൻെറ അച്ഛനെ ചൂണ്ടിക്കാണിച്ചു തരുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ പിറക്കാനിരിക്കുന്ന കുഞ്ഞിൻെറ അച്ഛനെ എനിക്ക് ചൂണ്ടിക്കാണിച്ചുകൊടുക്കുവാൻ കഴിയും."

സുനിത സ്തംഭിച്ചു നിന്നു പോയി. എന്നിട്ടു പതിയെ തേങ്ങി: "മകളെ നീയെന്നെ തോൽപ്പിച്ചു."

---

എസ്. കാച്ചപ്പിള്ളി

# 7

# വിനിമയനിരക്കുകളുടെ ലോകം

കൃഷ്ണൻകുട്ടി താടിക്ക് കൈയും കൊടുത്ത് ഒറ്റയിരുപ്പാണ്. ജാനകി ചായയുമായി വരുമ്പോൾ കൃഷ്ണൻകുട്ടിയുടെ കുത്തിപ്പിടിച്ചുള്ള ഇരുപ്പിൽ എന്തോ പന്തികേടു തോന്നി. ജാനകി മെല്ലെ കൃഷ്ണൻകുട്ടിയുടെ അരുകിൽ ഇരുപ്പുറപ്പിച്ചു. ജാനകി കാര്യം ചോദിച്ചിട്ടും കൃഷ്ണൻകുട്ടി അതെ ഇരുപ്പിൽ തന്നെ ഇരുന്നു. മറുപടി ഒന്നും ലഭിക്കാതായപ്പോൾ ജാനകി വല്ലാതെ ഭയപ്പെട്ടു. സങ്കടവും കരച്ചിലും ഉച്ചത്തിലായി. ഇതിയാനിതെന്തു പറ്റി എന്നു ചോദിച്ച് കൃഷ്ണൻകുട്ടിയെ കുലുക്കി വലിച്ചു. ബഹളം വച്ചതുകേട്ട് കൃഷ്ണൻകുട്ടി ഞെട്ടിയുണർന്നു. അയാൾക്ക് വല്ലാത്ത ദേഷ്യം തോന്നി. ദേഷ്യം സങ്കടത്തിനു വഴിമാറും മുമ്പേ കൃഷ്ണൻകുട്ടി പറഞ്ഞു: "നമ്മുടെ മകനെ ദൈവം കാക്കും."

മകൻ ഗൾഫിലേക്ക് പോകുമ്പോൾ കൃഷ്ണൻകുട്ടി മനസ്സുരുകി പ്രാർത്ഥിച്ചിരുന്നു. പ്രാരാപ്തങ്ങളുടെ നെരിപ്പോടിൽനിന്ന് രക്ഷപ്പെടാനുള്ള വഴിയിലാണ് താനെന്നാണ് അയാൾ മനസ്സിൽ കണ്ടത്. മകന്റെ ഗൾഫ് യാത്രയിൽ കൃഷ്ണൻകുട്ടി അത്യാഗ്രഹത്തോടെ ഒന്നും മോഹിച്ചിരുന്നതുമില്ല. പിന്നീടെപ്പോഴൊ പണത്തിന്റെ വരവു തുടങ്ങിയതോടെ കൃഷ്ണൻകുട്ടി അറിയാതെ കണക്കുകളുടെ ലോകത്തേക്കു വഴുതിപോയി. പത്രം കൈയ്യിലെടുത്താൽ ആദ്യം രൂപയുടെ വിനിമയ നിരക്കുകൾ നോക്കുക പതിവാക്കി. ജാനകിക്ക് ആദ്യമൊന്നും ഇക്കാര്യം പിടികിട്ടിയിരുന്നില്ല. ജാനകി ഇതുവരെ കണ്ടിരുന്നത് പത്രം വന്നാൽ ഉടനെ മാർക്കറ്റ് നിലവാരം പരിശോധിക്കുന്ന കൃഷ്ണൻകുട്ടിയെയാ

യിരുന്നു. പത്രത്താളുകളിലെ ജാതിക്കയുടേയും, റബറിൻേറയും, അടക്കയുടേയും വിലനിലവാരം നോക്കുന്ന ഭർത്താവിനെയാണ്. അടക്കയുടേയും, ജാതിക്കയുടേയും, റബറിൻേറയുമൊക്കെ വിലകൾ എങ്ങനെയൊ ജാനകിയും കേട്ടുവശത്താക്കിയിരിക്കുന്നു. വിലകൾ കൂടുമ്പോഴും കുറയുമ്പോഴും കൃഷ്ണൻകുട്ടി അതിനെപ്പറ്റി എന്തെങ്കിലും കമൻറ് പറയാതിരിക്കില്ല. അപ്പോഴൊക്കെ ജാനകി കളിയാക്കും: "ചാക്കു കണക്കിനു കെട്ടിവച്ചിരിക്കുകയല്ലെ."

കൃഷ്ണൻകുട്ടി ചിരിക്കും എന്നിട്ടു പറയും: "അണ്ണാൻകുഞ്ഞിനും തന്നാലായത്; നാട്ടിലുള്ളവർക്കെങ്കിലും പത്തുകാശു കിട്ടുന്ന കാര്യമല്ലെ."

അങ്ങനെ അടക്കയുടേയും ജാതിക്കയുടേയും ചുക്കിൻേറയുമൊക്കെ വിലനിലവാരം പരിശോധിച്ചിരുന്ന കൃഷ്ണൻകുട്ടിയാണ് ഇപ്പോൾ വിനിമയ നിരക്ക് പരിശോധിക്കുന്നത്. അമേരിക്കൻ ഡോളറിൻേറയും ബ്രിട്ടീഷ് പൗണ്ടിൻെറയും യൂറോപ്യൻ യൂറോയുടേയുമൊക്കെ വിനിമയ നിരക്കുകൾ അറിഞ്ഞിരിക്കുക എന്നത് ചില്ലറ കാര്യമല്ല എന്ന് കൃഷ്ണൻകുട്ടി കരുതിയിരുന്നു. അയതുകൊണ്ടുതന്നെ അയാൾ ചിലപ്പോഴൊക്കെ പൗണ്ടിൻെറയും ഡോളറിൻെറയും യൂറോയുടേയുമൊക്കെ നിരക്കുകൾ എത്രയാണെന്ന് ശ്രദ്ധിക്കുകയും ചിലപ്പോഴൊക്കെ അവശ്യമില്ലാതെ തന്നെ തൻെറ നാണയ വിനിമയ നിരക്കിലുള്ള അറിവ് വിളമ്പുകയും ചെയ്തിരുന്നു.

മകൻ ഗൾഫിലേക്കു പോയതോടുകൂടിയാണ് അയാൾ ഗൾഫ് രാജ്യങ്ങളുടെ വിനിമയ നിരക്കുകൾ പഠിക്കാൻ തുടങ്ങിയത്. ഓരോ ഗൾഫ് രാജ്യങ്ങളുടേയും വിനിമയ നിരക്കിലെ വ്യത്യാസങ്ങൾ നോക്കി അയാൾ വിളിച്ചു പറയും. ജാനകി ഇന്ന് സൗദിയുടെ റിയാലിന് അൽപ്പം മോശമാണെട്ടൊ. അല്ലെങ്കിൽ കുവൈറ്റിലെ ദിനാറ് അടുത്തകാലത്തൊന്നും കുറഞ്ഞിട്ടില്ല. അപ്പോൾ ജാനകി പറയും ഇതാ ഇത്ര വിശേഷമായത് വല്ല കപ്പയുടേയും കുരുമുളകിൻേറയുമൊക്കെ വിലയെപ്പറ്റിയാണെങ്കിൽ മനുഷ്യർക്കു വല്ല പ്രയോജനവുമുണ്ടായേനെ.

അങ്ങനെയിരിക്കെയാണ് കൃഷ്ണൻകുട്ടി പുതിയ അറിവുമായി എത്തിയത്. അമേരിക്കയിൽ വലിയ സാമ്പത്തികമാന്ദ്യമാണത്രെ. പല ബാങ്കുകളും പൊളിഞ്ഞിരിക്കുന്നു. സാമ്പത്തികമാന്ദ്യം പടർന്നുപിടിച്ച് എല്ലാ രാജ്യങ്ങളെയും ബാധിക്കുമത്രെ. സാമ്പത്തികമാന്ദ്യം എന്ന വദപ്രയോഗം കൃഷ്ണൻകുട്ടിക്ക് അങ്ങനെയങ്ങുൾക്കൊള്ളാൻ പറ്റിയില്ല. എങ്ങനെയാണ് അമേരിക്കയിലെ ബാങ്കു പൊളിഞ്ഞ് മറ്റു രാജ്യങ്ങളിലെ ബാങ്കുകളും പൊളിയുന്നതെന്നും അയാൾക്ക് എത്ര ആലോചിച്ചിട്ടും പിടികിട്ടിയില്ല.

മോനോട് കിട്ടുന്ന കാശൊന്നും ബാങ്കിൽ ഇടണ്ടാ എന്നു പറഞ്ഞാലൊ

---

എന്നു കൃഷ്ണൻകുട്ടി ആലോചിച്ചു. കിട്ടുന്ന കാശ് കൊണ്ടു നാട്ടിലാണെങ്കിൽ ഭൂമിയൊ മറ്റൊ വാങ്ങി വയ്ക്കുവാൻ പറഞ്ഞാലൊ എന്നു കൃഷ്ണൻകുട്ടി ആലോചിച്ചു. എങ്ങനെയാണ് മകനോട് പറയുക. പന്നീട് കൃഷ്ണൻകുട്ടി തന്നെ വിചാരിച്ചു: അല്ലെങ്കിൽ വേണ്ട, തൻെറ വിവരമില്ലായ്മ പറഞ്ഞ് പ്രശ്നം വഷളാക്കണ്ട. മകൻ തന്നേക്കാൾ വിവരമുള്ളവനാണ് എന്നതിൽ അയാൾ അറിയാതെ അഭിമാനം കൊണ്ടു.

കൃഷ്ണൻകുട്ടിയുടെ മുഖത്തെ പ്രകാശം കണ്ട് ജാനകി വല്ലാതെ അത്ഭുതപ്പെട്ടു. എന്തൊ കാര്യമായ സന്തോഷവർത്തമാനം ഉണ്ടായിരിക്കുമെന്നു കരുതി ജാനകി പറഞ്ഞു: "എന്താണപ്പ ഇത്ര സന്തോഷിക്കാൻ വേണ്ടുമുണ്ടായത് ഞാനും കൂടി ഒന്നു കേൾക്കട്ടെ." കൃഷ്ണൻകുട്ടി മറുപടി ഒന്നും പറഞ്ഞില്ല. പകരം ഒരു ചോദ്യം ജാനകിയോട് തിരിച്ചു ചോദിച്ചു. "നമ്മുടെ മകന് നമ്മെക്കാളൊക്കെ വിവരമില്ലായോ. അവനെ പ്രത്യേകം ഉപദേശിക്കാൻ വേണ്ടും വിവരം നമുക്കില്ലതാനും." കൃഷ്ണൻകുട്ടിയുടെ വർത്തമാനം കേട്ട് ജാനകിക്ക് തമാശയാണ് തോന്നിയത്. ജാനകി പറഞ്ഞു: "ഇതാ ഇപ്പ നന്നായത്. വിള്ളേളരെത്ര വലുതായാലും മാതാപിതാക്കള് സമയാസമയങ്ങളില് കാര്യങ്ങൾ പറഞ്ഞു കൊടുക്കുക തന്നെ വേണം." ജാനകി തൻെറ വിവരം പ്രഖ്യാപിച്ചു കൊണ്ട് അൽപം ഞെളിഞ്ഞുതന്നെ നിന്നു.

ജാനകി പറഞ്ഞതിലും കാര്യമുണ്ടെന്നു കൃഷ്ണൻകുട്ടി കരുതി. അയാൾ ജാനകി കേൾക്കാനെന്നോണം ആത്മഗതം പോലെ പറഞ്ഞു. "ബാങ്കുകളൊക്കെ പൊളിയുകയാണ്. കിട്ടുന്ന കാശൊക്കെ ബാങ്കിലിടണ്ടാ എന്നു പറഞ്ഞാലൊ. നാട്ടിലാണെങ്കിൽ ഭൂമിക്കൊക്കെ വലിയ ഡിമാൻറാ. പറ്റുമെങ്കിൽ കുറച്ചു ഭൂമി വാങ്ങാൻ പറയണം, വാഴയൊ മറ്റൊ വയ്ക്കുകയുമാകാം." അത്തരമൊരു വിശേഷമായിരുന്നില്ല ജാനകി പ്രതീക്ഷിച്ചിരുന്നത്. മകനോട് വിവാഹകാര്യത്തെ പറ്റിയൊ മറ്റൊ പറയുന്നതിനെ സംബന്ധിച്ചായിരിക്കും കൃഷ്ണൻകുട്ടി ആലോചിച്ചിരിക്കുകയെന്നു ജാനകി വെറുതെ പ്രതീക്ഷിച്ചു. മകൻെറ വിവാഹകാര്യത്തെപ്പറ്റി ജാനകി ഏറെ സ്വപ്നങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു. അപ്പോഴൊക്കെ കൃഷ്ണൻകുട്ടി പറയും: "അവൻ ചെറുപ്പമല്ലെടി."

പത്രം മറിച്ചുനോക്കിക്കൊണ്ട് കൃഷ്ണൻകുട്ടി വിളിച്ചു പറഞ്ഞു: "ഡോളറിനൊക്കെ വില വല്ലാതെ കൂടുന്നുണ്ട്. അവനോട് എല്ലാം പണമായി നാട്ടിലേക്കയയ്ക്കാൻ പറയണം. ഇന്നലെയും ഡോളറിൻെറ വില വല്ലാതെ കൂടിയിരിക്കുന്നു." ജാനകിക്ക് വല്ലായ്മ തോന്നി. അവർ ഒന്നും പറയരുതെന്നു കരുതി മിണ്ടാതെ നിന്നതെയുള്ളൂ. കൃഷ്ണൻകുട്ടി കണക്കുകളുടെ ലോകത്തായിരിക്കുന്നു. മകനു കിട്ടുന്ന ശമ്പളത്തെ പണമാക്കി മാറ്റി തിരിച്ചും മറിച്ചും നോ

ക്കും. ഡോളറിൻെറയും ഗൾഫ് നാണയങ്ങളുടെയും വിലനിലവാരത്തെപ്പറ്റി പറയാത്ത ദിവസങ്ങളില്ലാതായിരിക്കുന്നു.

കൃഷ്ണൻകുട്ടി പുറത്തിറങ്ങിയാൽ മറ്റു വിശേഷങ്ങളൊന്നും അയാൾ തിരക്കാറില്ല. അയാൾ പരിചയക്കാരോടൊക്കെ ഡോളറിൻെറ വിലവർദ്ധനവിനെപ്പറ്റി പറയും. മകൻെറ ശമ്പളം രൂപയിലാക്കുമ്പോഴുള്ള വർദ്ധനവിനെപ്പറ്റി പറയും. ചിലർ തലകുലുക്കി കേൾക്കുകയെയുള്ളൂ. മറ്റു ചിലർ കൃഷ്ണൻകുട്ടിയുടെ പെരുമാറ്റത്തിൽ എന്തൊ പന്തികേടു സംഭവിച്ചുവൊ എന്നു സംശയം രേഖപ്പെടുത്തും. മറ്റു ചിലരാകട്ടെ നാട്ടിലെ അരിവില കൂടിയത് അതുകൊണ്ടൊ മറ്റുമാണൊ എന്നു തിരക്കും.

പതിവുപോലെ വിനിമയ നിരക്കുകളുടെ ലോകത്തായിരുന്നു കൃഷ്ണൻകുട്ടി. അയാൾ അറിയാതെ വിനിമയനിരക്കുകൾക്ക് താഴെ ഗൾഫിൽ നിന്നും ജോലിയില്ലാതെ പറഞ്ഞു വിട്ടവരെപ്പറ്റിയുള്ളവരുടെ വാർത്തകൾ ശ്രദ്ധയിൽ പെട്ടു. വാർത്തകൾ വായിക്കുന്തോറും അയാൾക്ക് എന്തെന്നില്ലാത്ത ഒരു പ്രയാസം അനുഭവപ്പെട്ടു. അയാൾ ജാനകിയെ വിളിക്കാൻ ശ്രമിച്ചെങ്കിലും ശബ്ദം പുറത്തേക്കു വരാത്തതുപോലെ. എന്തു ചെയ്യണമെന്നൊ എന്തു പറയണമെന്നൊ അറിയാതെ അയാൾ വിഷണ്ണനായി തറയിൽ അങ്ങനെ മരവിച്ചിരുന്നു. ജാനകി വന്നു നോക്കുമ്പോൾ കൃഷ്ണൻകുട്ടിയുടെ ഇരിപ്പിൽ എന്തൊ പന്തുകേടു തോന്നി. അവർ ഭർത്താവിനെ കുലുക്കി വിളിച്ചു. ഞെട്ടിയുണർന്ന് കൃഷ്ണൻകുട്ടി പറഞ്ഞു: "അവനെ ദൈവം കാക്കുമെടി. നമ്മുടെ മകനെ ദൈവം കാക്കും."

---

എസ്. കാച്ചപ്പിള്ളി

# 8

# നീണാൾവാഴാനായിട്ടൊരു പ്രസിഡൻറ്

വഴിവിളക്കു തെളിയാതെ ഇരുട്ടുപടർന്ന വഴിയിലൂടെ ഞാൻ മുന്നോട്ടു നീങ്ങുകയായിരുന്നു. മഴവീണു ചളിച്ച വഴിയിൽ പാമ്പുകളും പട്ടികളും ഉണ്ടാകരുതെ എന്ന് ഞാൻ ആശിച്ചിരുന്നു. ഏതാനും ദൂരം മാത്രമെ ഞാൻ പിന്നിട്ടിട്ടുണ്ടായിരുന്നുള്ളൂ. പുറകിൽ നിന്നും ശബ്ദം എന്തെന്നറിയാൻ തിരിഞ്ഞു നോക്കിയതും മങ്ങിയ പ്രകാശത്തോടെ പഞ്ചായത്തുവക ജീപ്പ് ചെളി തെറിപ്പിച്ച് കടന്നുപോയി.

രമേശൻ പ്രസിഡൻ്റായിട്ട് കാലങ്ങൾ കുറെയായി. എന്തുമാറ്റങ്ങളാണ് നമ്മുടെ നാട്ടിൽ അയാൾ വരുത്തിയിരിക്കുന്നത് എന്ന നേതാവിൻെറ ചോദ്യം എന്നെ വല്ലാതെ അലട്ടി. ഇപ്രാവശ്യം അയാളെ പരാജയപ്പെടുത്തേണ്ടത് പഞ്ചായത്തിന്റെ ആവശ്യമാണെന്നും മറ്റുമുള്ള നേതാവിന്റെ പ്രസംഗത്തെ ഞങ്ങൾ കൈയ്യടിച്ച് അംഗീകരിച്ചു. രമേശൻ പ്രസിഡൻ്റിനെ പരാജയപ്പെടുത്താനുള്ള പ്രവർത്തനങ്ങളിൽ ഞാനും ആവേശം പ്രകടിപ്പിച്ചു. ഇനിയെന്തു വികസനമാണ് വേണ്ടത് എന്നതിനെപ്പറ്റിയൊ, ഏതു തരം പ്രശ്നങ്ങളാണ് പരിഹരിക്കപ്പെടേണ്ടത് എന്നതിനെപ്പറ്റിയൊ ഞാൻ ചിന്തിച്ചിരുന്നില്ല. രമേശൻ പ്രസിഡൻ്റ് മാറണമെന്നു മാത്രമേ ഞാൻ ചിന്തിച്ചിരുന്നുള്ളൂ. രമേശൻ പ്രസിഡൻ്റിന്റെ പ്രവർത്തനങ്ങൾ പരാജയമാണെന്നും ഗ്രാമത്തിൽ വേണ്ടത്ര വികസനമെത്തിയിട്ടില്ലായെന്നുമുള്ള നേതാവിൻെറ വാദഗതിയെ ഞാനും അംഗീകരിക്കുകയായിരുന്നു. ഗ്രാമത്തിൻെറ മുഖച്ഛായയ്ക്ക് കൂടുതൽ മാറ്റങ്ങൾ നൽകുന്ന

---

എസ്. കാച്ചപ്പിള്ളി

പ്രസിഡന്റ് വരട്ടെ എന്ന് ഞങ്ങൾ കൂട്ടായ തീരുമാനമെടുത്തു.

ആകാശം വളരെ തെളിഞ്ഞതായിരുന്നു. ഞങ്ങൾ പഞ്ചായത്തിലേക്ക് പ്രവേശിക്കുമ്പോൾ അവിടെ വെളിച്ചമുണ്ടായിരുന്നില്ല. ഞങ്ങൾ പ്രസിഡന്റിനെ കാണുവാനായി വന്നവരാണെന്നും ഒരടിയന്തിര കാര്യം ഞങ്ങൾക്ക് പ്രസിഡന്റിനോടു പറയാനുണ്ടെന്നും പറഞ്ഞു. പ്രസിഡന്റ് അൽപം തിരക്കിലാണെന്നും അകത്ത് ചർച്ച നടക്കുകയാണെന്നും അൽപംകൂടി കാത്തിരിക്കേണ്ടി വരുമെന്നും മറുപടി എന്നോണം ഒരാൾ വന്നു പറഞ്ഞു. കൂടുതൽ വിശദമായി ചോദിച്ചതിൽനിന്നും കാർഷികാവശ്യത്തിനുള്ള വെള്ളം കുഴൽക്കിണർ വഴി ലഭ്യമാക്കുന്ന പദ്ധതികളെപ്പറ്റിയാണ് ചർച്ച എന്നും മനസ്സിലാക്കുവാൻ കഴിഞ്ഞു. എന്റെ മനസ്സിന് അൽപ്പം കുളിർമ തോന്നി. കടുത്ത വേനലിൽ വെള്ളം ലഭിക്കാതെ വിളനാശം തുടങ്ങിയിട്ട് നാളുകളേറെയായി, കിണറുകളെല്ലാം വറ്റിവരളും. കുടിക്കാൻ പോലും പുറത്തുനിന്നും വരുന്ന പൈപ്പുവെള്ളത്തെ ആശ്രയിക്കേണ്ടി വരുന്നു. തെങ്ങും കമുങ്ങുമെല്ലാം കായ്ഫലമില്ലാതെ ശുഷ്കിച്ച് മുരടിക്കും.

പ്രസിഡന്റ് മണ്ടനാണെന്നും കുഴൽക്കിണർവഴിയല്ല കൃഷിക്കാവശ്യമായ വെള്ളം ലഭിക്കുന്നതെന്നും വെള്ളം കനാലിലൂടെ തിരിച്ചുവിട്ടാലെ കാർഷികാവശ്യത്തിനു വെള്ളം ലഭിക്കൂ എന്നും ഞങ്ങൾക്കിടയിലെ നേതാവ് പറഞ്ഞു തരുമ്പോൾ അതിനെ അവിശ്വസിക്കേണ്ട കാര്യമുള്ളതായി ഞങ്ങൾക്ക് തോന്നിയില്ല. പ്രസിഡന്റിന്റെ മണ്ടൻബുദ്ധിയെപ്പറ്റി തുടർന്നു ഞങ്ങൾ ചർച്ച ചെയ്ത് ആർത്ത് പരിഹസിച്ചു. കൂട്ടത്തിൽ വിടർന്ന നെറ്റിത്തടമുള്ള ചെറുപ്പക്കാരൻ ബഹളം വയ്ക്കാനും തുടങ്ങി. ഞങ്ങൾക്ക് പോയിട്ട് വിടിപ്പത് പണിയുണ്ടെന്നും വന്നിരിക്കുന്ന പ്രജകളെ പേടിച്ച് ഒളിച്ചിരിക്കുന്ന പ്രസിഡന്റ് രാജിവയ്ക്കണമെന്നും അയാൾ ആക്രോശിച്ചു. ബഹളം വയ്ക്കുന്ന ചെറുപ്പക്കാരനെ നേതാവ് ചീട്ടുകളിക്കാർക്കിടയിൽ നിന്നും വിളിച്ചു കൂട്ടിയതാണെന്ന് ഞാൻ മനസ്സിലോർത്തു. ഞാൻ നിശബ്ദനായി നിന്നതെയുള്ളൂ. മറ്റുള്ളവരെല്ലാം അല്പം പരിഹാസത്തോടെ പ്രസിഡന്റിനെ കാണാൻ തിരക്കു കൂട്ടി.

ബഹളം കേട്ടിട്ടാകണം പ്രസിഡന്റ് ഞങ്ങൾ ഇരിക്കുന്ന ഹാളിലേക്ക് വന്നു കാര്യം തിരക്കി. പ്രസിഡന്റിനെ കണ്ടതും നെറ്റിത്തടം വിടർന്ന ചെറുപ്പക്കാരനും നേതാവും കൂടുതൽ ഉച്ചത്തിൽ ആക്രോശിക്കാൻ തുടങ്ങി. ചെറുപ്പക്കാരൻ മദ്യത്തിന്റെ ലഹരിയിലായിരുന്നു. എന്താണ് അയാൾ പറയുന്നതെന്ന് വ്യക്തമായി ഞങ്ങൾക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. പ്രസിഡൻറ് വല്ലാതെ വിയർക്കുന്നുണ്ടായിരുന്നു. അപ്പോഴേക്കും കറണ്ട് തിരിച്ചുവന്നിരുന്നു.

അപ്രതീക്ഷിതമായി പെയ്ത മഴയിൽ ചെങ്കുത്തായി കിടന്നിരുന്ന റോഡിന്റെ

ഒരു ഭാഗം കുത്തിയൊലിച്ചതും ഒരിടത്ത് അഗാതമായ ഗർത്തമുണ്ടായതിനാൽ സഞ്ചാരയോഗ്യമല്ലാതായതുമൊക്കെ ഞങ്ങൾ വിവരിച്ചു. അപ്പോഴേക്കും നേതാവും ചെറുപ്പക്കാരനും പ്രസിഡന്റിനെതിരെ ചീത്ത ശകാരങ്ങൾ ഉതിർക്കാൻ തുടങ്ങിയിരുന്നു. ഞങ്ങളുടെ ആവശ്യങ്ങൾ അടിയന്തിരമായി പരിഹരിക്കുമെന്നും ഇപ്പോൾ കൃഷിക്ക് വെള്ളമെത്തിക്കുന്ന നൂതന പദ്ധതികളെ പറ്റി ചർച്ച നടക്കുകയാണെന്നും കാര്യം സാധിച്ചു കിട്ടിയാൽ നമ്മുടെ ഗ്രാമത്തിലെ കാർഷികാവശ്യത്തിനുള്ള ജലദൗർബല്ല്യം പരിഹരിക്കാനാകുമെന്നും പ്രസിഡന്റ് പറഞ്ഞു. പ്രസിഡൻറ് പറഞ്ഞു തീരുംമുൻപെ നേതാവും ചെറുപ്പക്കാരനും കൂകൽ ആരംഭിച്ചിരുന്നു.

നേതാവ് പ്രസംഗത്തിനുള്ള തയ്യാറെടുപ്പിലായിരുന്നു. മഴവെള്ളം കൊണ്ടു പൊറുതിമുട്ടുമ്പോഴാണ് പ്രസിഡന്റിൻെറ ജലമന്വേഷിച്ചുള്ള യാത്രയെന്നും വെള്ളക്കെട്ടു പരിഹരിക്കേണ്ടിടത്ത് വെള്ളമന്വേഷിച്ചു പോകുന്ന പ്രസിഡൻറ് രാജിവയ്ക്കണമെന്നും നേതാവ് പറഞ്ഞു. അപ്പോഴും വിടർന്ന നെറ്റിത്തടമുള്ള ചെറുപ്പക്കാരൻ പ്രസിഡന്റിനെ ചീത്തവിളിക്കുകയും ബഹളം വയ്ക്കുകയും ചെയ്യുന്നുണ്ടായിരുന്നു. കാര്യങ്ങൾ അത്ര പന്തിയല്ലെന്നു കണ്ടിട്ടാകണം കൂടെയുണ്ടായിരുന്നവർ ഓരോരുത്തരായി പിരിയാൻ തുടങ്ങി. നേതാവിൻെറ പ്രസംഗം അവസാനിക്കുമ്പോൾ ചെറുപ്പക്കാരൻ വരാന്തയിലെ അഴികൾക്കിടയിൽ ഉറക്കത്തിനുള്ള തയ്യാറെടുപ്പിലായിരുന്നു.

ഞങ്ങൾ പഞ്ചായത്തിൽനിന്നും തിരിച്ചുപോരുമ്പോൾ ശക്തമായ മഴയിൽ കുത്തിയൊലിച്ചുണ്ടായ ഗർത്തങ്ങൾ മണ്ണിട്ടു നികത്തി സഞ്ചാരയോഗ്യമാക്കിയിരുന്നു. ഞങ്ങൾ മണ്ണിട്ടു മൂടിയ ഭാഗങ്ങൾ നോക്കി കാണുകയായിരുന്നു. നേതാവ് അപ്പോഴേക്കും പ്രസംഗം ആരംഭിച്ചിരുന്നു. പഞ്ചായത്ത് പ്രസിഡൻറിനെ കണ്ടതും അയാളിൽനിന്നും ധിക്കാരപരമായ പെരുമാറ്റമായിരുന്നെന്നും നമ്മൾ ഇത്തരം ധിക്കാരപരമായ പെരുമാറ്റത്തെ ചെറുത്ത് തോൽപ്പിക്കണമെന്നും അധികനാൾ പഞ്ചായത്ത് കാണാൻ പ്രസിഡൻറിനെ അനുവദിക്കരുതെന്നുമുള്ള നേതാവിൻെറ പരാമർശത്തെ അവിടെ കൂടിയവർ തലകുലുക്കി അംഗീകരിച്ചു. പ്രസിഡൻറ് കാര്യപ്രാപ്തിയില്ലാത്തവനാണെന്നും കാര്യങ്ങളെ വേണ്ടുംവിധം അവലോകനം ചെയ്യാനറിയില്ലെന്നും നേതാവ് പറയുന്നുണ്ടായിരുന്നു. പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ ചെയ്തു തീർക്കേണ്ട കാര്യങ്ങൾ ഒരുകൂട്ടം ആളുകൾ ചെയ്യുന്നതുകൊണ്ടാണ് പഞ്ചായത്ത് പ്രസിഡന്റിനും കൂട്ടർക്കും ഇത്രയും ദുഃസ്വാതന്ത്ര്യം എന്നു പറഞ്ഞ് കുഴിമൂടിയവരെ കുറ്റപ്പെടുത്താനും നേതാവ് മറന്നില്ല.

പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ഞങ്ങൾ കൂടുതൽ ആർജവത്തോടെ പ്രവർ

ത്തിച്ചു. ഇപ്രാവശ്യം പ്രസിഡന്റിനെ തോൽപ്പിക്കണമെന്നും മാറ്റങ്ങൾ അനിവാര്യമാണെന്നുമുള്ള വാദത്തോട് ഞങ്ങൾ കൂട്ടത്തോടെ യോജിക്കുകയായിരുന്നു. ഫണ്ടില്ലെന്നു പറഞ്ഞു പ്രസിഡൻറ് ജനങ്ങളെ കബളിപ്പിക്കുകയാണെന്നുള്ള നേതാവിൻെറ വാദത്തെ ഞങ്ങൾ അംഗീകരിക്കുകയും പുതിയതായി വരുന്നവർ ഞങ്ങളെ കബളിപ്പിക്കില്ലായെന്നും ഞങ്ങൾ ഉറച്ചു വിശ്വസിച്ചു.

പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അംഗങ്ങളുടെ സത്യപ്രതിജ്ഞ നടക്കുകയായിരുന്നു. പഞ്ചായത്തിലെ രാഷ്ട്രീയക്കാരും മദ്യലോബിക്കാരും തെമ്മാടികളും ഗുണ്ടകളുമടങ്ങുന്ന പ്രമുഖരെല്ലാം മുൻനിരയിൽ അണിനിരന്നിരുന്നു. വിടർന്ന നെറ്റിത്തടമുള്ള ചെറുപ്പക്കാരൻ മുൻനിരയിലിരുന്ന് മദ്യത്തിൻെറ ലഹരിയിൽ ആലസ്യപ്പെട്ടു മയങ്ങുന്നുണ്ടായിരുന്നു. നേതാവ് അവർക്കെല്ലാം ചായ കൊടുക്കുന്നതിലും അവരെ സൽക്കരിക്കുന്നതിലുമെല്ലാം അതീവ താൽപര്യം കാണിക്കുന്നുണ്ടായിരുന്നു. തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ സത്യപ്രതിജ്ഞാ വാക്കുകൾ നോക്കി വായിക്കുന്നതിൽ പ്രയാസപ്പെടുന്നുണ്ടായിരുന്നു. സത്യപ്രതിജ്ഞയിൽ അവർ വായിച്ച വാചകങ്ങളുടെ അർത്ഥം ഗ്രഹിക്കുവാൻ അവർക്ക് കഴിഞ്ഞോ എന്ന് എനിക്ക് വെറുതെ സംശയം തോന്നി. മറുപടി പ്രസംഗത്തിൽ തിരഞ്ഞെടുത്ത അംഗങ്ങളെല്ലാം അവരുടെ പ്രസംഗിക്കാനുള്ള കഴിവിനെ തെളിയിക്കുന്നുണ്ടായിരുന്നു. വായിക്കാനും വാക്കുകളുടെ അർത്ഥം മനസ്സിലാക്കാനുമുള്ള കഴിവില്ലെങ്കിലും പ്രസംഗിക്കാനുള്ള കഴിവാണ് രാഷ്ട്രീയത്തിലെ തിരഞ്ഞെടുപ്പ് വിജയത്തിൽ പ്രധാനം എന്ന് ആരൊ പറഞ്ഞത് ഞാൻ വെറുതെ ഓർമ്മിച്ചു.

നേതാവിന്റെ നേതൃത്വത്തിലും പുതിയ ഭരണസമിതിയിൽ ഞങ്ങൾക്കെല്ലാം വളരെ പ്രതീക്ഷയുണ്ടായിരുന്നു. ആയിടയ്ക്കാണ് കൊതുകുമൂലമുള്ള അസുഖങ്ങൾ അടുത്ത പ്രദേശങ്ങളിലെല്ലാം വ്യാപകമായി എന്നറിയുന്നത്. കെട്ടിടത്തിന്റെ നികുതി അടയ്ക്കുവാനാണ് ഞാൻ പഞ്ചായത്തിലേക്ക് കയറിയത്. പ്രസിഡന്റിന്റെ മുറിയിൽ നിന്നും വിളികേട്ടാണ് ഞാൻ തിരിഞ്ഞുനോക്കിയത്. നേതാവ് ഗമയിൽ പ്രസിഡന്റിൻെറ കസേരയിൽ ഇരിക്കുന്നതു കണ്ട് എനിക്ക് വല്ലാത്ത ആനന്ദം അനുഭവപ്പെട്ടു.

ഞങ്ങളുടെ സംസാരം നാട്ടിലെ പെറ്റുപെരുകുന്ന കൊതുകുകളെപ്പറ്റിയായി. കൊതുകുകളെ നിയന്ത്രിക്കാൻ അടിയന്തിരമായി മരുന്നു തളിക്കേണ്ട ആവശ്യകതയെപ്പറ്റി ഞാൻ നേതാവിനോട് സംസാരിച്ചു. പ്രസിഡന്റിന്റെ മറുപടികേട്ട് ഞാൻ തീയിൽ ചവിട്ടിയപോലെ പരിഭ്രമിച്ചു. നേതാവ് പറഞ്ഞു: "കൊതുകുകൾ പെറ്റുപെരുകട്ടെ; പെരുകി പെരുകി ജനങ്ങൾക്ക് ദുഃസ്സഹമായ അസുഖങ്ങളുണ്ടാകട്ടെ. സമയമായിട്ടില്ല... ഇപ്പോൾ സമയമായിട്ടില്ല.

---

*എസ്. കാച്ചപ്പിള്ളി*

കവലകൾതോറും യോഗങ്ങൾ സംഘടിപ്പിക്കും ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കും. എല്ലാത്തിൻേറയും ഉൽഘാടനം ഞാൻ തന്നെ നിർവ്വഹിക്കും. മരുന്നുതളിയും ശുദ്ധീകരണ പ്രവർത്തനങ്ങളുമൊക്ക അതിനുശേഷം മതിയാകും. മുൻപ്രസിഡന്റിനു പറ്റിയപോലെ നമുക്കും തെറ്റുപറ്റാതെ നോക്കണം. ഇതു ജനാധിപത്യമാണ്. ജനങ്ങളുടെ ആവശ്യം കണ്ടറിഞ്ഞു ചെയ്താൽ... ശരിയാവില്ല... അവർ നമ്മെ വിലകുറച്ചു കാണും."

എന്തു പറയണമെന്നറിയാതെ ഞാൻ തിരിച്ചുപോരുമ്പോൾ വിടർന്ന നെറ്റിത്തടമുള്ള ചെറുപ്പക്കാരൻ പഞ്ചായത്തിൻെറ കവാടത്തിൽ തന്നെ ശർദ്ദിച്ച് അവശനായി കിടക്കുന്നുണ്ടായിരുന്നു.

എസ്. കാച്ചപ്പിള്ളി

# 9

# ഒരു വാലന്റെൻസ് പ്രണയത്തിൻെറ കഥ

ഇന്ന് വാലൻെറൻസ് ഡെയാണ്. അത്തരമൊരു നാളിലായിരുന്നു ഞാനെൻെറ പ്രണയവികാരങ്ങൾ സുധിയോട് പങ്കുവയ്ക്കുവാൻ ശ്രമിച്ചത്. അന്ന് അവിചാരിതമായിട്ടായിരുന്നു ഞാൻ സുധിയെ കണ്ടത്. സുധിയോട് ഇന്ന് വാലന്റെൻസ് ഡെയാണ് എന്നു പറഞ്ഞതും ഞാൻ തന്നെയായിരുന്നു. മറുപടി എന്നോണം സുധി പറഞ്ഞു: "പ്രേമിക്കാൻ ആളില്ലാത്തതുകൊണ്ട് എനിക്ക് ഈ ദിവസത്തിലും വല്ലാതെ ബോറടിക്കുന്നു." സുധി ഇതു പറഞ്ഞതും എന്തൊ തമാശ പറഞ്ഞതുപോലെ ചിരിച്ചു. സുധി പറഞ്ഞത് എന്നെ സംബന്ധിച്ച് വളരെ ശരിയായിട്ടാണ് എനിക്ക് തോന്നിയത്. ഞാൻ സുധിയുടെ തമാശയിൽ പങ്കുചേർന്നു. ഒന്നു ശ്രമിച്ചു നോക്കിയാലൊ എന്ന ചിന്ത എൻെറ മനസ്സിൽ മുള പൊട്ടി.

വെയിറ്റിംഗ് ഷെഡിൽ വലിയ തിരക്കില്ലായിരുന്നു. ഞാൻ സുധിയോട് അൽപം കൂടി ചേർന്നിരുന്നു. ഞാൻ സുധിയുടെ അരുകിൽ ചേർന്നിരുന്നതും സുധി കൈയ്യിലുള്ള പുസ്തകം ഞങ്ങൾക്കിടയിലുള്ള സ്ഥലത്തു വച്ചു. ഞാൻ അതിൽനിന്നും ഒരു പുസ്തകമെടുത്തു വെറുതെ മറിച്ചു നോക്കാൻ ശ്രമിച്ചു. സുധി എന്തെങ്കിലും പറയുമെന്നു വിചാരിച്ചു. പുസ്തകത്താളുകളിൽ നിന്നും ഞാൻ എന്തൊ പരതുകയായിരുന്നു. ഒടുവിൽ ഞാൻ പറഞ്ഞു: "എനിക്കും ഈ ദിവസം ബോറടിക്കുന്നു."

സുധി തമാശയെന്നോണം പറഞ്ഞു: "അങ്ങനെയും ഒരു വാചകം ഈ പുസ്തകത്തിലുണ്ടായിരുന്നൊ."

---

എസ്. കാച്ചപ്പിള്ളി

ഞാൻ പുസ്തകത്താളുകളിൽ നിന്നും കണ്ണെടുക്കാതെ പറഞ്ഞു: "ഞാൻ സീരിയസ്സായാണ് പറഞ്ഞത്." എൻെറ കൈവിരലുകൾ സുധിയുടെ പുസ്തക ത്താളുകളെ പയ്യെ തലോടുന്നുണ്ടായിരുന്നു. പ്രണയത്തിന്റെ മാസ്മരികത ഞാൻ പുസ്തകത്താളുകളിൽനിന്നും തലോടി എടുക്കുകയായിരുന്നു. എൻെറ ശബ്ദം ഞാനറിയാതെ പ്രണയത്തിൻെറ തീഷ്ണതയിൽ വികാരഭരിതമായിരുന്നു. ഞാൻ കുറെക്കൂടി അവനോട് അടുത്തിരുന്നു. എന്നിട്ട് മെല്ലെ അവനോട് മന്ത്രിച്ചു: "സുധി എനിക്ക് തന്നെ ഇഷ്ടമാണ്."

എൻെറ വാക്കുകൾക്ക് കനം പോരായിരുന്നു. ശബ്ദം തീരെ നേർത്തതും ദുർബലവുമായിരുന്നു. എങ്കിലും എൻെറ ശബ്ദത്തിലെ ഊഷ്മളത അവൻ തിരിച്ചറിഞ്ഞിരിക്കുമെന്നു ഞാൻ ഊഹിച്ചു. ഞാൻ എൻെറ മുഖം മെല്ലെ ഉയർത്തി അവനെ നോക്കാൻ ശ്രമിച്ചു. എനിക്കതിനാവുന്നില്ലായിരുന്നു. നാണം എങ്ങനെയൊ എന്നെ പിടികൂടിയിരുന്നു. ഞാൻ എൻെറ ബാഗു തുറന്ന് വാങ്ങിവച്ചിരുന്ന കാർഡെടുത്തു. കാർഡ് സുധിക്കു കൊടുത്തുകൊണ്ട് ഞാൻ പറഞ്ഞു: "സുധി, ആർക്കെങ്കിലും കൊടുക്കണമെന്നു കരുതി വാങ്ങിയതല്ല. വാലൻെറൻസ് ഡെയെക്കുറിച്ചോർത്തപ്പോൾ ഒരെണ്ണമിരിക്കട്ടെ എന്നു കരുതി വാങ്ങിയതാണ്. എൻെറ വാലൻെറൻസ് ഡെ സമ്മാനമായി ഞാനിതു നിനക്കു തരുന്നു."

സുധി കവർ വാങ്ങിയിട്ടു പറഞ്ഞു: "വാലൻെറൻസ് ഡെയുടെ എല്ലാ ആശംസകളും. തിരിച്ചുതരാൻ എൻെറ കൈയ്യിൽ ആശംസവാക്കുകൾ മാത്രമെയുള്ളു." ഇതു പറഞ്ഞതും സുധി പോകുവാനായി പുസ്തകങ്ങളെടുത്തു. ഞാനറിയാതെ തന്നെ അവൻെറ കൈയ്യിൽ കടന്നുപിടിച്ചു. എന്നിട്ടു പറഞ്ഞു: "സുധി അൽപ്പനേരംകൂടി." അവൻെറ കൈകളിലൂടെ പ്രണയം എന്നിലേക്കലിയുന്നതായി എനിക്ക് തോന്നി. സുധി എന്നെ നോക്കി പുഞ്ചിരിച്ചു. അവൻെറ കണ്ണുകളിലെ പ്രണയത്തിൻെറ ആർദ്രത എനിക്ക് വായിച്ചറിയാമായിരുന്നു. എന്നിട്ടും അവൻ പറഞ്ഞതിങ്ങനെയായിരുന്നു: "എന്നെ വിട്ടേക്കു, നിൻെറ സൗന്ദര്യവും നിൻെറ ഭാവുകത്വവും എന്നെ വാലൻെറൻസ് ഡെക്കപ്പുറത്തേക്കുള്ള വികാരത്തിലേക്ക് നയിക്കുന്നു."

അവൻ പുസ്തകമെടുത്ത് യാത്ര പറഞ്ഞുപോയി. അപ്പോഴേക്കും എൻെറ മനസ്സ് ഒന്നുറപ്പിച്ചിരുന്നു: എനിക്ക് പ്രേമിക്കാൻ ഒരാളെ കിട്ടിയിരിക്കുന്നു. എൻെറ മനസ്സ് മന്ത്രിച്ചു: "ഐ ലൗവ് യു സുധി, ഐ ലൗവ് യു."

ഞാൻ മൊബൈൽ എടുത്തു. സുധിയുടെ പേരിൽ ഒരു മെസ്സേജ് അയയ്ക്കുവാൻ തീരുമാനിച്ചു. മനസ്സ് അപ്പോഴും മന്ത്രിക്കുന്നുണ്ടായിരുന്നു: ഐ ലൗവ് യു സുധി. എന്നിട്ടും മെസ്സേജിലെ വാക്കുകൾ ഇങ്ങനെയായിരുന്നു. "ഐ വാൺഡ് ടു മീറ്റ് യു സുധി, ഹാപ്പി വാലൻെറൻസ് ഡെ."

---

എസ്. കാച്ചപ്പിള്ളി

സുധി മറുപടി അയയ്ക്കുകയൊ തിരിച്ചുവിളിക്കുകയൊ ഉണ്ടായില്ല. അപ്പോഴേക്കും എൻെറ ബസ്സ് വന്നിരുന്നു. ഒരു സീറ്റ് ഒഴിഞ്ഞ് കിടക്കുന്നു. മൊബൈൽ എടുത്ത് സുധിയുടെ നമ്പറിലേക്ക് ഒരു മിസ്സ് കോൾ കൂടി അയച്ചു. സുധിയുടെ മൊബൈൽ നമ്പർ ഒന്നൊന്നായി മനസ്സിലിട്ട് മന്ത്രിച്ചുകൊണ്ടേയിരുന്നു. അറിയാതെ വിരലുകൾ നമ്പറിൽ തറച്ചു. അങ്ങേ തലക്കൽ സുധിയായിരുന്നു. എൻെറ ശബ്ദം പുറത്തേക്കു വന്നിരുന്നില്ല. സുധി ഹലൊ, ഹലൊ എന്നു ആവർത്തിക്കുന്നത് എനിക്ക് കേൾക്കാമായിരുന്നു. കൂട്ടത്തിൽ സുധി ഒന്നു കൂടി പറഞ്ഞു: "ഇത് അധികമാവുന്നു."

കിടക്കുന്നതിനു മുമ്പായി സുധിയുടെ നമ്പറിലേക്ക് വിളിക്കാതിരിക്കാൻ എനിക്കാവുമായിരുന്നില്ല. ഞാനെന്തെങ്കിലും പറയുന്നതിനു മുമ്പേ സുധി പറഞ്ഞു: "ഇത് അധികമായിരിക്കുന്നു, പ്ലീസ്, മതിയാക്കൂ." മറുപടി എന്നോണം ഞാൻ പറഞ്ഞു: "നാളെ വെയിറ്റിംഗ് ഷെഡിൽ ഞാൻ കാത്തിരിക്കും." ഫോൺ കട്ട് ചെയ്തത് സുധി തന്നെയായിരുന്നു.

അതൊരു തുടക്കം മാത്രമായിരുന്നു. ഞങ്ങളുടെ പ്രണയത്തിൻെറ ആരംഭം. പിറ്റേ ദിവസം ക്ലാസ്സിൽ വച്ചു കാണുമ്പോൾ സുധി പറഞ്ഞു: "കാശു കളയണ്ട മോളെ, എന്നും തമ്മിൽ കാണുന്നതല്ലെ. ഞാൻ പുഞ്ചിരിച്ചതെയുള്ളൂ." മറുപടിയെന്നോണം സുധി പുറത്തേക്കു പോയ സമയം നോക്കി ഒരു മിസ്ഡ് കോൾ കൂടി സുധിയുടെ പേരിൽ അയച്ചു.

സുധി പഠനത്തിൽ ഏറെ മുന്നിലായിരുന്നു. എനിക്കു മാത്രമല്ല കൂട്ടത്തിൽ പലർക്കും സംശയനിവാരണത്തിനായുള്ള ആശ്രയം സുധിതന്നെയായിരുന്നു. പഠനത്തിലെന്നപോലെ മറ്റു മേഖലയിലുമുള്ള മികവ് ആയിരിക്കണം സുധിക്ക് ഏറെ ആരാധകരെ ലഭിക്കാൻ കാരണം. എനിക്ക് ക്രിക്കറ്റ് എന്നത് ഒരു ബോറൻ കളിതന്നെയായിരുന്നു. ക്രിക്കറ്റ് കളിയുടെ പേരിൽ തന്നെയായിരുന്നു ഞാൻ സുധിയുമായി പിണങ്ങിയിരുന്നത്. പല ദിവസങ്ങളിലും ക്രിക്കറ്റ് കളിയുടെ പേരു പറഞ്ഞ് സുധി വരാറില്ല. വെയിറ്റിംഗ് ഷെഡിലിരുന്ന് ബോറടിക്കുമ്പോഴായിരിക്കും സുധിയുടെ ഫോൺ വരിക: "ഇന്നു ക്രിക്കറ്റുണ്ട്."

ആദ്യ സെമസ്റ്ററുകളുടെ പരീക്ഷയിൽ ഞാൻ പലതിലും പരാജയപ്പെട്ടിരുന്നു. പിന്നീട് എൻെറ പരീക്ഷാ റിസൽട്ടുകൾ സുധിയേക്കാളും മികച്ചതായിരുന്നു. സുധിയാകട്ടെ പല പേപ്പറുകളും പരാജയപ്പെട്ടിരിക്കുന്നു. ഒരു ദിവസം ഞാൻ പറഞ്ഞു: "സുധി തനിക്കിപ്പോൾ പഠനത്തിൽ ശ്രദ്ധ കുറഞ്ഞിരിക്കുന്നു." സുധി കുറ്റബോധത്തിലെന്ന പോലെ തല കുമ്പിട്ടിരുന്നതെയുള്ളൂ.

ദിവസങ്ങൾ കഴിയുന്തോറും സുധിയിൽ മാറ്റങ്ങളുണ്ടാകുന്നതുപോലെ എനിക്കനുഭവപ്പെട്ടു. വരാമെന്നു പറയുന്ന ദിവസങ്ങളിൽ ചിലപ്പോൾ സുധിയെ കാണാൻ പോലും കഴിയാറില്ല. വിളിച്ചു ചോദിക്കുമ്പോഴായിരിക്കും പറ

യുക ഇന്നു ക്രിക്കറ്റ് കളിയുണ്ട്, ഇന്ന് സപ്ലി എക്സാമാണ്. സുധി ഇത്തരത്തിൽ മറുപടി പറയുമ്പോഴേക്കും എനിക്കു ദേഷ്യം വന്നിരിക്കും. ആവശ്യത്തിനും അനാവശ്യത്തിനും സുധിയോട് ദേഷ്യപ്പെടുക എന്നത് സാധാരണമായിരിക്കുന്നു.

അവസാന സെമസ്റ്റർ നാളുകളായിരുന്നു. സുധി സപ്ലി എഴുതുന്ന തിരക്കിലുമായിരുന്നു. എനിക്ക് പറയാതിരിക്കാനാവുമായിരുന്നില്ല. വളരെ ആലോചിച്ച്, തയ്യാറെടുപ്പോടെ ഞാൻ സുധിയോട് പറഞ്ഞു: "നമ്മൾ പിരിയുന്നതാണ് നല്ലത്." എനിക്ക് ഭയം തോന്നിയത് അപ്പോഴായിരുന്നു. സുധി വല്ലാതെ കയർത്തു. മറ്റുള്ളവർ കാണുമെന്നു പറഞ്ഞിട്ടും സുധിക്കു നിയന്ത്രിക്കാൻ കഴിയാത്തതുപോലെ. സുധി എന്നെ കുറ്റപ്പെടുത്തിക്കൊണ്ട് പറഞ്ഞുകൊണ്ടേയിരുന്നു. എനിക്കത് സഹിക്കാവുന്നതായിരുന്നില്ല.

സുധിയുടെ അഭിരുചികൾ വ്യത്യസ്തങ്ങളായിരുന്നു. എനിക്കാകട്ടെ ക്രിക്കറ്റിനെപ്പറ്റി സംസാരിക്കുന്നതുപോലും ഇഷ്ടമായിരുന്നില്ല. സുധിയാകട്ടെ ക്രിക്കറ്റിനെപ്പറ്റി വാതോരാതെ സംസാരിക്കാൻ ശ്രമിക്കും. ഒരു ദിവസം സുധിയെ പ്രതീക്ഷിച്ച് നിൽക്കുകയായിരുന്നു. വരാമെന്നേറ്റ സമയം കഴിഞ്ഞിട്ടും സുധിയെ കാണുന്നില്ല. ഞാൻ സുധിയുടെ നമ്പറിലേക്ക് വിളിച്ചു. സുധി ക്രിക്കറ്റ് കളിയുടെ തിരക്കിലായിരുന്നു. എന്റെ ക്ഷമ നശിച്ചിരുന്നു. ഞാൻ പറഞ്ഞു: "സുധി നീ വരുന്നതുവരെ കാത്തിരിക്കാൻ എനിക്കാവില്ല. നീ വേഗംതന്നെ വരണം."

സത്യത്തിൽ എനിക്ക് വല്ലാതെ ബോറടിച്ചിരുന്നു. സുധി വരുമ്പോൾ ഏതാണ്ട് പത്ത് മിനിറ്റ് കഴിഞ്ഞിരിക്കണം. ഞാൻ സുധിയെ തീരെ ഗൗനിച്ചില്ല. സുധി മാപ്പിനായി ഇരക്കുന്നുണ്ടായിരുന്നു. സുധി പറഞ്ഞു: "ഇന്ന് വാലന്റൻസ് ഡെയാണ്... നിനക്ക് തരാനായി ഞാൻ തന്നെ തയ്യാറാക്കിയതാണ്." കാർഡ് വാങ്ങിയിട്ട് ഞാൻ പറഞ്ഞു: "ഇത് നിനക്കു വേണമെങ്കിൽ തിരിച്ചു വാങ്ങാം. നമ്മൾ പിരിയുക തന്നെയാണ്. നിനക്ക് നിന്റെ ക്രിക്കറ്റ് തന്നെയാണ് വലുത്." സുധി പറഞ്ഞു: "പിരിയുക സാധ്യമല്ല." എന്നിട്ട് കാർഡ് വാങ്ങിയിട്ട് കാർഡിന്റെ മുകളിൽ പേനകൊണ്ടു കുറിച്ചിട്ടു: "എന്റെ പ്രാണേശ്വരിക്ക്."

സുധി കാർഡ് എന്റെ നേരെ നീട്ടി. എനിക്കു വല്ലാതെ ദേഷ്യം വന്നു. "എനിക്ക് നിന്റെ പ്രാണേശ്വരിയാവാൻ കഴിയില്ല, നമ്മൾ ഇവിടെ വച്ചു പിരിയുന്നു." സത്യത്തിൽ ഞാൻ തീരുമാനിച്ചുറപ്പിച്ചതു തന്നെയാണ് പറഞ്ഞതും. അപ്പോഴേക്കും എന്റെ ബസ്സ് വന്നിരുന്നു. സുധിയുടെ വിറയാർന്ന ശബ്ദത്തിനു കാതോർക്കാതിരിക്കാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഞാൻ തിരിഞ്ഞു നോക്കാതെ ബസ്സിൽ കയറി. സുധിയുടെ പേരെഴുതിയ കാർഡ് എടുത്ത് പുറത്തേക്കെറിഞ്ഞു കൊടുത്തു. അത് എന്റെ വിവാഹക്ഷണപത്രമായിരുന്നു.

---

എസ്. കാച്ചപ്പിള്ളി

# 10

# തീർച്ചയായും വരണം, അടുത്തയാൾക്ക് വീണ്ടും കുളമാക്കാൻ

ഭാര്യയ്ക്ക് അസുഖമാണ് എന്നതിനാലാണ് അനിലിന് ലീവെടുക്കേണ്ടി വന്നത്. ഒരു സർക്കാരുദ്യോഗസ്ഥൻ എന്നനിലയിൽ ലീവിനപേക്ഷിച്ച് അനുമതി കാത്തുനിൽക്കാൻ അനിലിനാവുമായിരുന്നില്ല. ഭാര്യയുടെ അസുഖം തിരിച്ചറിഞ്ഞതും അടിയന്തിരമായി ഓപ്പറേഷൻ നിശ്ചയിച്ചതും അനിൽ പ്രതീക്ഷിച്ചതായിരുന്നില്ല. അത്തരമൊരു സാഹചര്യം അനിലിനെ ലീവെടുക്കാൻ പ്രേരിപ്പിച്ചു.

സർക്കാരുദ്യോഗം ലഭിച്ചപ്പോൾ ഇത്രയ്ക്കും അകലെയായിരിക്കുമെന്നു പ്രതീക്ഷിച്ചിരുന്നതല്ല. വീടിനടുത്ത് എവിടേക്കെങ്കിലും മാറ്റം വാങ്ങാൻ പറ്റുമൊ എന്ന അന്വേഷണത്തിലായിരുന്നു അനിൽ. പ്രതീക്ഷകൾക്കൊടുവിലാണ് പട്ടികജാതി-പട്ടികവർഗ്ഗ ഡിപ്പാർട്ട്മെൻറ് വക ഓഫീസിൽ ഒരൊഴിവുണ്ട് എന്നറിയുന്നത്. ഒട്ടും വൈകാതെതന്നെ അനിൽ ആ ഒഴിവിലേക്ക് അപേക്ഷ സമർപ്പിച്ചു. സത്യത്തിൽ ആ ഒഴിവിലേക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ അനിലിന് പ്രത്യേക താൽപ്പര്യം തന്നെ തോന്നിയിരുന്നു. വായിച്ചും കേട്ടും വളർന്ന അത്തരം വിഭാഗങ്ങളുമായി യോജിച്ച് പ്രവർത്തിക്കുക എന്നത് തൻെറ സേവന ചരിത്രത്തിലെ ഭാഗ്യമായി അനിൽ കരുതി. അത്തരമൊരു ദുർബല വിഭാഗത്തിനു വേണ്ടി എന്തെങ്കിലും ചെയ്യുക എന്നതിൽ അനിൽ അഭിമാനം കൊണ്ടു.

ട്രാൻസ്ഫറിന് അപേക്ഷ നൽകിയപ്പോഴാണ് താൻ മാത്രമല്ല ആ ഒഴിവിലേക്ക് അപേക്ഷ നൽകിയിരിക്കുന്നത് എന്നറിയാൻ കഴിഞ്ഞു. അനിൽ നിരാശ

---

എസ്. കാച്ചപ്പിള്ളി

നാകരുതെന്നു തന്നെ തീരുമാനിച്ചു. അങ്ങനെ ശ്രമകരമായ പരിശ്രമങ്ങൾ ക്കൊടുവിലാണ് നാട്ടിലുള്ള ഓഫീസിൽ ഡെപ്യൂട്ടേഷനിൽ ജോലിക്ക് ജോയിൻ ചെയ്തത്.

ആദ്യ ദിവസങ്ങളിൽ പരിചിതരായവരുടെ അന്വേഷണങ്ങളായിരുന്നു. ഓഫീസിൽ പോയില്ലേ എന്നറിയണം. ട്രാൻസ്ഫർ ആയൊ എന്നറിയണം. ഡെപ്യൂട്ടേഷനിൽ പട്ടിക ജാതി-പട്ടിവർഗ്ഗ ഓഫീസിലാണ് എന്നറിയുമ്പോൾ ചിലരെങ്കിലും ഒന്നു നെറ്റി ചുളിക്കാതിരുന്നില്ല എന്ന് അനിൽ മനസ്സിലാക്കി. മറ്റെവിടേക്കെങ്കിലും ശ്രമിക്കരുതൊ എന്ന് തിരക്കിയവരും അക്കൂട്ടത്തിലുണ്ടായിരുന്നു. അനിലിനെ സംബന്ധിച്ച് ദുർബല വിഭാഗങ്ങൾക്കുവേണ്ടി എന്തെങ്കിലും പ്രവർത്തിക്കാൻ ലഭിക്കുന്ന അവസരമായെ കരുതിയിരുന്നുള്ളൂ.

ഓഫീസിലെ ജീവനക്കാരിൽ നല്ല പങ്കും സമുദായിക പരിഗണന വച്ച് ജോലിയിൽ പ്രവേശിച്ചവരാണെന്ന് അനിൽ മനസ്സിലാക്കി. ദുർബലവിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അത്തരം സമുദായിക പരിഗണന സഹായകരമായിരിക്കുമെന്നു തന്നെയാണ് അനിൽ കരുതിയിരുന്നതും. ഫയലുകൾ ക്രമമായി സൂക്ഷിക്കുന്നതിലും അച്ചടക്കത്തോടെ ജോലി ചെയ്യുന്നതിലുമുള്ള താൽപ്പര്യക്കുറവ് അനിൽ പ്രത്യേകം തിരിച്ചറിഞ്ഞു. തൻെറ കടമ ഭംഗിയായി നിർവ്വഹിക്കണമെന്നു തന്നെയായിരുന്നു അനിലിൻെറ തീരുമാനം.

ആദ്യ ദിവസങ്ങളിൽ തന്നെ കാര്യങ്ങളുടെ ഏകദേശരൂപം അനിലിനു മനസ്സിലായി. ഫയലുകളൊക്കെ ഛിന്നഭിന്നമായും കടലാസ്സുകൾ ക്രമപ്രകാരമല്ലാതെയുമാണ് സൂക്ഷിച്ചിരിക്കുന്നത്. ഫയലുകൾക്ക് പ്രത്യേകം നമ്പറുകൾ നൽകി, കടലാസ്സുകൾ തരംതിരിച്ച് ചിട്ടപ്പെടുത്തി, അപ്പോഴേക്കും ഓഫീസിലെ തന്നെ ആരെങ്കിലും അവരുടെ കൈവശമില്ലാത്ത രേഖകൾ തിരക്കി വരും. കടലാസ്സുകൾ തിരിച്ചു ഫയൽ ചെയ്യുകയൊ, ക്രമപ്രകാരം ഫയലുകളിൽ വയ്ക്കുകയൊ ഉണ്ടാവില്ല. അനിലിന് ഇത്തരം പ്രവൃത്തികളിൽ വല്ലാത്ത മനോവിഷമം തോന്നിയിരുന്നു.

അനിൽ ഓഫീസിൻെറ പ്രവർത്തനങ്ങളെപ്പറ്റി പഠിക്കാൻ തന്നെ തീരുമാനിച്ചു. ദുർബല വിഭാഗങ്ങൾക്കു ലഭ്യമാകുന്ന പല സഹായധനങ്ങളും താൻ ജോലി ചെയ്യുന്ന ഓഫീസ് ലഭ്യമാക്കുന്നില്ല എന്ന് അനിൽ മനസ്സിലാക്കി. ഇപ്പോൾ ലഭ്യമാക്കികൊണ്ടിരുന്ന സേവനങ്ങൾക്ക് പുറമെ പുതിയതായി ആരംഭിക്കേണ്ട സേവനങ്ങളെപ്പറ്റി അനിൽ വാതോരാതെ സംസാരിച്ചു. അനിൽ പ്രതീക്ഷിച്ചതിലും മോശമായിരുന്നു പ്രതികരണം. പുതിയ പ്രൊജക്ടുകളെപ്പറ്റി വരുന്നവരോടെല്ലാം അനിൽ വിശദീകരിക്കും. അത്തരം പ്രൊജക്ടുകൾ

നഷ്ടപ്പെടുത്തരുതെന്നു അനിൽ ഉപദേശിക്കും. അങ്ങനെയാണ് അനിലിനു പുതിയ പേരു ലഭിച്ചത്. ഉപദേശി.

ഉന്നത വിദ്യഭ്യാസത്തിനുള്ള സ്കോളർഷിപ്പ് അത്തരമൊരു പ്രൊജക്ടായിരുന്നു. ഉന്നത വിദ്യഭ്യാസത്തിനു ചേരുന്ന വിദ്യാർത്ഥികളോട് പ്രൊജക്ടിനെ സംബന്ധിച്ചു ലഭിക്കുന്ന പുസ്തകങ്ങൾ വായിക്കണമെന്നു ഉപദേശിക്കും. അനിൽ അത്തരം പുസ്തകങ്ങൾ വായിക്കുക പതിവാക്കി. വീട്ടിലെ കാര്യങ്ങളിൽ ശ്രദ്ധയില്ലെന്നു വീട്ടുകാർ കുറ്റപ്പെടുത്തി.

വീട്ടുകാരുടെ പരാതി ശരിയാണെന്നു അനിലിന് അറിയാമായിരുന്നു. ഓഫീസ് ഒന്നു ചിട്ടപ്പെടുത്തി എടുക്കുക തന്നെ. അനിലിന് ഓഫീസ് ചിട്ടപ്പെടുത്തി എടുക്കുന്നതിനെപ്പറ്റിയായിരുന്നു ചിന്ത. പലപ്പോഴും ഏതാണ്ടെല്ലാം ശരിയാക്കി വരുമ്പോഴായിരിക്കും ഓഫീസിലെ ആരെങ്കിലും അത് അലസമാക്കി തരംതിരിച്ചിരിക്കും. അനിലിന്റെ വരവിനുശേഷം ഓഫീസിലെ ഫയലുകൾ നോക്കി കണ്ടുപിടിക്കുക വളരെ എളുപ്പമായിരുന്നു. അനിൽ വന്നതോടുകൂടി ഓഫീസ് ചിട്ടയായതായി ചിലർ അഭിപ്രായപ്പെട്ടു.

അനിൽ പറഞ്ഞതറിഞ്ഞ് ഉന്നതവിദ്യഭ്യാസത്തിനുള്ള സ്കോളർഷിപ്പിന് ഒരു വിദ്യാർത്ഥി അപേക്ഷിക്കുകയായിരുന്നു. അപേക്ഷകൾ പൂരിപ്പിക്കുന്നതിൽ അനിൽ പ്രത്യേകം സഹായിച്ചിരുന്നതുമാണ്. അപേക്ഷകൾ തയ്യാറാക്കി ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തി അയയ്ക്കണം. ദിവസങ്ങൾ കഴിഞ്ഞിട്ടും അപേക്ഷ കാണാതായപ്പോൾ അനിൽ പ്രത്യേകം താൽപ്പര്യപ്പെട്ട് ഫോൺ വിളിക്കുകയായിരുന്നു. വിദ്യാർത്ഥിയാകട്ടെ അവസാന ദിവസം ഓഫീസ് സമയം കഴിയാറായപ്പോഴാണ് എത്തിയതും. ഓഫീസിലാകട്ടെ ഓഫീസ് മേധാവിയും അനിലും മാത്രമെയുണ്ടായിരുന്നുള്ളൂ. "ഇന്ന് അവസാന ദിവസമല്ലെ, ഇതെല്ലാം പരിശോധിച്ച് അയയ്ക്കാൻ സമയമില്ലല്ലൊ" എന്ന് അനിൽ മൃദുവായി ചോദിച്ചതെയുള്ളൂ. മറുപടി കനത്തതായിരുന്നു: "താൻ തന്റെ വീട്ടിൽ നിന്നൊന്നും കൊണ്ടുവന്നു തരേണ്ടതില്ല."

അനിൽ മറുപടി ഒന്നും പറഞ്ഞില്ല. അപേക്ഷ പരിശോധിച്ച് ഓഫീസർ ഒപ്പിടുംവരെ കാത്തിരിക്കാൻ വിദ്യാർത്ഥിക്കു നിർദ്ദേശം നൽകി. "താൻ തന്നെ പരിശോധിച്ചാൽ മതി" എന്ന് മറുപടി പറഞ്ഞ് വിദ്യാർത്ഥി പടികളിറങ്ങിപ്പോയി. അനിൽ അപേക്ഷ പരിശോധിക്കാൻ തുടങ്ങി. വെറുമാറ്റത്തിൽ മാത്രമല്ല ഉന്നത വിദ്യഭ്യാസത്തിനുവേണ്ട യോഗ്യതയുടെ മാർക്കിലും വിദ്യാർത്ഥി വളരെ പിന്നിലാണെന്നും അനിൽ മനസ്സിലാക്കി. ഖജനാവിന്റെ പണം ദുർവിനിയോഗം ചെയ്യുകയാണൊ എന്നും ഇവർ പിന്നീട് സമൂഹത്തിന് ബാധ്യതയാവില്ലെ എന്നും അനിൽ സംശയിച്ചു. ഓഫീസർ പുറത്തേക്കു പോകുവാൻ തയ്യാറെടു

---

ക്കുകയായിരുന്നു. ഓഫീസറെ പറഞ്ഞു ബോധ്യപ്പെടുത്താൻ അനിലിനു ഏറെ പണിപ്പെടേണ്ടി വന്നു.

അപേക്ഷ ഓഫീസ് മേധാവി ഒപ്പിട്ടതിനുശേഷം പരിശോധിക്കാം എന്ന് ധാരണയായി. "ഇതിൽ വിദ്യാർത്ഥിയുടെ ഒപ്പ് ഇല്ല" എന്നു പറഞ്ഞ് ഓഫീസർ പടികളിറങ്ങുമ്പോൾ ഇനിയെന്ത് എന്ന ചിന്തയിലായിലുന്നു അനിൽ.

വിദ്യാർത്ഥിയുടെ മൊബൈൽ നമ്പർ തരപ്പെടുത്തി വിളിച്ചു പറഞ്ഞു. "തനിക്കിത് അപ്പോൾതന്നെ പറയാമായിരുന്നില്ലേടൊ" എന്നതായിരുന്നു മറുപടി. അനിൽ മറുത്തൊന്നും പറയാതിരിക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നു. അപേക്ഷ അയയ്ക്കാതിരുന്നാൽ സ്കോളർഷിപ്പ് ലഭിക്കില്ല എന്നു പറഞ്ഞ് ഫോൺ കട്ട് ചെയ്തു. അൽപസമയം കഴിഞ്ഞിട്ടുണ്ടാവില്ല, ഓഫീസിലെ ഫോൺ ബെൽ ശബ്ദിച്ചു. അങ്ങേ തലക്കൽനിന്നു ഗർജനമാണ് കേട്ടത്. അത് വിദ്യാർത്ഥിയുടെ അച്ഛനായിരുന്നു. സ്കോളർഷിപ്പ് ലഭിച്ചില്ലെങ്കിൽ അനിലിനു നേരിടേണ്ടി വരുന്ന ഭവിഷ്യത്തുകളെപ്പറ്റിയായിരുന്നു ഗർജനം. ഗർജനം ഒന്നടങ്ങിയപ്പോൾ അനിൽ ഓർമ്മപ്പെടുത്തി: "ഒപ്പു മാത്രമല്ല. അപേക്ഷയോടൊപ്പം അയയ്ക്കേണ്ട ചില പേപ്പറുകൾ കൂടി ചേർത്തിട്ടില്ല." ഫയൽ കെട്ടിവച്ച് ഓഫീസ് വിട്ടിറങ്ങുമ്പോൾ സമയം വൈകിയിരുന്നു.

വീട്ടിലെത്തിയപ്പോൾ കുട്ടികൾ പറഞ്ഞു: "അമ്മയ്ക്ക് തീരെ സുഖമില്ല. തലചുറ്റി വീഴുകയുണ്ടായി." പിന്നീടങ്ങോട്ട് ആശുപത്രിയും ചികിത്സയുമായിരുന്നു. താൻ ലീവ് എടുത്ത കാലയളവിൽ തന്നേക്കാൾ സീനിയറായ ഉദ്യോഗസ്ഥയാണ് പകരം സീറ്റ് കൈകാര്യം ചെയ്തിരുന്നതെന്ന് അനിൽ മനസ്സിലാക്കി. തന്നേക്കാൾ പക്വതയോടെ കാര്യങ്ങൾ നീങ്ങിയിരിക്കുമെന്നതിൽ അനിൽ സന്തോഷിച്ചിരുന്നു.

നീണ്ട നാളത്തെ അവധിക്കു ശേഷമാണ് അനിൽ തിരികെ ജോലിക്ക് പ്രവേശിച്ചത്. ഫയലുകൾ പരിശോധിക്കുമ്പോൾ അനിലിന് അമ്പരപ്പാണ് അനുഭവപ്പെട്ടത്. കടലാസ്സുകൾ എല്ലാം വലിച്ചു വാരിയിട്ടിരിക്കുന്നു. പ്രധാനപ്പെട്ട പേപ്പറുകൾ പലതും ഫയലിൽ കാണുവാനുണ്ടായിരുന്നില്ല. തന്റെ നീണ്ട പ്രയത്നം നിഷ്ഫലമായപോലെ അനിലിനു തോന്നി.

ഇനിയും ഇവിടെ തങ്ങുന്നതിൽ അർത്ഥമില്ലെന്ന് അനിൽ മനസ്സിലാക്കി. ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ച് ഓഫീസിന്റെ പടികളിറങ്ങുമ്പോഴാണ് ഓഫീസിലെ ജീവനക്കാർ ഒത്തുകൂടിയത്.

"അനിൽ ഉണ്ടായിരുന്നതിനാൽ മേലുദ്യോഗസ്ഥർ ആവശ്യപ്പെടുമ്പോഴൊക്കെ മറുപടി പറയാൻ എളുപ്പമായിരുന്നു." തന്നെ ഏറെ കുറ്റപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥയാണത് പറഞ്ഞത് എന്ന് അനിൽ തിരിച്ചറിഞ്ഞു. അപ്പോഴാ

ണ് ഉന്നത വിദ്യഭ്യാസത്തിൻെറ സ്കോളർഷിപ്പിനായി തന്നെ സമീപിച്ചിരുന്ന വിദ്യാർത്ഥി ആ വഴി വന്നത്. "സാറ് പോവുകയാണെന്നറിഞ്ഞു. സാർ ഉണ്ടായിരുന്ന കാലയളവിൽ മാത്രമെ ഞങ്ങൾ ഈ ഓഫീസ് പ്രവർത്തിക്കുന്നതായി തിരിച്ചറിഞ്ഞുള്ളൂ."

അപ്പോഴേക്കും ഓഫീസ് മേധാവിയും എത്തിയിരുന്നു. അയാൾ പറഞ്ഞു: "കഴിയുമെങ്കിൽ അനിൽ തിരിച്ചുവരണം. അനിലാണ് ഓഫീസ് ഒന്നു ചിട്ടപ്പെടുത്തി ഭംഗിയാക്കിയത്." മറുപടി എന്നോണം വിദ്യാർത്ഥിയാണത് പറഞ്ഞത്: "തീർച്ചയായും വരണം, അടുത്തയാൾക്ക് വീണ്ടും കുളമാക്കാൻ."

---

എസ്. കാച്ചപ്പിള്ളി

# 11

# ഒരു സംഘടനാ നേതാവിൻെറ വലിപ്പം

ചന്ദ്രമോഹൻ പ്രസംഗിച്ചുകൊണ്ടേയിരുന്നു. വായുവിൽനിന്നും എന്തോ എടുത്ത് പറയുന്നതുപോലെ തോന്നിച്ചു. അണികൾ അക്ഷമരാകുന്നതുകണ്ട് ചന്ദ്രമോഹൻ പ്രസംഗത്തിൻെറ ചുവടൊന്നു മാറ്റി. സംഘടന നേരിടുന്ന പ്രതിസന്ധികളെയും വെല്ലുവിളികളെയും കുറിച്ചായിരുന്നു പ്രസംഗം. സംഘടന നേരിടുന്നതും നേരിടേണ്ടിവരുന്നതുമായ പ്രതിസന്ധികളും വെല്ലുവിളികളും നേതാക്കളെ മാത്രമേ ബാധിക്കുകയുള്ളൂ എന്ന മട്ടിലായിരുന്നു അണികളുടെ പ്രതികരണം. ഒടുവിൽ അണികൾക്കു ലഭിക്കേണ്ട ന്യായമായ ആവശ്യങ്ങളെന്തൊക്കെയാണെന്ന് നമ്പരിട്ട് നിരത്തി. അണികൾ തങ്ങൾ അറിഞ്ഞിട്ടില്ലാത്ത തങ്ങളുടെ അവകാശങ്ങളെപ്പറ്റി ചന്ദ്രമോഹൻ ഓർമ്മപ്പെടുത്തിയതിനെ മനസ്സാ നമിച്ചു. ചന്ദ്രമോഹൻെറ പ്രസംഗത്തിൻെറ തുടർച്ചയെന്നോണം നീണ്ട കരഘോഷം മുഴങ്ങി.

ചന്ദ്രമോഹൻ ചില്ലറമോഷണങ്ങളുമായി, ചെറിയ ചെറിയ അടിപിടികളുമൊക്കെയായി കഴിയുന്ന കാലം. എല്ലാ കേരളീയനെയും പോലെ സ്ക്കൂൾ വിദ്യഭ്യാസം കഴിഞ്ഞപ്പോൾ എന്തു ചെയ്യണമെന്ന ചോദ്യത്തിന് തുടർന്നു പഠിക്കുക എന്ന ചിന്ത തന്നെയാണ് മുന്നിട്ട് നിന്നത്. അങ്ങനെയാണ് ചന്ദ്രമോഹൻ കോളേജിൽ എത്തിയത്. ചന്ദ്രമോഹനെ സംബന്ധിച്ചിടത്തോളം കോളേജ് അമ്പരപ്പിക്കുന്ന ഒന്നായിരുന്നു. നീണ്ട വിശാലമായ കെട്ടിടങ്ങൾ, പുൽത്തകിടിയും പൂന്തോട്ടവുംകൊണ്ട് അതിൻെറ ഗാംഭീര്യം വർദ്ധിച്ചു. പടുകൂറ്റൻ വൃക്ഷ

ങ്ങൾ അതിന്റെ പ്രൗഢിയുടെ അലങ്കാരമായി മാറി. കാടും അരുവിയും അതിന്റെ ആനന്ദവുമൊക്കെ കണ്ടും കേട്ടും വളർന്ന ചന്ദ്രമോഹന് കൊട്ടാരസദൃശ്യമായ കോളേജിൻെറ കൽഭിത്തികൾ പോലും ഒരു യക്ഷികഥയിലെപോലെ തോന്നിച്ചു.

വിസ്മയങ്ങളുടെ പറുദീസയിൽനിന്നും നേതാവിൻെറ കുപ്പായത്തിലേക്കുള്ള പലായനം ആരംഭിക്കുകയായിരുന്നു. വിദ്യാർത്ഥികൾ ആരവമായി മുദ്രാവാക്യം വിളിച്ച് സംഘം ചേർന്ന് നീങ്ങുന്നത് ചന്ദ്രമോഹൻ കൗതുകത്തോടെ നോക്കിനിന്നു. പിന്നീട് ആരവംമൂത്ത് സംഘംചേരൽ സംഘർഷത്തിലേക്ക് നീങ്ങുന്നത് മനസ്സിൻെറ കോണിൽ എവിടെയൊ അടക്കിവച്ചിരുന്ന ചട്ടമ്പിയുടെ കുപ്പായം അണിയാൻ അയാളെ പ്രേരിപ്പിച്ചു. അങ്ങനെയാണ് ചന്ദ്രമോഹൻ കോളേജിലെ വിദ്യാർത്ഥി സംഘടനയിൽ അംഗമായതും വിദ്യാർത്ഥികളുടെ നേതാവായതും.

സംഘംചേരൽ നൽകുന്ന ആത്മബലത്തിൽ സംഘംചേർന്ന് സംഘർഷമുണ്ടാക്കാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുന്നതായിരുന്നു ചന്ദ്രമോഹൻെറ പ്രസംഗങ്ങൾ. കോളേജ് ഹോസ്റ്റലും അതിലെ സൗകര്യങ്ങളും അയാൾക്ക് സൗഹൃദവലയം വർദ്ധിപ്പിക്കാൻ ഏറെ സഹായകമായി. രാഷ്ട്രീയനേതാക്കൾക്ക് കൊടിപിടിക്കാനും അടിപിടിക്കാനും പറ്റിയ ഒരു വിദ്യാർത്ഥി നേതാവിനെയായിരുന്നു വേണ്ടിയിരുന്നത്. ചന്ദ്രമോഹനിലൂടെ അത്തരം ഒരു വിദ്യാർത്ഥി നേതാവിനെ അവർ കണ്ടു. താളത്തിനൊത്ത് കൊഴുപ്പുകൂട്ടാനും താളംതെറ്റിയാൽ തെന്നിമാറാനുമുള്ള ചന്ദ്രമോഹൻെറ ശ്രമം അയാളുടെ ദേഹത്ത് ഒരു പോറൽപോലുമേൽക്കാതെ സംരക്ഷിച്ചു.

രാഷ്ട്രീയനേതാക്കളുമായുള്ള പരിചയം മുതലാക്കാൻതന്നെ അയാൾ തീരുമാനിച്ചു. സംഘടനയുടെ പേരിൽ രാഷ്ട്രീയനേതാക്കളുടെ സഹായത്തോടെ പിരിവു നടത്തി. രാഷ്ട്രീയനേതാക്കൾക്ക് പ്രിയപ്പെട്ടവനും എതിരാളികൾക്ക് ആശങ്കയുമായിരുന്ന വിദ്യാർത്ഥിനേതാവെന്ന നിലയ്ക്ക് കണക്കുകളൊന്നും അയാൾക്ക് ആരേയും ബോധിപ്പിക്കാനുണ്ടായിരുന്നില്ല. സംഘംചേർന്നുള്ള ഭീഷണിയിൽ അയാൾക്ക് കൂടുതൽ ശക്തി ലഭിച്ചിരുന്നു. ഒറ്റപ്പെട്ടവർക്കാകട്ടെ സംഘംചേർന്നുള്ള സംഘട്ടനത്തിൽ ആകാംക്ഷയും ഭയപ്പാടുമുണ്ടായിരുന്നു. ഇരുകൂട്ടർക്കുമിടയിൽ ചന്ദ്രമോഹൻ ആരവമായി, ചെറു കടലായി ഇരമ്പി.

വനിതകളുടെ ഭാഗത്തുനിന്നും ആരുംതന്നെ സംഘടനയിൽ സജീവമായി മുന്നോട്ടു വരുന്നില്ല എന്നത് സംഘടനയുടെ കുറവായി ചന്ദ്രമോഹൻ കണ്ടു. കോളേജ് കാമ്പസ്സിലെ പ്രണയങ്ങളുടെ കൂട്ടത്തിൽ സംഘടനയുടെ പ്രണയജോഡികളെ അയാൾ തിരിച്ചറിഞ്ഞു. അവരിൽ ആരെയെങ്കിലും വനിതകളുടെ

---

എസ്. കാച്ചപ്പിള്ളി

ഭാഗത്തുനിന്നും സംഘടനയ്ക്കായ് ആളെ കൂട്ടാൻ ലഭിക്കുമൊ എന്നു ശ്രമം നടത്തി. ശ്രമം പരാജയം കൊണ്ടിരിക്കുമ്പോഴാണ് ചന്ദ്രമോഹന് ഒരാരാധികയെ ലഭിക്കുന്നത്. ആരാധികയെ തൻെറ സ്വന്തം പ്രണയജോഡിയാക്കാൻ ചന്ദ്രമോഹന് ഏറെ പണിപ്പെടേണ്ടി വന്നില്ല. അങ്ങനെയാണ് കുസുമം ചന്ദ്രമോഹനുമൊത്തുള്ള സംഘടനാ പ്രവർത്തനങ്ങളിൽ വ്യാപൃതയായത്. ഏറെ വായനയും അതിലേറെ സംഘടനാ സ്വപ്നവുമുള്ള കുസുമത്തിന് വൈകാതെ തന്നെ തൻെറ തെറ്റു മനസ്സിലായി. അകന്നു കാണുമ്പോഴുള്ള ചന്ദ്രമോഹനല്ല അടുത്തറിയുന്ന ചന്ദ്രമോഹൻ എന്നവൾ മനസ്സിലാക്കി. ചന്ദ്രമോഹനിൽ തെമ്മാടിയും ക്രിമിനലും ഒളിച്ചിരുപ്പുണ്ടെന്നു കുസുമം തിരിച്ചറിഞ്ഞു. കുസമത്തിന് ചന്ദ്രമോഹനിൽ നിന്നും പിൻമാറാനുള്ള അവസരം അയാൾ നിഷേധിച്ചു. കുസുമവുമൊത്തുള്ള തെറ്റായ പ്രചാരണത്തിന് അയാൾ തന്നെ നേതൃത്വം നൽകി. മാനഹാനിക്കും മനസംഘർഷത്തിനുമിടയിൽ ചന്ദ്രമോഹൻെറ നിർദ്ദേശങ്ങൾ അനുസ്സരിക്കുക മാത്രമെ കുസുമത്തിന് നിർവ്വാഹമുണ്ടായിരുന്നുള്ളൂ.

കുസുമത്തിന് ഇതിൽനിന്നെല്ലാം ഒളിച്ചോടണമെന്നുണ്ടായിരുന്നു. എവിടെയൊ കരുത്ത് ചോർന്നുപോയതുപോലെ. ചന്ദ്രമോഹൻെറ നിർദ്ദേശങ്ങൾക്കനുസരിച്ച് നീങ്ങുന്ന ഒരു പാവയായി മാറിയൊ എന്നു കുസുമം സംശയിച്ചു. ഒരുവിധം പഠനം കഴിഞ്ഞ് പുറത്തിറങ്ങിയ ചന്ദ്രമോഹന് പുറത്തെ രാഷ്ട്രീയത്തിൽ പിടിച്ചുനിൽക്കാൻ ഏറെ പാടുപെടേണ്ടിവന്നു. എന്നിട്ടും കോളേജ് രാഷ്ട്രീയത്തിലെയത്ര ശോഭിക്കാൻ തനിക്കു കഴിയുന്നില്ലെന്നു കാലം തെളിയിച്ചുകൊണ്ടേയിരുന്നു.

കുസുമത്തിൻെറ കാര്യത്തിൽ ചന്ദ്രമോഹനെ പലപ്പോഴായി കൂട്ടുകാർ നിർബന്ധിച്ചുകൊണ്ടേയിരുന്നു. കുരുക്കിൽനിന്നും രക്ഷപെടാൻ വയ്യാത്തവിധം കെട്ടുപാടുകൾ മുറുകിയൊ എന്നു കുസുമത്തിനു സംശയം തോന്നി. മറ്റൊന്നും ചെയ്യാൻ കുസുമത്തിനാകുമായിരുന്നില്ല. വീട്ടുകാരുടെ എതിർപ്പിനെ മറികടന്ന് കൂട്ടുകാരുടെ പ്രേരണയ്ക്കു വഴങ്ങി കുസുമം ചന്ദ്രമോഹനോടൊത്ത് താമസ്സമാക്കി. പ്രതീക്ഷകൾക്ക് നേരിയ സാധ്യതപോലും മങ്ങിയതായി കുസുമത്തിനു തോന്നി. കൂട്ടുകാർക്കിടയിൽ അവരോടൊത്ത് അവരുടെ ചിലവിൽ എത്രനാൾ എന്ന ചിന്ത കുസുമത്തിനെ വല്ലാതെ അലട്ടി. ഇനിയൊരു തിരിച്ചുപോക്കു സാധ്യമല്ലാത്തവിധം കെട്ടുപാടുകൾ കൂടുതൽ മുറുകുന്നതിൽ കുസുമത്തിൻെറ മനസ്സ് വല്ലാതെ നൊമ്പരപ്പെടുന്നുണ്ടായിരുന്നു.

കുസുമത്തിനൊരു ജോലി തരപ്പെടുത്തിക്കൊടുക്കുന്നതിൽ ചന്ദ്രമോഹനെക്കാൾ പ്രയത്നിച്ചത് കൂട്ടുകാരായിരുന്നു. അതിലവർ വിജയിക്കുകതന്നെ ചെയ്തു. വീടിനെപ്പറ്റിയൊ, വീട്ടുകാര്യങ്ങളെപ്പറ്റിയൊ ചന്ദ്രമോഹൻ അന്വേഷി

ക്കാറില്ല. വീട്ടുകാര്യങ്ങൾ അന്വേഷിക്കുന്നതിലുള്ള ചന്ദ്രമോഹൻെറ വിമുഖതയും അലസതയും കുസുമത്തിന് അയാളോടുള്ള വെറുപ്പ് വർദ്ധിപ്പിച്ചു. ഒരു ദിവസം കുസുമം പറഞ്ഞു: "നമുക്ക് പിരിയാം."

ചന്ദ്രമോഹൻ ചിരിച്ചുകൊണ്ടാണ് പറഞ്ഞു തുടങ്ങിയത്, പിന്നെ കുസുമത്തിനെ തല്ലാനും തുടങ്ങി. അയാൾ പറഞ്ഞു: "ഞാൻ നിനക്ക് ജോലി വാങ്ങി തന്നു. നീ രേഖാമൂലം എൻെറ ഭാര്യയാണ്. ഞാൻ എവിടെയുണ്ടോ അവിടെ നീയുമുണ്ടാകും. അല്ലായെങ്കിൽ നിന്നെ മാത്രമല്ല, നിന്നെ സംരക്ഷിക്കാനായി വരുന്നവരേയും ഒരു പാഠം പഠിപ്പിക്കും. ഒരിക്കലും മറക്കാൻ പറ്റാത്ത പാഠം." കുസുമം തേങ്ങിക്കൊണ്ടേയിരുന്നതെയുള്ളൂ. ചന്ദ്രമോഹൻെറ പ്രവൃത്തികളെ നന്നായറിയാവുന്ന കുസുമം ഏങ്ങലടക്കി നിന്നതെയുള്ളൂ.

കുസുമവുമായുള്ള ഏറ്റുമുട്ടലിനുശേഷമാണ് സ്വന്തമായി ഒരു ജോലിയെപ്പറ്റി ചന്ദ്രമോഹൻ ആലോചിച്ചു തുടങ്ങിയത്. ചന്ദ്രമോഹൻ ജോലിക്കു ശ്രമിക്കുന്നു എന്നറിഞ്ഞതിൽ കുസുമം ഏറെ സന്തോഷിച്ചു. കഴിയാവുന്നത്ര പത്രത്താളുകളും മറ്റും പരിശോധിക്കുക പതിവാക്കി. പരിചയക്കാരോടും മറ്റും ചന്ദ്രമോഹന് യോജിച്ച ജോലിയെപ്പറ്റി അന്വേഷിക്കും. ജോലിക്കു പോയി തുടങ്ങിയാൽ അച്ചടക്കമുള്ള ഒരു ഭർത്താവായി ചന്ദ്രമോഹൻ മാറുമെന്നു കുസുമം കരുതിയിരുന്നു.

ചന്ദ്രമോഹന് ജോലിസ്ഥലത്തും അച്ചടക്കത്തോടെ പെരുമാറാൻ ആകുമായിരുന്നില്ല. അയാൾ താനൊരു സാമൂഹ്യപ്രവർത്തകനാണെന്നും രാഷ്ട്രീയക്കാരനാണെന്നും അതിനാൽ സമയക്ലിപ്തതയൊന്നും പാലിക്കാൻ സാധിക്കുകയില്ല എന്ന നിലപാടിൽ ഉറച്ചുനിന്നു. മറ്റുള്ളവർ കാൺകെ മേലധികാരികളോട് സമരത്തിൻെറ ഭാഷയിൽ സംസാരിച്ചിരുന്ന ചന്ദ്രമോഹൻ തരംകിട്ടുമ്പോഴൊക്കെ മേലധികാരികൾക്ക് വേണ്ട സേവ ചെയ്തു കൊടുക്കൽ പതിവാക്കി. മേലധികാരികൾക്ക് ചന്ദ്രമോഹനനെപോലുള്ള നേതാവിനെയായിരുന്നു ആവശ്യം. അതുകൊണ്ടുതന്നെ യൂണിയൻ പ്രവർത്തനങ്ങളെ പ്രത്യേകിച്ച് ചന്ദ്രമോഹൻെറ പ്രവർത്തനങ്ങളെ നിരുത്സാഹപ്പെടുത്തേണ്ടെന്നു മേലധികാരികൾ തീരുമാനിക്കുകയായിരുന്നു.

ചന്ദ്രമോഹൻെറ വീറുറ്റ പ്രസംഗങ്ങളും പ്രകടനങ്ങളുമായി കമ്പനി ഒരുവിധം മുന്നോട്ടു നീങ്ങുകയായിരുന്നു. തൊഴിലാളികളുടെ പ്രതിനിധി എന്ന നിലയിൽ ഡയറക്ടർ ബോർഡിൽ ഒരാൾ ഉണ്ടെങ്കിൽ സമരംകൂടാതെ തന്നെ ആവശ്യങ്ങൾ നേടിയെടുക്കാമെന്ന ചിന്ത സംഘടയിൽ വേരൂന്നി. ചന്ദ്രമോഹൻ ഉള്ളാലെ സന്തോഷിക്കുകയായിരുന്നു. കമ്പനി ഡയറക്ടറാകാനുള്ള അവസരം മുതലാക്കാൻ തന്നെ അയാൾ തീരുമാനിച്ചു. അത്തരമൊരാവശ്യം

മേലധികാരികൾക്ക് മുൻപിൽ രേഖാമൂലം സമർപ്പിച്ചു. തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ കമ്പനി ഡയറക്ടർ ബോർഡിൽ അവതരിപ്പിക്കണമെങ്കിൽ തൊഴിലാളികളുടെ പ്രതിനിധി ഡയറക്ടർ ബോർഡിൽ ഉണ്ടാകണമെന്ന വാദം തൊഴിലാളികൾക്കിടയിൽ ആഴത്തിൽ വേരോടി.

വിവിധ രാജ്യങ്ങളിൽനിന്നും ലഭിച്ചിരിക്കുന്ന ഓർഡറുകളും കരാറുകളും അനുസരിച്ച് ഇത്തരമൊരവസരത്തിൽ സമരം കമ്പനിക്കു ദോഷം ചെയ്യുമെന്നു ചന്ദ്രമോഹൻ വിലയിരുത്തി. തങ്ങളുടെ ന്യായമായ അവകാശങ്ങൾ അനുവദിച്ചു തന്നില്ലായെങ്കിൽ കമ്പനി സമരത്തിലേക്ക് നീങ്ങുമെന്ന് ഭീഷണിപ്പെടുത്തി. കമ്പനി ഡയറക്ടേഴ്സ് യോഗം ചേർന്ന് ഇത്തരമൊരു അവസരത്തിൽ സമരംമൂലം ഉൽപ്പാദന നഷ്ടം ഉണ്ടാകരുതെന്നു തീരുമാനിക്കുകയായിരുന്നു. ഒത്തുതീർപ്പു വ്യവസ്ഥയനുസരിച്ച് ചന്ദ്രമോഹനെതന്നെ കമ്പനി ഡയറക്ടറായി നിശ്ചയിച്ചു.

ചന്ദ്രമോഹനെ കൂട്ടാതെ കമ്പനി ഡയറക്ടേഴ്സ് അനൗപചാരികമായി യോഗം ചേർന്ന് കാര്യങ്ങൾ തീരുമാനിക്കാൻ തുടങ്ങി. ഔപചാരിക യോഗത്തിൽ മിനിട്സ് എഴുതി തീരുമാനങ്ങൾ രേഖപ്പെടുത്തും. ചന്ദ്രമോഹന് കമ്പനി ഡയറക്ടറുടെ ആനുകൂല്യങ്ങളെല്ലാം ലഭിക്കും. ഡയറക്ടറെന്ന നിലയിൽ ലഭിക്കുന്ന ശീതളിമയിലും സുഖലോലുപതയിലും പദവിയിലും അയാളറിയാതെ മയങ്ങി. തൊഴിലാളികളുടെ യോഗങ്ങളും മറ്റും ചേരുമ്പോൾ ചന്ദ്രമോഹൻ വിശിഷ്ടാതിഥിയായിരിക്കും. കമ്പനി ഡയറക്ടേഴ്സിനെ സംബന്ധിച്ച് അതു വളരെ ആശ്വാവഹമായിരുന്നു.

അനൗപചാരികമായി കമ്പനി ഡയറക്ടേഴ്സ് യോഗം ചേർന്ന് ചന്ദ്രമോഹൻ പ്രതിനിധീകരിക്കുന്ന യൂണിറ്റ് പൂട്ടിയിടാൻ തീരുമാനിച്ചു. മറ്റു യൂണിറ്റുകൾ തുടർന്നു പ്രവർത്തിക്കുക, ലാഭകരമായി പ്രവർത്തിക്കുംവിധം പുതിയ ഓർഡറുകൾ ലഭിക്കും വരെ ചന്ദ്രമോഹൻ പ്രതിനിധീകരിക്കുന്ന യൂണിറ്റ് പൂട്ടിയിടുക. സമാധാനപരമായ അന്തരീക്ഷത്തിൽ കമ്പനി പൂട്ടിയിടാൻ സാധ്യമല്ല എന്ന് ഡയറക്ടേഴ്സിന് അറിയാം. അവർ ചന്ദ്രമോഹനുമായി വിലപേശാൻ തന്നെ തീരുമാനിച്ചു.

ചന്ദ്രമോഹന് കമ്പനി നിശ്ചിത ശതമാനം ഓഹരി ഓഫർ ചെയ്തു. ഓഹരി വിലയാകട്ടെ കോടികൾ വിലമതിക്കുന്നതായിരുന്നു. ചന്ദ്രമോഹന് ഓഫർ സ്വീകരിക്കാതിരിക്കാനാവുമായിരുന്നില്ല. അയാൾ ഡയറക്ടേഴ്സുമായി സഹകരിക്കാൻതന്നെ അവസാനം തീരുമാനിച്ചു. തന്റെ ചരിത്രം ഇത്ര എളുപ്പം തിരുത്തിയെഴുതാൻ കഴിയുന്നതിൽ അയാൾ മനസ്സാ സന്തോഷിച്ചു.

ചന്ദ്രമോഹൻ തൊഴിലാളികളുടെ യോഗത്തിൽ കമ്പനി ഡയറക്ടേഴ്സി

---

ന്റെ തീരുമാനം തെറ്റായി റിപ്പോർട്ട് ചെയ്തു. കമ്പനി ഡയറക്ടേഴ്സിന്റെ ഇല്ലാത്ത തീരുമാനത്തിനെതിരെ സമരം ചെയ്യാൻ യോഗത്തിൽ തൊഴിലാളികളെകൊണ്ടു തീരുമാനമെടുപ്പിച്ചു. സമരം ശക്തമായി. അസംസ്കൃത സാധനങ്ങളുമായി വരുന്ന വാഹനങ്ങൾ കമ്പനി ഗെയ്റ്റിൽ തന്നെ തടയും. ഉൽപ്പന്നങ്ങളൊന്നും പുറത്തേക്കുപോകാൻ അനുവദിച്ചതുമില്ല. ഇത്തരമൊരു അവസരം ലഭ്യമാക്കിയതിൽ കമ്പനി ഡയറക്ടേഴ്സ് ഉള്ളാലെ ആഹ്ളാദിക്കുകയായിരുന്നു. കമ്പനിയെ വലിയൊരു സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും രക്ഷപെടുത്തിയതിൽ ചന്ദ്രമോഹനെ മറ്റു ഡയറക്ടേഴ്സ് അനുമോദിച്ചു. അടുത്ത ദിവസം ജോലിയിൽ പ്രവേശിക്കാൻ തയ്യാറായിവന്ന തൊഴിലാളികൾ കമ്പനി വാതിൽക്കൽ ഒരു നോട്ടീസ് വായിച്ചു. അതിൽ മറ്റു ഡയറക്ടേഴ്സിനൊപ്പം ചന്ദ്രമോഹനും ഒപ്പിട്ടിട്ടുണ്ടായിരുന്നു. അത് കമ്പനി ലോക്കൗട്ട് ചെയ്തുകൊണ്ടുള്ള നോട്ടീസായിരുന്നു.

# 12

# പുതിയ താമസ സ്ഥലം

വണ്ടിയിൽനിന്നും സാധനങ്ങൾ ഇറക്കിവയ്ക്കുന്നത് ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ശ്രദ്ധ അൽപ്പം തെറ്റിയാൽ സാധനങ്ങൾ അവർ നശിപ്പിച്ചു കളഞ്ഞാലൊ എന്നു ഭയപ്പെട്ടു. കഴിഞ്ഞപ്രാവശ്യത്തെ അനുഭവങ്ങൾ എന്നെ കൂടുതൽ ശ്രദ്ധാലുവാക്കി. കഴിഞ്ഞപ്രാവശ്യം സാധനങ്ങൾ ലോറിക്കു കൊണ്ടുവരികയായിരുന്നു. അടുക്കളെസാധങ്ങളേ ഇറക്കാൻ അവശേഷിക്കുന്നുള്ളൂ എന്ന ധാരണയിൽ ഒന്നു മാറി നിൽക്കുകയായിരുന്നു. എന്തൊ ഭയങ്കര ഒച്ചകേട്ടാണ് ഞാൻ തിരിഞ്ഞു നോക്കിയത്. പിന്നീട് എൻെറ ഓവൻ തകർത്തല്ലോടാ എന്ന് രജനിയുടെ വിലാപമായിരുന്നു. അതിൽനിന്നും എൻെറ സമ്പാദ്യത്തിലെ വിലവെട്ട ഓവൻ നഷ്ടപ്പെട്ടതായി ഞാൻ മനസ്സിലാക്കി. അവരെ നഷ്ടപരിഹാരം തരുംവരെ പിടിച്ചുവക്കാമെന്ന ധാരണ തെറ്റാണെന്നു മനസ്സിലാക്കാൻ ഏറെ സമയം വേണ്ടിവന്നില്ല. നഷ്ടപരിഹാരത്തിൻെറ കാര്യം സൂചിപ്പിച്ചപ്പോൾ മറ്റൊന്തൊകൂടി താഴേക്കു വന്നുവീണു. എൻെറ കമ്പ്യൂട്ടർ വീണുടഞ്ഞു കിടക്കുന്നു. ഇതെല്ലാം സാധാരണമാണെന്നും കൂടുതൽ സംസാരിച്ചാൽ സാറിനു തന്നെയായിരിക്കും നഷ്ടം എന്ന വാദം അംഗീകരിച്ചുകൊണ്ട് ചോദിച്ച തുക നൽകി അവരിൽനിന്നും ഒരുവിധം രക്ഷപെടുകയായിരുന്നു.

ഇപ്രാവശ്യം പ്രൊമോഷനോടുകൂടി സ്ഥലമാറ്റം കിട്ടിയപ്പോൾ പുതിയ താമസസൗകര്യമൊരുക്കി പുറപ്പെടുകയായിരുന്നു. കഴിഞ്ഞ സ്ഥലം മാറ്റക്കാലത്ത് സാധനങ്ങൾ കയറ്റിയിറക്കിയപ്പോഴുണ്ടായ പ്രയാസങ്ങളും അനുഭവങ്ങ

ളും മനസ്സിൽ ഉണ്ടായിരുന്നു. വീട്ടുസാധനങ്ങൾ ലോറിയിൽ കയറ്റുമ്പോൾ മൗനം പാലിച്ചു നിന്നതെയുള്ളൂ. ഇപ്രാവശ്യം പറഞ്ഞ കാശും കൊടുത്തു പടിയിറങ്ങുമ്പോൾ യാത്ര പറയാൻ പ്രത്യേകിച്ചാരുമില്ലെന്ന് ഉറപ്പുവരുത്തി.

രജനി അപ്പോഴും അവളുടെ ലോകത്തിൽ തന്നെയായിരുന്നു. തോട്ടത്തിൽ നിന്നും പറിച്ചെടുത്ത ചെടികളുടെ കണക്കുകളും തോട്ടം നട്ടുണ്ടാക്കിയതിന്റെ കഷ്ടപ്പാടുകളും വിവരിക്കുന്നുണ്ടായിരുന്നു.

ലോറിക്കാരൻ വീട്ടു സാധനങ്ങളുമായി എത്തുംമുൻപെ വീടിന്റെ ഗേറ്റു തുറന്നു വച്ചിരുന്നു. ലോറിക്കാരൻ എന്റെ സിഗ്നൽ മനസ്സിലാക്കിയിട്ടാകണം ലോറി നിറുത്തി താഴെക്കിറങ്ങി വന്ന് മൂരി നിവർത്തി. സാധനങ്ങൾ ഇറക്കാൻ ആളെ ഏർപ്പാടാക്കിയിട്ടുണ്ടൊ എന്നു തിരക്കി. സത്യത്തിൽ സാധനങ്ങൾ ഇറക്കാൻ ആരേയും ഏർപ്പാടാക്കിയിട്ടുണ്ടായിരുന്നില്ല. സാധനങ്ങൾ ഇറക്കിയതിനു ശേഷവും മറ്റൊരു കൂട്ടർ ബഹളം വച്ചു കാശുവാങ്ങി പോയിട്ടുള്ളത് ഓർമ്മയിൽ വന്നു.

റോഡിന് എതിർവശത്തുനിന്നും ഒരാൾ വരുന്നതു കണ്ട് ഞാൻ ആകാംക്ഷയോടെ അയാളെ നോക്കി. താൻ എതിർവശത്തുള്ള വീട്ടുകാരനാണെന്നു പറഞ്ഞു സ്വയം പരിചയപ്പെടുത്തിയപ്പോൾ വീട്ടുസാധനങ്ങൾ ഇറക്കാൻ ആരെയെങ്കിലും കിട്ടുമൊ എന്നു തിരക്കാനെ എനിക്കു നിർവ്വാഹമുണ്ടായിരുന്നുള്ളൂ.

ജംഗ്ഷൻവരെ പോയാൽ ആരെയെങ്കിലും തരപ്പെടാതിരിക്കില്ല - എന്നു പറഞ്ഞ് അയാൾതന്നെ ആളെ തിരക്കി പുറപ്പെട്ടു.

രജനി റോഡിനെതിർവശത്തുള്ള വീട്ടിലേക്ക് പോയി വീട്ടുകാരിയുമായി സംസാരിക്കുന്നതു കണ്ടു. അയൽവീട്ടിലെ വീട്ടുകാരിക്കൊപ്പം രജനി തിരിച്ചു വരുമ്പോൾ കൈയ്യിൽ ഒരു കെട്ടു ചെടികളുമുണ്ടായിരുന്നു. അപ്പോഴേക്കും സാധനങ്ങൾ ഇറക്കാനുള്ള ആളുമായി അയൽവാസി എത്തിയിരുന്നു. എന്തൊ ഓർത്തിട്ടെന്നവണ്ണം ചെടികൾ ഒരു മൂലയിൽ നിക്ഷേപിച്ച് രജനി അകത്തേക്കു പോയി. അകത്തുനിന്നും വീട്ടുസാധങ്ങൾ എവിടെയൊക്കെ വയ്ക്കണമെന്ന നിർദ്ദേശങ്ങൾ കേൾക്കാമായിരുന്നു.

വീട്ടുസാധനങ്ങളിറക്കി അവർക്ക് കാശുകൊടുത്ത് അയൽക്കാരെ അകത്തേക്കു ക്ഷണിക്കുമ്പോൾ രജനി അയൽക്കാരിയുമായി സൗഹൃദം കൂടിയതായി എനിക്കു മനസ്സിലായി. അവർ അകത്തേക്കു കയറാൻ കൂട്ടാക്കാതെ പുറത്തുനിന്നു കുശലം പറഞ്ഞു തിരിച്ചുപോകുമ്പോൾ രജനി പറഞ്ഞു: "എനിക്കിഷ്ടമായി."

"കഴിഞ്ഞ പ്രാവശ്യം വീട്ടുസാധനങ്ങൾ ഇറക്കുമ്പോഴുള്ള ബുദ്ധിമുട്ടുക

---

എസ്. കാച്ചപ്പിള്ളി

ളൊന്നുമുണ്ടായില്ല'' ഞാൻ നെടുവീർപ്പിട്ടു.

''ഞാനതല്ല പറഞ്ഞത്. നല്ല അയൽക്കാർ എന്നാണ്.'' രജനി വിശദീകരിച്ചു. ഞാൻ തലയാട്ടി സമ്മതിച്ചു. സോമശേഖരനായിരുന്നുവല്ലോ സാധനങ്ങൾ ഇറക്കാൻ ആളെ കൂട്ടിയതും മറ്റും.

രജനി പറഞ്ഞാണ് സോമശേഖരൻെറ ഭാര്യയുടെ പേര് സരോജം എന്നാണെന്ന് എനിക്ക് മനസ്സിലായത്. രജനി അപ്പോഴും സരോജത്തിൻെറ മുറ്റത്തു കണ്ട ചെടികളെപ്പറ്റി വിവരിക്കുന്നുണ്ടായിരുന്നു. സരോജത്തിനു വിവിധതരം റോസ്സാചെടികളുടെ ശേഖരം തന്നെയുണ്ട്, സരോജത്തിൻെറ തോട്ടം കണ്ടാൽ തന്നെ കൊതി തോന്നും - എന്നൊക്കെ രജനി പറയുന്നതിൽനിന്നും രജനിക്ക് സരോജത്തെ വല്ലാതെ വിടിച്ചതായി എനിക്കു മനസ്സിലായി. സോമശേഖരനുമായി പരിചയപ്പെട്ടതിൽനിന്നും എനിക്കും പ്രത്യേകമായ ഒരടുപ്പം തോന്നിയിരുന്നു. നല്ല അയൽക്കാരെ കിട്ടിയതിലുള്ള അഹ്ളാദം പങ്കുവയ്ക്കുകയായിരുന്നു ഞങ്ങൾ.

വിറ്റേന്ന് ഞാൻ ജോലി കഴിഞ്ഞ് തിരിച്ചുവരുമ്പോൾ രജനിയെ മുൻവശത്തൊന്നും കണ്ടിരുന്നില്ല. രജനി സോമശേഖരൻെറ ഭാര്യയുടെ അടുത്തേക്കായിരിക്കും പോയിരിക്കുകയെന്നു വെറുതെ ഊഹിച്ചു. കോളിങ് ബെൽ അമർത്തിയതും എൻെറ ഊഹം തെറ്റിച്ചുകൊണ്ടു അപ്പുറത്തുനിന്നും രജനിയുടെ ശബ്ദം വന്നു: ''ഇതാ വരുന്നു...''

രജനി വാതിൽ തുറന്നതും ഞാൻ പറഞ്ഞു: ''ഞാൻ വിചാരിച്ചു അപ്പുറത്തെ വീട്ടിലെങ്ങാനും പോയിക്കാണുമെന്ന്.''

അതിനു മറുപടിയായി രജനി പാദങ്ങൾ ശക്തമായി നിലത്തൂന്നി അപ്പുറത്തേക്കു പോയതേയുള്ളൂ. എന്തോ അപശകുനം സംഭവിച്ചതായി എനിക്കു മനസ്സിലായി. വസ്ത്രങ്ങൾ മാറി മുഖവും പാദങ്ങളും കഴുകുന്നതിനിടയിൽ ഞാൻ തിരക്കി: ''എന്തെ എന്തുണ്ടായി...''

സരോജത്തിൻെറ വീട്ടിൽപോയതും അവിടെ സരോജം സോമശേഖരനെ ചീത്ത പറയുന്നതു കേട്ടതുമെല്ലാം അവൾ ഒന്നൊന്നായി വിവരിച്ചു. സരോജം എന്തിനാണ് സോമശേഖരനുമായി പിണങ്ങിയതെന്ന് രജനിതന്നെ പറയട്ടെ എന്നു കരുതി ഞാൻ നിശബ്ദനായി നിന്നതെയുള്ളൂ.

''ഇങ്ങനെയാണൊ ഒരു സ്ത്രീ ഭർത്താവിനോടു പെരുമാറുന്നത്. ഇത് വല്ലാത്ത സാധനംതന്നെ.''

''നീ സോമശേഖരൻെറ ഭാര്യയെപ്പറ്റിയാണൊ പറയുന്നത്.'' ഞാൻ തിരക്കി. ചുരുങ്ങിയ സമയം കൊണ്ടുണ്ടാക്കിയ പരിചയത്തിൽനിന്നും സരോജത്തിനെപ്പറ്റി രജനിക്കു നല്ല അഭിപ്രായമായിരുന്നുവല്ലോ.

---

എസ്. കാച്ചപ്പിള്ളി

സത്യത്തിൽ അപ്പോൾ മാത്രമാണ് സോമശേഖരൻ ചെയ്തുതന്ന ഉപകാരത്തെപ്പറ്റി ശരിക്കും ബോധവാനായത്. രജനി വഴക്കിൻെറ കാര്യം പറയുംവരെ ഞാൻ അക്കാര്യത്തിന് അത്ര പ്രാധാന്യമൊന്നും നൽകിയിരുന്നില്ല. സാധനങ്ങൾ ലോറിയിൽ നിന്നിറക്കാൻ എന്തു ചെയ്യണമെന്നറിയാതെ വിഷമിച്ചു നിൽക്കുമ്പോൾ സ്ഥലത്തെപ്പറ്റി അപരിചിതനായ എനിക്ക് അതും ഞാൻ ആവശ്യപ്പെടാതെ സോമശേഖരൻ ഉപകാരിയാവുകയായിരുന്നു. എനിക്ക് സോമശേഖരനോട് സത്യമായും ബഹുമാനം തോന്നി. എങ്കിലും എന്തിനാണ് ആ സ്ത്രീ അവളുടെ ഭർത്താവിനെ അക്കാര്യത്തിൽ വിചാരണ നടത്തിയതെന്നു മനസ്സിലായില്ല. ഒരുപക്ഷെ അത്തരം പ്രവൃത്തിയിലൂടെ സ്വന്തം ഭർത്താവിൻെറ വില ഇടിഞ്ഞുപോകുമൊ എന്നു കരുതിയിട്ടാവുമൊ.

രജനിയുടെ വിശദീകരണത്തിൽനിന്നും ഒരു കാര്യം വ്യക്തമായി. സോമശേഖരൻ ചെയ്തുതന്ന ഉപകാരങ്ങൾ സരോജത്തിന് ഇഷ്ടപ്പെട്ടിട്ടില്ലെന്നു വ്യക്തമായി.

പിറ്റേദിവസം രാവിലെ ഞാൻ എഴുന്നേറ്റയുടനെ അയൽപക്കത്തെ സോമശേഖരൻെറ വീട് ശ്രദ്ധിച്ചു. അയാൾ വരാന്തയിൽ നിൽക്കുന്നതു കണ്ട് ഞാൻ അങ്ങോട്ടു നടന്നു. എന്നെ വീടിൻെറ ഗേറ്റിനരുകിൽ കണ്ടപ്പോൾ തന്നെ അയാൾ താഴേക്കിറങ്ങി ഗേറ്റിനടുത്തേക്കു വന്നു.

തണുത്ത കാറ്റ് വീശുന്നുണ്ടായിരുന്നു. പടിക്കൽ എത്തിയപ്പോൾ ശക്തമായ കുര കേട്ട് ഞാൻ ഞെട്ടി. എന്തു ചെയ്യണമെന്നറിയാതെ ഞാനൊന്നു പരുങ്ങി. അപ്പോഴേക്കും സോമശേഖരൻ എത്തി നായയെ സാന്ത്വനപ്പെടുത്തി കൊണ്ടുപോയി.

അയാൾ തിരിച്ചുവന്ന് എന്നെ അകത്തേക്ക് ക്ഷണിച്ചു. ഞാൻ നന്ദി സൂചകമായി പറഞ്ഞു: "സോമശേഖരൻെറ സഹായത്താലാണ് വീട്ടുസാധനങ്ങൾ ഇരുട്ടും മുമ്പെ ഇറക്കുവാൻ കഴിഞ്ഞത്."

അയാൾ വെളുക്കെ ചിരിച്ചതെയുള്ളൂ. അപ്പോഴേക്കും അയാളുടെ ഭാര്യ പുറത്തേക്കു വന്നു. അവർ പറഞ്ഞു: "പുതിയ അയൽക്കാരെ ഇങ്ങോട്ടൊന്നും കണ്ടില്ലല്ലൊ എന്നു ഞങ്ങൾ പറയുകയായിരുന്നു."

അൽപം നിറുത്തിയിട്ട് അവർ തുടർന്നു: "രജനിക്കു അടുക്കളയിൽ പിടിപ്പതു പണിയായിരിക്കും... എല്ലാം ഒറ്റയ്ക്കുതന്നെ ചെയ്യേണ്ടെ."

അപ്പോഴാണ് വീട്ടിലെ ജോലിക്ക് സഹായത്തിനായി ഒരാളുടെ കാര്യം രജനി പറഞ്ഞത് ഞാനോർത്തത്. ഞാനക്കാര്യം പറയണമൊ എന്നു സംശയിച്ചു. ഒടുവിൽ ഞാൻ പറഞ്ഞു: "സഹായത്തിനാരെയെങ്കിലും കിട്ടിയാൽ രജനിക്കൊരാശ്വാസമായിരുന്നേനെ."

മറുപടി പറഞ്ഞത് സോമശേഖരനായിരുന്നു. അയാൾ പറഞ്ഞു: "ഇവിടെയടുത്തുള്ള സ്ത്രീയാണ്, അവർക്ക് മറ്റെവിടെയെങ്കിലും കൂടി കിട്ടിയാൽ കൊള്ളാമെന്നു പറയുന്നുണ്ടായിരുന്നു."

സോമശേഖരൻ സരോജത്തിൻെറ മുഖത്തേക്കു നോക്കി. സരോജത്തിൻെറ മുഖത്തെ പ്രശാന്തത നഷ്ടപ്പെട്ടിരുന്നു. അവർ പറഞ്ഞു: "ഇല്ലില്ല. അവൾക്കതിലൊന്നും താൽപര്യമില്ല. ഇവിടെത്തന്നെ വരുന്നു എന്നു മാത്രം."

അവർ സോമശേഖരനെ വല്ലാത്തൊരു നോട്ടം നോക്കിയിട്ട് അകത്തേക്കു പോയി. ഞാൻ തിരികെപോകാൻ തുടങ്ങുകയായിരുന്നു. അയാൾ പറഞ്ഞു: "പത്രം ആവശ്യമുണ്ടെങ്കിൽ പത്രക്കാരൻ വരുമ്പോൾ പറയാം."

പത്രം വേണമെന്നോ വേണ്ടായെന്നോ ഞാൻ പറഞ്ഞില്ല. "ഞാൻ ഇറങ്ങട്ടെ" എന്നു പറഞ്ഞ് തിരിഞ്ഞു നോക്കിയത് പത്രം ഇടുന്ന പയ്യനെയാണ്. ഞാൻ വല്ലാത്ത ചമ്മലോടെ സോമശേഖരനെ നോക്കി. പത്രമിടുന്ന പയ്യനോട് എൻെറ വീട് കാണിച്ചു കൊടുത്ത് എനിക്കു കൂടി പത്രമിടുന്ന കാര്യം ഏർപ്പാടാക്കി.

വീട്ടിലെത്തിയതും രജനി പറഞ്ഞു: "മുറിയെല്ലാം ആകെ അലങ്കോലപ്പെട്ടു കിടക്കുന്നു. ഒരുപാടു വസത്രങ്ങൾ അലക്കാനുമുണ്ട്. ഒരാളെ കിട്ടിയതു ഭാഗ്യമായി. ഇന്നു വരുമെന്നു പറഞ്ഞിരുന്നു..."

രജനി തുടർന്നു "സരോജത്തിൻെറ വീട്ടിൽ ജോലിക്കായി പോകുന്നവരാണ്. അവർ ഇന്നലെ സരോജത്തിൻെറ വീട്ടിൽ നിന്നും നേരെ ഇങ്ങോട്ടാണ് വന്നത്. ആരെയെങ്കിലും ജോലിക്കു വയ്ക്കുന്നുവെങ്കിൽ അവളെ തന്നെ വയ്ക്കണമെന്നു പറഞ്ഞു. തേടിയ വള്ളി കാലിൽ ചുറ്റിയ പോലെയായി." രജനി വളരെ ഉൽസാഹത്തിലായിരുന്നു.

ഞാൻ സ്തംബ്ധനായി നിന്നു പോയി. എനിക്ക് മറിച്ചൊന്നും പറയണമെന്നു തോന്നിയില്ല. നാളെ മുതൽ പത്രം ഇടാൻ ഏർപ്പാടാക്കിയകാര്യം മാത്രം സംസാരത്തിൽ ഒതുക്കി, യാന്ത്രികമായി ഓഫീസിലേക്ക് പോകാനുള്ള ഒരുക്കങ്ങൾ തുടങ്ങി.

---

എസ്. കാച്ചപ്പിള്ളി

# 13

## ദിശ മാറി വീശുന്ന കാറ്റ്

വല്ലാതെ കുടിച്ചിട്ടുണ്ടായിരുന്നു. ഇന്നിനി ഈ അവസ്ഥയിൽ വീട്ടിലേക്കില്ല എന്നു കയ്യൂബ് തീരുമാനിച്ചു. കയ്യിലിരുന്ന എരിഞ്ഞടങ്ങിയ സിഗരറ്റിനെ പഴി പറഞ്ഞ് ഒന്നു കൂടി കിട്ടിയിരുന്നെങ്കിൽ എന്നാശിച്ചു. ഈ രാത്രിയിൽ ഒന്നുപോലും തരപ്പെടുത്താൻ കഴിയില്ല എന്ന കാര്യം തിരിച്ചറിഞ്ഞ് ഒഴിഞ്ഞ കടത്തിണ്ണയുടെ ഓരം ചേർന്നിരുന്നു. കണ്ണിൽ ഉറക്കത്തിൻെറ ആലസ്യം കട്ടപിടിക്കുന്നുണ്ടായിരുന്നു. അറിയാതെ ഉറക്കം കണ്ണുകളെ ഇറുക്കിയടച്ചു. പതിയെ മദ്യത്തിൻെറ ലഹരി തലക്കു ഭാരംകൂട്ടി. തല പയ്യെ ചരിച്ചു തിണ്ണയിൽ തന്നെ കിടന്നു.

പുരാതന കുടുംബത്തിലാണ് കയ്യൂബ് ജനിച്ചത്. പേരു കേട്ട കുടുംബം. എല്ലാം തികഞ്ഞതെന്ന് നാട്ടുകാർ പറഞ്ഞു പ്രചരിപ്പിച്ചു. വിരസമായ അകത്തളത്തിലെ ഏകാന്തത തിരിച്ചറിയാൻ അവർക്കാകുമായിരുന്നില്ല. അച്ഛൻെറ പിടിവാശിയും അമ്മയുടെ നിസ്സഹായതയും കയ്യൂബിൻെറ ഏകാന്തതക്ക് കൂടുതൽ വളക്കൂറ് നൽകി. വല്ലപ്പോഴുമൊക്കെ കയ്യൂബിൻെറ പഠനത്തിനെപ്പറ്റി തിരക്കുന്ന അച്ഛൻ കയ്യൂബിൻെറ പഠനത്തിലെ മികവ് കണ്ട് ഉള്ളിൽ അഹ്ളാദിച്ചിരിക്കാം.

രാവേറെ ചെല്ലുന്തോറും കൂട്ടുകാരോടൊത്ത് പൂങ്കാവിലിരുന്നു മദ്യപിക്കുമായിരുന്നു അച്ഛൻ. പതഞ്ഞു പൊങ്ങുന്ന ലഹരിയിൽ കടങ്ങളുടെ അക്കങ്ങൾ പെരുകുന്നു ണ്ടായിരുന്നു. ചില ദിവസങ്ങളിൽ രാത്രിയിൽ അച്ഛൻ മറ്റെവിടെയൊക്കെയൊ തങ്ങി. അമ്മ നിശബ്ദമായി തേങ്ങുന്നുണ്ടായിരുന്നു.

---

എസ്. കാച്ചപ്പിള്ളി

അമ്മയുടെ തേങ്ങൽ കയ്യൂബിൻെറ മനസ്സിൽ ഒരു നീറ്റലായി അനുഭവപ്പെട്ടു. അച്ഛൻെറ മനംമാറ്റത്തിനായി അമ്മ പ്രാർത്ഥിക്കുമായിരുന്നു. ഒരിക്കലും തിരിച്ചു കിട്ടാത്ത വിധം അച്ഛൻ മാറിപ്പോയിരുന്നു.

വളരെ വെട്ടെന്നാണ് സംഗതികൾ മാറിമറിഞ്ഞത്. പഴയ കൂട്ടുകാരുടെ വരവു കുറഞ്ഞു. വീട്ടുകാര്യങ്ങളിലൊന്നും അച്ഛനു ശ്രദ്ധയില്ലാതായി.

അച്ഛൻെറ മാറ്റം കയ്യൂബ് തിരിച്ചറിഞ്ഞു. പല നാളത്തെ തീഷ്ണമായ മനസ്സിൻെറ തയ്യാറെടുപ്പുണ്ടായിരുന്നു. ഒരിക്കലും അച്ഛനുമായി മറുത്തു പറയാൻ അമ്മ സമ്മതിച്ചിരുന്നില്ല. ഇന്നിനി പറയാതെ വയ്യ എന്ന് കയ്യൂബ് തീരുമാനിച്ചു. വല്ലാത്ത മാനസ്സിക സംഘർഷം മനസ്സിൽ വീർപ്പുമുട്ടുണ്ടാക്കി.

ഒരേറ്റുമുട്ടൽ അച്ഛൻ പ്രതീക്ഷിച്ചിരുന്നില്ലെന്നു കയ്യൂബിനു തോന്നി. അദ്ദേഹം താഴേക്കു വരികയായിരുന്നു. കയ്യൂബിൻെറ കാർക്കശ്യ ശബ്ദത്തിനു മുൻവിൽ അച്ഛൻ ആദ്യമായിട്ടായിരിക്കണം തോൽക്കുന്നത്. വല്ലും നഖവും നഷ്ടപ്പെട്ട സിംഹത്തിൻെറ പ്രതീതി തോന്നി അച്ഛനിൽ. അച്ഛൻെറ ശബ്ദം വല്ലാതെ നേർത്തിരിക്കുന്നു. അദ്ദേഹം വളരെ ക്ഷീണിതനായപോലെ തോന്നി. ആ കണ്ണുകളിൽ ചെയ്തുപോയ തെറ്റുകൾക്ക് മാപ്പിരക്കുന്നുണ്ടായിരുന്നു. ഒന്നും പറയാതെ അച്ഛൻ പടിയിറങ്ങുകയായിരുന്നു.

രാവേറെ ചെന്നിട്ടും അച്ഛൻ തിരിച്ചുവന്നില്ല്. ദിനരാത്രങ്ങൾ ഏറെ കഴിഞ്ഞുപോയി. അച്ഛൻ തിരിച്ചുവന്നില്ല. അച്ഛൻ മറ്റൊരു സ്ത്രീയോടൊത്തു താമസമാക്കി. അമ്മയുടെ തേങ്ങൽ ബാക്കിയായി.

ഉണങ്ങാൻ പറ്റാത്തവിധം മനസ്സിൻെറ മുറിവ് ആഴത്തിൽ കട്ടപിടിച്ചു. അമ്മയെ സാന്ത്വനിപ്പിക്കാനാകാത്തവിധം ഇരുവർക്കുമിടയിൽ മൗനം തേങ്ങലായി ബാക്കിനിന്നു.

അച്ഛൻ ഉപേക്ഷിച്ചുപോയ കമ്പനി തുറന്നു പ്രവർത്തിക്കാൻ തന്നെ തീരുമാനിച്ചു. ജീർണ്ണിച്ച് മാറാല പിടിച്ച കമ്പനി തൻെറ ജീവിതംപോലെ താറു മാറായിക്കിടക്കുന്നതായി തോന്നി. മനസ്സിൽ തിരുപ്പിടിച്ച ആത്മബലം മാത്രമെ ഉണ്ടായിരുന്നുള്ളൂ. വളർച്ചയുടെ നാളുകളിൽ ബലംകൊണ്ട ആത്മബലം. അനുഭവപാഠങ്ങൾ അതിനു കൂടുതൽ മിഴിവു നൽകി.

ഇളംകാറ്റ് പയ്യെ വീശുന്നുണ്ടായി. ഇലകൾ കാറ്റത്താടി. ഇളംകാറ്റിൻെറ ശീതളിമ പൂങ്കാവിനു മനോഹാരിത നൽകി. പൂങ്കാവനത്തിലെ കാറ്റിനിപ്പോൾ ലഹരിയുടെ മണമില്ലായിരുന്നു. കാറ്റ് പൂങ്കാവനം കടന്നു പോർട്ടിക്കോവിലേക്കും വീട്ടിനകത്തേക്കും വീശാൻ അധികസമയം വേണ്ടി വന്നില്ല.

കയ്യൂബ് കമ്പനി കാര്യങ്ങൾക്കായി തിരക്കിലായിരിക്കും. മനപ്പൂർവ്വം അച്ഛനെപ്പറ്റിയുള്ള ഓർമ്മകൾ കടന്നുവരാതിരിക്കാൻ ശ്രദ്ധിച്ചു. അച്ഛൻ മറ്റൊരു സ്ത്രീയുടെ അട്ടും തുപ്പുമേറ്റു വല്ലാതെ ക്ഷീണിച്ചിരിക്കുന്നു എന്നറിഞ്ഞതിൽ കയ്യൂബിന് വല്ലാത്ത ആനന്ദം തോന്നി.

---

എസ്. കാച്ചപ്പിള്ളി

കമ്പനിയിലെ തിരക്കു കൂടിക്കൊണ്ടിരുന്നു. ഒരു സെക്രട്ടറിയെ നിയമിക്കാൻ തീരു മാനിച്ചതും ഒരു വനിതയെ തന്നെ സെക്രട്ടറിയാക്കി നിയമിക്കാൻ തീരുമാനിച്ചതും കയ്യൂബ് തന്നെയാണ്. സ്ത്രീകളോടുള്ള കയ്യൂബിൻെറ എതിർപ്പ് മഞ്ഞുകണം പോലെ ഉരുകുകയായിരുന്നു.

സെക്രട്ടറിയോടു കൂടുതൽ ആകർഷണം കയ്യൂബിനു തോന്നി. സരികയോടു തോന്നിയ ആകർഷണത്തിനു മറ്റൊരു പ്രത്യേകതയും കയ്യൂബ് കണ്ടിരുന്നില്ല. അവളുടെ സംസാരം കേട്ടിരിക്കാനും തൻെറ കാര്യങ്ങൾ അവളോടു പറയാനും സമയം കണ്ടെത്താൻ ശ്രമിച്ചു. അവളുടെ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും പണമായി പരിഹരിക്കാൻ ശ്രമമാരംഭിച്ചു. ബാങ്കിലെ പണമിടപാടുകൾക്കുള്ള ഒപ്പിട്ട ബ്ലാങ്ക് ചെക്കുകളും സരികയെ ഏൽപ്പിക്കാൻ കയ്യൂബിനു മടി തോന്നിയില്ല.

കാറ്റു ദിശമാറി വീശാൻ തുടങ്ങിയിരുന്നു. കാറ്റ് പോർട്ടിക്കോവഴി പൂങ്കാവനത്തിലേക്ക് തിരിച്ചുവീശുന്നുണ്ടായിരുന്നു. കാറ്റിൻെറ ദിശ മാറിയതു കയ്യൂബ് അറിഞ്ഞിരുന്നില്ല. സരിക ഓഫീസിൽ വരുന്നില്ലെന്നറിഞ്ഞിട്ടും പ്രത്യേകതയൊന്നും കയ്യൂബിനു തോന്നിയില്ല.

മരങ്ങളുടെ ചില്ലകൾക്ക് പിടിച്ചു നിൽക്കാനാവാത്ത വിധം കാറ്റിനു വേഗത കൂടിയിരുന്നു. പൂങ്കാവനമാകെ തണൽ വിരിച്ചുനിന്ന വലിയ ആൽമരം പിടിച്ചു നിൽക്കാനാവാതെ നിലംപതിച്ചു.

ബാങ്കിലേക്ക് പോയ ഓഫീസ് ബോയ് തിരിച്ചുവന്നപ്പോഴാണ് ബാങ്കിൽ ബാലൻസില്ല എന്നു കയ്യൂബ് അറിയുന്നത്. ബാങ്ക് മാനേജരെ വിളിച്ച് കാര്യം തിരക്കിയപ്പോൾ ഓഫീസ് ബോയ് വശം സ്റ്റേറ്റ്മെൻറും കൊടുത്തുവിട്ടു. അടുത്തടുത്തായി പലപ്രാവശ്യം വൻതുകകൾ പിൻവലിച്ചതായി കയ്യൂബിനു മനസ്സിലായി.

കയ്യൂബിന് കാൽചുവട്ടിലെ മണ്ണു ചുട്ടുപൊള്ളുന്നതുപോലെ തോന്നി. സരികയുടെ വീടുതേടി പോകുമ്പോഴും കയ്യൂബിനു പ്രതീക്ഷ നശിച്ചിട്ടില്ലായിരുന്നു. മേൽവിലാസം തേടി കയ്യൂബ് വണ്ടി നിറുത്തുമ്പോൾ അവിടെ അച്ഛൻെറ എല്ലരിച്ച ശരീരം അകലേക്കു കണ്ണുംനട്ടിരിക്കുന്നു. മേൽവിലാസം തെറ്റിയോ എന്ന ശങ്ക തോന്നിയ കയ്യൂബ് അടുത്തുള്ള കടയിൽ കയറി തിരക്കി. അച്ഛൻെറയും സരികയുടേയും മേൽവിലാസം ഒന്നുതന്നെയായിരുന്നു. അച്ഛൻെറ വഴിയേയായിരുന്നു താനും എന്ന തിരിച്ചറിവ് കയ്യൂബിനു പുതിയതായിരുന്നു.

കാറിൻെറ വേഗത കൂട്ടി മടങ്ങുമ്പോൾ തല പെരുക്കുന്നതുപോലെ തോന്നി. ബാറിൻെറ നിറംപിടിച്ച ബോർഡ് കണ്ടിടത്ത് കാർ നിറുത്തി മതിയാവോളം മദ്യം അകത്താക്കി അലക്ഷ്യമായി നടന്നു. കടത്തിണ്ണയിൽ എത്തിയതും കണ്ണുകൾക്ക് ബലംകൂടി കിടന്നുറങ്ങിയതും ഒന്നും കയ്യൂബ് അറിയുന്നുണ്ടായിരുന്നില്ല.

---

എസ്. കാച്ചപ്പിള്ളി



# ഒരു ബുദ്ധിജീവിയും കുറെ അനുയായികളും

വളരെ അവിചാരിതമായി, ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന്റെ ഭാഗമായാണ് ശ്രീ. കാച്ചപ്പിള്ളിയുടെ ഈ ചെറുകഥാസമാഹാരം എന്റെ കൈയ്യിലെത്തുന്നത്. ചെറുകഥകൾ ഇഷ്ടമായതുകൊണ്ട് മുഴുവനും വായിക്കുവാൻ തീരുമാനിച്ചു. ഒരു ബുദ്ധിജീവിയും കുറെ അനുയായികളും വായിച്ചു കൊണ്ടി രുന്നപ്പോൾ മനസ്സിൽ തെളിഞ്ഞത് നമ്മുടെ ചുറ്റുപാടും നമ്മൾ കണ്ടുകൊണ്ടിരിക്കുന്ന നമ്മൾക്ക് വളരെ പരിചിതരായ മണിക്കുട്ടന്മാരേയും കൃഷ്ണ സേനന്മാരേയും ആയിരുന്നു. ഓരോ ചെറുകഥയും വ്യത്യസ്ഥങ്ങളായ ചിത്രങ്ങളായാണ് നമ്മുടെ മുമ്പി ലെത്തുന്നത്. പ്ലാസ്റ്റിക് കൂടകൾക്കിടയിലെ പാവ, വിനിമയനിരക്കുകളുടെ ലോകം തുടങ്ങി 13 ചെറുകഥകളാണ് ഈ സമാഹാരത്തിലുള്ളത്. ഓരോന്നു വായിക്കുമ്പോഴും അടുത്തത് വായിക്കുവാനുള്ള താല്പര്യം നമ്മളിലുണർത്തുന്നു എന്നതാണ് ഈ സമാഹാരത്തിന്റെ പ്രത്യേകത.

ലളിതമായ സാധാരണക്കാരനെ ആകർഷിക്കുന്ന കഥനരീതി, കൃത്യമായ ക്യാരക്ടറൈസേഷൻ, ശുദ്ധമായ ഭാഷ ഇങ്ങനെ ഒത്തിരി ആകർഷണങ്ങൾ ഈ സമാഹാരത്തിനുണ്ട്.

ഡോ. എൻ. ചന്ദ്രമോഹനകുമാർ
രജിസ്ട്രാർ
കൊച്ചിൻ യൂണിവേഴ്സിറ്റി

കൊച്ചി
28.05.2009

വില : 30 രൂപ

വിതരണം: സംസ്ക്കാര, കൊച്ചി-682 509
Tel : 9446459784